# Trichur Archdiocesan Bulletin

ഫെബ്രുവരി 2019
വാല്യം: 86 ലക്കം: 02
ESTD:1934



ലൂക്കാ 21:1 -4 (വിധവയുടെ കാണിക്ക)

Estd. 1887
ARCHDIOCESE OF TRICHUR

TAB

തൃശ്ശൂർ അതിരൂപതയിൽ
നിന്നുള്ള

# നവവൈദികർ

ആശംസകൾ...



**Rev. Fr. Arakkal Joseph**
(Palakkad) Manalur East



**Rev. Fr. Athiyunthan Dixon CMI** Thalore



**Rev. Fr. Chalissery Naveen CMI** Perinchery



**Rev. Fr. Cheruvathoor Jithin**
(Palakkad) Arimpur



**Rev. Fr. Chevidan Davis CMI**
Pudukkad



**Rev. Fr. Chungath Dhanoop**
(Kalyan) Kannamkulangara



**Rev. Fr. Kanjiraparambil Fibin**
(Kalyan) Mundur



**Rev. Fr. Kattilapidika Diyons OFM Cap**. Mannampetta



**Rev. Fr. Kombara Midhul**
(Palakkad) Olarikkara



**Rev. Fr. Kozhaliparambil Eljo CMI** Pudukkad



**Rev. Fr. Madamby Dinu CMI**
Pududkkad



Trichur Archdiocesan Bulletin TAB


**ഫെബ്രുവരി 2019**

ലക്കം: 02 വാല്യം: 86


Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*


*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| മാർപാപ്പായുടെ സന്ദേശം | 4 |
| സർക്കുലർ | 12 |
| കച്ചേരിക്കാര്യം | 17 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 21 |
| സഹായമെത്രാന്റെ പരിപാടികൾ | 23 |
| നാളാഗമം | 25 |
| നാമകരണ നടപടികൾ | 35 |
| സാമ്പത്തിക കാര്യാലയം | 37 |
| വൈദികർ | 38 |
| സന്യസ്തർ | 40 |
| അതിരൂപത തീർത്ഥകേന്ദ്രം | 43 |
| മതബോധനം | 45 |
| സ്ഥാപനങ്ങൾ | 53 |
| സംഘടനകൾ | 76 |

Ref :3166/K-5/KCBC/OL/DS
22.12.2018

# 52-ാം ലോക സമാധാന ദിനാചരണം

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

**1 ജനുവരി 2019**



*നല്ല രാഷ്ട്രീയം സമാധാനസേവനത്തിനുള്ളത്*

**1. ഈ ഭവനത്തിനു സമാധാനം**

യേശു തന്റെ ശിഷ്യന്മാരെ ദൗത്യവുമായി അയച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: “നിങ്ങൾ ഏതു വീട്ടിൽ പ്രവേശിച്ചാലും ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആശംസിക്കണം. സമാധാനത്തിന്റെ പുത്രൻ അവിടെയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവനിൽ കുടികൊള്ളും. ഇല്ലെങ്കിൽ അതു നിങ്ങളിലേക്കു തിരിച്ചുപോരും” (ലൂക്കാ 10:56).

ക്രിസ്തു ശിഷ്യന്മാരുടെ അതിപ്രധാനമായ ദൗത്യമാണ് സമാധാനം നല്കൽ. മനുഷ്യചരിത്രത്തെ അടയാളപ്പെടുത്തുന്ന ദുരന്തങ്ങൾക്കും അക്രമത്തിനുമിടയിൽ സമാധാനം കാംക്ഷിക്കുന്ന എല്ലാ മനുഷ്യർക്കുമാണ് ആ സമാധാനം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്! യേശു പിറന്ന ‘വീട്’ നാനാത്വവും ചരിത്രവൈവിധ്യവുംപേറുന്ന ഓരോ കുടുംബവും സമൂഹവും രാജ്യവും ഭൂഖണ്ഡവുമാണ്. ഒന്നാമതായും സുപ്രധാനമായും അത്

വ്യത്യാസമോ വേർതിരിവോ കൂടാതെ ഓരോ വ്യക്തിയുമാണ്. സംരക്ഷിക്കാനും പരിപോഷിപ്പിക്കാനുമായി ദൈവം നമ്മെ ഭരമേല്പിച്ചിട്ടുള്ള നമ്മുടെ 'പൊതുഭവനനമായ ലോകം കൂടിയാണത്. അതിനാൽ പുതുവത്സരാരംഭത്തിൽ എന്റെ ആശംസ ഇതാണ്: "ഈ വീടിന് സമാധാനം!"

**2. നല്ല രാഷ്ട്രീയം നേരിടുന്ന വെല്ലുവിളി**

ചാൾസ് പെഗ്വി എന്ന കവി വർണിച്ച പ്രത്യാശപോലെയാണ് സമാധാനം.[2] അക്രമത്തിന്റെ കല്ലുനിറഞ്ഞ ഭൂമിയിൽ വിടരാൻ കഷ്ടപ്പെടുന്ന മൃദുലമായ പുഷ്പം പോലെയാണത്. അധികാരത്തിനുവേണ്ടിയുള്ള ദാഹം ദുരുപയോഗത്തിലേക്കും അനീതിയിലേക്കും നയിക്കുന്നു. രാഷ്ട്രീയമെന്നത് മനുഷ്യസമൂഹത്തെയും സ്ഥാപനങ്ങളെയും പണിതുയർത്താനുള്ള അടിസ്ഥാനപരമായ മാർഗമാണ്. എന്നാൽ മുഴുവൻ സമൂഹത്തിനുവേണ്ടിയുള്ള സേവനത്തിന്റെ ഒരു രൂപമായി രാഷ്ട്രീയത്തെ കാണാതിരിക്കുമ്പോൾ അത് മർദനത്തിന്റെയും പാർശ്വവത്കരണത്തിന്റെയും നശിപ്പിക്കലിന്റെയും ഒരു മാർഗമായിത്തീരാം.

യേശു നമ്മോട് ഇങ്ങനെ പറയുന്നു: "ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനും ആകണം" (മർക്കോ 9:35). പോൾ ആറാമൻ മാർപാപ്പായുടെ വാക്കുകളിൽ പറഞ്ഞാൽ "രാഷ്ട്രീയത്തെ അതിന്റെ എല്ലാതലങ്ങളിലും – പ്രാദേശികമായും, ദേശീയമായും, ലോകവ്യാപകമായും – ഗൗരവത്തോടെ പരിഗണിക്കുക എന്നത് ഓരോ വ്യക്തിക്കുമുള്ള ഒരു കടമ ഉറപ്പിച്ചു പറയുകയെന്നതാണ്. നഗരത്തിനും ദേശത്തിനും മുഴുവൻ മനുഷ്യവംശത്തിനുമുള്ള നന്മയ്ക്കായി ഒരേ സമയം പ്രവർത്തിക്കുവാൻ നല്കപ്പെട്ട സ്വാതന്ത്ര്യത്തിന്റെ യാഥാർത്ഥ്യവും മൂല്യവും അംഗീകരിക്കുക എന്നതാണ് ആ കടമ."[3] തന്റെ രാജ്യത്ത് ജീവിക്കുന്നവരെ സംരക്ഷിക്കാനും അവർക്ക് യോഗ്യവും നീതിപൂർവകവുമായ ഭാവിക്കുള്ള അന്തരീക്ഷം സൃഷ്ടിക്കാനും എല്ലാ പരിശ്രമവും ചെയ്യുക എന്ന വെല്ലുവിളിയാണ് രാഷ്ട്രീയ ധർമവും രാഷ്ട്രീയ ഉത്തരവാദിത്വവും ഒരു രാഷ്ട്രീയക്കാരന് നിരന്തരം വച്ചു നീട്ടുന്നത്. ജീവനോടും വ്യക്തി

കളുടെ സ്വാതന്ത്ര്യത്തോടും മഹത്ത്വത്തോടു മുള്ള മൗലികമായ ആദരവോടെ പ്രവർത്തിച്ചാൽ രാഷ്ട്രീയ ജീവിതം യഥാർത്ഥത്തിൽ പരസ്നേ ഹത്തിന്റെ ശ്രദ്ധേയമായ ഒരു രൂപമായി മാറും.

**3. പരസ്നേഹവും മാനുഷിക സദ്ഗുണ ങ്ങളും: രാഷ്ട്രീയത്തിന്റെ അടിസ്ഥാനം.**

ബെനഡിക്ട് പതിനാറാമൻ പാപ്പ എഴുതി: തന്റെ വിളിയനുസരിച്ചും നാട്ടിൽ ('പോളീസ്') തനിക്കുള്ള സ്വാധീനത്തിന്റെ തോതനുസരിച്ചും പരസ്നേഹം ആചരി ക്കാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നു... പര സ്നേഹത്താൽ സജീവമാക്കപ്പെടുമ്പോൾ പൊതുനന്മയ്ക്കു വേണ്ടിയുള്ള സമർപ്പണത്തിന് സെക്കുലറും രാഷ്ട്രീയവു മായ നിലപാടിനെക്കാൾ കൂടുതൽ മൂല്യമുണ്ടാകും. മനു ഷ്യന്റെ ഭൗമികമായ പ്രവർത്തനം പരസ്നേഹത്താൽ പ്രചോദിതവും നിലനില്ക്കുന്നതുമാകുമ്പോൾ സാർവത്രി കമായ ദൈവിക നഗരത്തിന്റെ നിർമാണത്തിന് അത് സഹാ യകമാകും. മനുഷ്യകുടംബത്തിന്റെ ചരിത്രത്തിനുള്ള ലക്ഷ്യം അതാണല്ലോ."[4] മനുഷ്യകുടുംബത്തിന്റെ നന്മയ്ക്കു വേണ്ടി ഒന്നിച്ചു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ശരിയായ എല്ലാ രാഷ്ട്രീയ പ്രവർത്തനത്തെയും നിലനി റുത്തുന്ന നീതി, സമത്വം, പരസ്പരബഹുമാനം, ആത്മാർത്ഥത, സത്യസന്ധത, വിശ്വസ്തത എന്നീ മാനു ഷികഗുണങ്ങൾ അഭ്യസിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ എല്ലാ രാഷ്ട്രീയ പ്രവർത്തകർക്കും അവർ ഏതുസംസ്കാ രവും മതവും ഉള്ളവരായാലും അംഗീകരിക്കാൻ കഴിയുന്ന ഒരു പ്രോഗ്രാമാണിത്.

ഇതിനെ സംബന്ധിച്ചിടത്തോളം വിയറ്റ്നാമിലെ കർദിനാ ളായ ഫ്രാൻസ്വാ സേവ്യർ നുഗൂയൻ വാൻ ത്വാൻ നിർദേ ശിച്ച 'രാഷ്ട്രീയ പ്രവർത്തകന്റെ സൗഭാഗ്യങ്ങൾ' ഓർമി ക്കുന്നത് സഹായകരമായിരിക്കും. 2002–ൽ അന്തരിച്ച വിശ്വ സ്തനായ സുവിശേഷസാക്ഷിയാണദ്ദേഹം. അദ്ദേഹ ത്തിന്റെ നിർദേശങ്ങൾ ഇങ്ങനെയാണ്: തന്റെ ധർമത്തെപ്പറ്റി ഉന്നതമായ ബോധവും അഗാധമായ ധാരണയുമുള്ള രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!

വ്യക്തിപരമായി വിശ്വസ്തതയ്ക്ക് മാതൃകയായിരിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! സ്വന്തം താത്പര്യത്തിനല്ലാതെ പൊതുനന്മയ്ക്കുവേണ്ടി

പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! സ്ഥിരതയുള്ള രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! ഐക്യത്തിനുവേണ്ടി അധ്വാനിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! മൗലികമായ പരിവർത്തനം പൂർത്തിയാക്കാൻ അധ്വാനിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! മറ്റുള്ളവരെ കേൾക്കാൻ കഴിവുള്ള രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ! ഭയമില്ലാത്ത രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ![5]

ഓരോ തെരഞ്ഞെടുപ്പും വീണ്ടും തെരഞ്ഞെടുപ്പും പൊതുജീവിതത്തിന്റെ ഓരോ ഘട്ടവും നീതിയെയും നിയമത്തെയും പ്രചോദിപ്പിക്കുന്ന ആദർശത്തിന്റെ പ്രാഗരൂപത്തിലേക്ക് തിരിച്ചുപോകാനുള്ള സന്ദർഭമാണ്. ഒരു കാര്യം തീർച്ചയാണ്: നല്ല രാഷ്ട്രീയം സമാധാനത്തിന്റെ സേവനത്തിലാണ്. അത് മൗലികമായ മനുഷ്യാവകാശങ്ങളെ ആദരിക്കുകയും വളർത്തുകയും ചെയ്യും. അതേസമയം, വർത്തമാന–ഭാവി തലമുറകൾക്കിടയിൽ ഉണ്ടാകേണ്ട വിശ്വാസത്തിന്റെയും കൃതജ്ഞതയുടെയും ഒരു ബന്ധം സാധ്യമാക്കുന്ന പരസ്പര കടമകളും കൂടിയാണവ.

**4. രാഷ്ട്രീയമായ ദുർഗുണങ്ങൾ**

രാഷ്ട്രീയത്തിന് സദ്ഗുണങ്ങളോടൊപ്പം ദുർഗുണങ്ങളും ഉണ്ടെന്ന് ദുഃഖപൂർവം പറയേണ്ടിയിരിക്കുന്നു. ദുർഗുണങ്ങൾ ഉണ്ടാകുന്നത് വ്യക്തിപരമായ കഴിവുകുറവുകൊണ്ടോ, വ്യവസ്ഥിതിയുടെയും അതിന്റെ സ്ഥാപനങ്ങളുടെയും വീഴ്ചകൾകൊണ്ടോ ആണ്. ഈ ദുർഗുണങ്ങൾ മുഴുവൻ രാഷ്ട്രീയജീവിതത്തിന്റെയും വിശ്വാസ്യതയെ തകർക്കുന്നു. അതിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ തീരുമാനങ്ങളെയും പ്രവർത്തനങ്ങളെയും ദുഷിപ്പിക്കുന്നു. യഥാർത്ഥ ജനാധിപത്യത്തിന്റെ ആദർശത്തെ ഈ ദുർഗുണങ്ങൾ നശിപ്പിക്കുന്നു; പൊതുജീവിതത്തെ ദ്രോഹിക്കുന്നു; സാമൂഹികമായ ഐക്യത്തെ ഭീഷണിപ്പെടുത്തുന്നു. വിവിധ രൂപങ്ങളിലുള്ള അഴിമതിയെപ്പറ്റി നാം ഇവിടെ ചിന്തിക്കുന്നു: പൊതുവസ്തുക്കളുടെ കൈയടക്കൽ, വ്യക്തി ചൂഷണം, അവകാശ ലംഘനം, സമൂഹനിയമങ്ങളെ തകർക്കൽ, സത്യസന്ധതയില്ലാതെ ഉണ്ടാക്കുന്ന ലാഭം, ബലപ്രയോഗംകൊണ്ടോ ദേശീയതാത്പര്യം എന്ന പേരിലോ അധികാരത്തെ നീതീകരിക്കൽ, അധികാരം വിട്ടുകൊടുക്കാൻ വിസമ്മതിക്കൽ. ഇവയോട് വിദേശീഭയം,, വർഗീയവാദം, പരിസ്ഥിതി പരിഗണിക്കാതിരിക്കൽ, പെട്ടെന്ന് ലാഭം ഉണ്ടാക്കാൻവേണ്ടി പ്രകൃതി വിഭവങ്ങളെ കൊള്ളയടിക്കൽ, വിപ്രവാസത്തിന് നിർബന്ധിക്കപ്പെട്ടവരോടുള്ള അവജ്ഞ എന്നിവ കൂടി കൂട്ടി

ച്ചേർക്കണം.

5. **നല്ല രാഷ്ട്രീയം യുവജനപങ്കാളിത്തവും അപരരിലുള്ള വിശ്വാസവും വളർത്തുന്നു.**

രാഷ്ട്രീയ അധികാരം സവിശേഷാനുകൂല്യമുള്ള ചില വ്യക്തികളുടെ താത്പര്യങ്ങളെ മാത്രം സംരക്ഷിക്കാൻ ഉപയോഗിക്കുമ്പോൾ ഭാവി ഇരുളടയുന്നു. യുവജനങ്ങൾക്ക് ആത്മവിശ്വാസം ഇല്ലാതാകുന്നു. കാരണം, സമൂഹത്തിന്റെ അരികുകളിലാക്കപ്പെട്ടിരിക്കുന്നതിനാൽ ഭാവിയെ പടുത്തുയർത്താൻ സഹായിക്കാനുള്ള സാധ്യത അവർക്ക് അന്യമാകുന്നു. രാഷ്ട്രീയം യുവജനത്തിന്റെ കഴിവുകളെയും ആഗ്രഹങ്ങളെയും ശരിയായി സംരക്ഷിക്കുമ്പോൾ അവരുടെ വീക്ഷണത്തിലും അവരുടെ മുഖങ്ങളിലും സമാധാനം വളരുന്നു. 'നിന്നെ ഞാൻ വിശ്വാസത്തിലെടുക്കുന്നു, പൊതുനന്മയ്ക്കുവേണ്ടി നമുക്കേവർക്കും ഒന്നിച്ച് അധ്വാനിക്കാമെന്ന് നിന്നോടൊപ്പം ഞാനും വിശ്വസിക്കുന്നു' എന്ന ഒരു ഉറപ്പുനല്കലായി അതു പരിണമിക്കുന്നു. ഓരോ വ്യക്തിയുടെയും ദാനങ്ങളെയും കഴിവുകളെയും അംഗീകരിക്കുമ്പോൾ രാഷ്ട്രീയ പ്രവർത്തനം സമാധാനത്തിന്റെ സേവനത്തിലാകും. "നീട്ടിയ കരത്തെക്കാൾ മനോഹരമായി എന്താണുള്ളത്? നല്കാനും സ്വീകരിക്കാനും വേണ്ടി ദൈവം ഉദ്ദേശിച്ചിട്ടുള്ളതാണത്. അതു കൊല്ലുന്നതോ പീഡിപ്പിക്കുന്നതോ ദൈവം ആഗ്രഹിക്കുന്നില്ല. (cf ഉത്പ 4: 1 ff) മറിച്ച്, അത് ജീവിതത്തിൽ സംരക്ഷണവും സഹായവും നല്കണമെന്നാണ് അവിടന്ന് ഉദ്ദേശിക്കുന്നത്. നമ്മുടെ ഹൃദയത്തോടും ബുദ്ധിശക്തിയോടുമൊപ്പം നമ്മുടെ കരങ്ങൾക്കും സംവാദത്തിനുള്ള മാർഗ്ഗമാകാൻ കഴിയും."[6]

പൊതുഭവനം പണിയുന്നതിന് തന്റെ വക കല്ലു ദാനം ചെയ്യാൻ ഓരോ വ്യക്തിക്കും കഴിയും. നിയമത്തിലും വ്യക്തികൾ തമ്മിലുള്ള സുതാര്യവും ശരിയായതുമായ ബന്ധങ്ങളിലും അടിയുറച്ച സംശുദ്ധമായ രാഷ്ട്രീയ ജീവിതം എപ്പോഴും നവീകരണത്തിന് വിധേയമായിരിക്കും. ഓരോ സ്ത്രീയും പുരുഷനും തലമുറയും ബന്ധസംബന്ധവും ബുദ്ധിപരവും സാംസ്കാരികവും ആധ്യാത്മികവുമായ പുത്തൻ ഊർജ്ജങ്ങൾ ഉൾക്കൊള്ളുന്നെന്ന് നമുക്ക് ബോധ്യപ്പെടുമ്പോളാണ് അത് സംഭവിക്കുന്നത്. ഇത്തരം ഒരു വിശ്വസ്തത നേടുക അത്ര എളുപ്പമല്ല. മാനുഷികബന്ധങ്ങൾ സങ്കീർണമാണ്, പ്രത്യേകിച്ച് നമ്മുടെ കാലഘട്ടത്തിൽ. മറ്റുള്ളവരോട് അല്ലെങ്കിൽ അപരിചിതരോട് ഉള്ള ഭയത്തിൽ സ്വന്തം സുരക്ഷിതത്വത്തെപ്പറ്റിയുള്ള ഉത്കണ്ഠയിൽ വേരുറച്ച വിശ്വാസമില്ലായ്മയുടെ കാലഘട്ടമാണിത്. ആഗോളവ്യ

ാപകമായ സാഹോദര്യത്തെ ചോദ്യം ചെയ്യുന്ന ദേശീയതാവാദത്തിന്റെ രൂപങ്ങളിലും മനോഭാവങ്ങളിലും തള്ളിക്കളയലിന്റെ രാഷ്ട്രീയ തലത്തിൽ അതു കാണുന്നു എന്നത് സങ്കടകരമാണ്. ആഗോള വ്യാപകമായ സാഹോദര്യം ഇന്ന് വളരെ അത്യാവശ്യമാണ്. നമ്മുടെ സമൂഹങ്ങൾക്ക് ഇന്ന് എന്നത്തെക്കാളുപരിയായി "സമാധാനശില്പികളെ" ആവശ്യമുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ നന്മയും സന്തോഷവും ആഗ്രഹിക്കുന്ന ദൈവപിതാവിന്റെ സന്ദേശവാഹകരും യഥാർത്ഥ സാക്ഷികളുമാണവർ.

**6. യുദ്ധവും ഭയപ്പെടുത്തൽ തന്ത്രവും പാടില്ല**

ഒന്നാം ലോകമഹായുദ്ധം അവസാനിച്ചിട്ട് 100 വർഷം കഴിഞ്ഞു. ആ യുദ്ധങ്ങളിൽ കൊല്ലപ്പെട്ട യുവജനങ്ങളെയും വിഭക്തമായ സമൂഹങ്ങളെയും നാം ഓർക്കുമ്പോൾ സഹോദരങ്ങളെ കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നമ്മെ പഠിപ്പിക്കുന്ന ഭീകരമായ പാഠമാണ് നമുക്ക് ലഭിക്കുന്നത്. അധികാരവും ഭയവും തമ്മിലുള്ള സന്തുലിതാവസ്ഥയായിട്ടു മാത്രം സമാധാനത്തെ കരുതാൻ പാടില്ല. മറ്റുള്ളവരെ ഭീഷണിപ്പെടുത്തുകയെന്നത് അവരെ വസ്തുക്കളായി കരുതുകയും അവരുടെ മഹത്വം നിഷേധിക്കുകയും ചെയ്യുന്നതിന് തുല്യമാണ്. അതുകൊണ്ടാണ് ഭയപ്പെടുത്തലും അനിയന്ത്രിതമായ യുദ്ധോപകരണ ശേഖരണവും ധാർമ്മികതയ്ക്കും സമാധാനത്തിനുള്ള അന്വേഷണത്തിനും എതിരാണെന്ന് നാം ഒരിക്കൽ കൂടി പറയുന്നത്. ഏറ്റവും ദുർബലരായവരെ ഭീഷണിപ്പെടുത്തൽ, മുഴുവൻ ജനതകളുടെയും നാടുവിടലിന് കാരണമായിത്തീരും. അവർ സമാധാനമുള്ള സ്ഥാനം അന്വേഷിക്കും. എല്ലാ കുറ്റവും കുടിയേറ്റക്കാരുടെ മേൽ ആരോപിക്കുന്നതും ദരിദ്രർക്ക് പ്രത്യാശ ഇല്ലാതാക്കുന്നതുമായ രാഷ്ട്രീയ പ്രഭാഷണങ്ങൾ ശരിയല്ല. മറിച്ച്, ഓരോ വ്യക്തിയോടുമുള്ള – അവരുടെ പശ്ചാത്തലം ഏതായാലും – ആദരത്തിലും നിയമത്തോടും പൊതു നന്മയോടുമുള്ള ആദരത്തിലും നമ്മുടെ സംരക്ഷണത്തിന് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന പരിസ്ഥിതിയോടും മുൻതലമുറകളിൽ നിന്ന് കൈമാറിക്കിട്ടിയിട്ടുള്ള ധാർമിക പാരമ്പര്യ സമ്പന്നതയോടുമുള്ള ആദരത്തിലുമാണ് സമാധാനം സ്ഥാപിതമായിരിക്കുന്നതെന്ന് ഊന്നിപ്പറയേണ്ട ആവശ്യം ഇന്നുണ്ട്.

സംഘർഷ പ്രദേശങ്ങളിൽ ജീവിക്കുന്ന കുട്ടികളെയും ജീവൻ സംരക്ഷിക്കാനും അവകാശങ്ങൾ സംരക്ഷിക്കാനും വേണ്ടി അധ്വാനിക്കുന്നവരെയും ഞാൻ പ്രത്യേകമായി ഓർക്കുന്നു. നമ്മുടെ ലോകത്തിൽ ആറ് കുട്ടികളിലൊരാൾ വീതം യുദ്ധത്തിന്റെ അക്രമത്തിനും

അതിന്റെ അനന്തരഫല ങ്ങൾക്കും ഇരയായിരിക്കുന്നു. അവരെ പട്ടാളക്കാരായി ചേർത്തി ട്ടില്ലെങ്കിലും പട്ടാളക്കാർ തടങ്കലി ലാക്കിയിട്ടില്ലെങ്കിലും ഇതുതന്നെ യാണ് അവസ്ഥ! അവരെയും അവരുടെ മഹത്ത്വത്തെയും പരി രക്ഷിക്കാൻ അധ്വാനിക്കുന്നവർ നല്കുന്ന സാക്ഷ്യം മനുഷ്യവം ശത്തിന്റെ ഭാവിയെ സംബന്ധിച്ചി ടത്തോളം അമൂല്യമായിരിക്കും.

**7. മഹത്തായ ഒരു സമാധാന പദ്ധതി**

മനുഷ്യാവകാശത്തിന്റെ സാർവ്വ ത്രിക പ്രഖ്യാപനത്തിന്റെ എഴു പതാം വാർഷികം നാം ഈ ദിവ സങ്ങളിൽ ആഘോഷിക്കുന്നു. രണ്ടാം ലോക മഹായുദ്ധാനന്ത രമാണത് സംഭവിച്ചത്. ഈ സാഹചര്യത്തിൽ ജോൺ ഇരുപ ത്തിമൂന്നാമൻ മാർപാപ്പായുടെ നിരീക്ഷണം നമുക്ക് ഓർമ്മി ക്കാം: " സ്വന്തം അവകാശങ്ങളെ ക്കുറിച്ചുള്ള മനുഷ്യന്റെ ബോധം സ്വന്തം കടമകളുടെ നവീകരണ ത്തിലേക്ക് അവനെ നയിക്കാതി രിക്കരുത്. അവകാശങ്ങൾ ഉണ്ടാ യിരിക്കുകയെന്നത് ആ അവകാ ശങ്ങളെ നിറവേറ്റുകയെന്ന കടമകൂടി ഉൾക്കൊള്ളുന്നുണ്ട്. എന്തെന്നാൽ അവ മനുഷ്യന്റെ വ്യക്തിപരമായ മഹത്വത്തിന്റേ താണ്. അവകാശങ്ങൾ ഉണ്ടായി രിക്കുകയെന്നതിൽ മറ്റുള്ളവർ അവ അംഗീകരിക്കുകയും ആദ രിക്കുകയും ചെയ്യുക എന്നത് ഉൾക്കൊള്ളുന്നുണ്ട്"[7]

ഫലത്തിൽ മനുഷ്യരുടെ പരസ്പ ര ഉത്തരവാദിത്വത്തിലും പര സ്പര ആശ്രയത്തിലും അധിഷ്ഠിതമായ മഹത്തായ രാഷ്ട്രീയ പദ്ധതിയുടെ ഫല മാണ് സമാധാനം. എന്നാൽ അതൊരു വെല്ലുവിളി കൂടിയാണ്. അതാകട്ടെ എന്നും പുതുതായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അതിനു ഹൃദയത്തിന്റെയും ആത്മാവിന്റെയും മാനസാന്തരം ആവശ്യമാണ്. അത് ഒരേ സമയം ആന്തരികവും ബാഹ്യവു മാണ്. അതിന് വേർതിരിക്കാനാ വാത്ത മൂന്നു വശങ്ങളുണ്ട്:

☛ മയമില്ലായ്മയെയും കോപത്തെയും ക്ഷമയില്ലായ്മ യെയും തള്ളിക്കളഞ്ഞുകൊണ്ട് തന്നോടു തന്നെ സമാധാനത്തി ലായിരിക്കൽ. വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ വാക്കുകളിൽ പറഞ്ഞാൽ "മറ്റു ള്ളവർക്കു അല്പം മാധുര്യം നല്കുന്നതിന്" തന്നോടു തന്നെ "അല്പം മാധുര്യമുള്ളവനായിരി ക്കുക"

☛ മറ്റുള്ളവരുമായി, കുടും ബാംഗങ്ങൾ, സുഹൃത്തുക്കൾ, അപരിചിതർ, ദരിദ്രരും പീഡിത രുമായവർ എന്നിവരുമായി, സമാ ധാനത്തിൽ കഴിയുക. അവരെ കണ്ടുമുട്ടുന്നതിൽ ഭയപ്പെടാ തെയും അവർക്കു പറയാനു ള്ളതു ശ്രവിച്ചും അങ്ങനെ ചെയ്യു ക.

☛ എല്ലാ സൃഷ്ടികളുമായി സമാധാനത്തിൽ കഴിയുക. ദൈവികദാനത്തിന്റെ മഹത്ത്വം

വീണ്ടും കണ്ടെത്തണം. ഈ ലോകത്തിലെ നിവാസികളും പൗരന്മാരും ഭാവിയുടെ നിർമ്മാതാക്കളുമെന്ന നിലയിൽ നമുക്കുള്ള വ്യക്തിപരവും പങ്കുവയ്ക്കപ്പെടുന്നതുമായ ഉത്തരവാദിത്വത്തെ വീണ്ടും കണ്ടെത്തണം.

മനുഷ്യനു മുറിവുണ്ടാക്കാവുന്ന ഓരോ സാഹചര്യത്തെയും കുറിച്ച് അവബോധമുള്ളതും ആഴത്തിൽ ആകുലതയുള്ളതുമായ സമാധാനത്തിന്റെ രാഷ്ട്രീയത്തിന് എപ്പോഴും പ്രചോദനം സ്വീകരിക്കാവുന്നത് മറിയത്തിന്റെ സ്തോത്രഗീതത്തിൽ നിന്നാണ്.. നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ അമ്മയുടെ, സമാധാനത്തിന്റെ രാജ്ഞിയുടെ കീർത്തനമാണത്. അത് മുഴുവൻ മനുഷ്യവംശത്തിന്റെയും നാമത്തിൽ ആലപിക്കപ്പെട്ടതാണ്. "അവിടത്തെ ഭക്തരുടെ മേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയവികാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽ നിന്ന് മറിച്ചിട്ടു. എളിയവരെ ഉയർത്തി...... നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അവന്റെ സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചു തന്നെ" (ലൂക്ക 1: 50–55)

**വത്തിക്കാനിൽ നിന്ന് 8 ഡിസംബർ 2018**

**ഫ്രാൻസിസ് മാർപാപ്പ**

---

## Footnotes

[1] Cf. Lk 2:14: "Glory to God in the highest, and on earth peace among men with whom he is pleased".

[2] Cf. Le Porche du mystère de la deuxième vertu, Paris, 1986.

[3] Apostolic Letter Octogesima Adveniens (14 May 1971), 46.

[4] Encyclical Letter Caritas in Veritate (29 June 2009), 7.

[5] Cf. Address at the "Civitas" Exhibition-Convention in Padua: "30 Giorni", no. 5, 2002.

[6] BENEDICT XVI, Address to the Authorities of Benin, Cotonou, 19 November 2011.

[7] Encyclical Letter Pacem in Terris (11 April 1963), ed. Carlen, 24.

Ref: 3170/K-5/KCBC/
OL/DS

18.1.2019

# 2019 ഫെബ്രുവരി 10 തിരുബാലസഖ്യദിനം

**കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**



യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, വത്സല മക്കളേ,

കഴിഞ്ഞ 175 വർഷങ്ങളായി കുകുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യംവച്ച് ആഗോള കത്തോലിക്കാസഭയിൽ മുഴുവൻ പ്രവർത്തിക്കുന്ന കുകുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843–ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് തിരുബാലസഖ്യം സ്ഥാപിച്ചത്. 1922–ൽ 11–ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950–ൽ 12–ാം പീയൂസ് പാപ്പ തിരുബാല സഖ്യദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2–ാം ഞായറാഴ്ച യാണ് ഭാരതസഭ തിരുബാല സഖ്യദിനമായി ആചരിക്കു

ന്നത്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാല സഖ്യദിനത്തിന്റെ (10.02.2019) എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർത്തുകയെന്നത്, കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നുന്നുവരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്കാ 2:51–52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുക്കുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവഹണത്തിൽ അവരുടെ മാതൃക. ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ ചൈതന്യത്തിൽ ജീവിക്കുകയും സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ ജീവിത മാതൃക കുകുട്ടികളുടെ സമഗ്ര നന്മയ്ക്ക് ഉപകരിക്കും. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ "വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയല്ക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി വീട് തുടരണം" (സ്നേഹത്തിന്റെ ആനന്ദം, 287) ഇന്നത്തെ

ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചുള്ള അപ്പസ്തോലിക ഉദ്ബോധനമായ "ആനന്ദിച്ച് ആഹ്ളാദിക്കുവിൻ" മാതാപിതാക്കളെ ക്ഷണിക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുകുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാനാണ് (14).

കുടുംബാംഗങ്ങളോടുള്ള, പ്രത്യേകമായി മാതാപിതാക്കന്മാരോടുള്ള ഊഷ്മളമായ ബന്ധം കുട്ടികളുടെ വളർച്ചയ്ക്ക് അത്യാവശ്യമാണ്. ചിലപ്പോഴെങ്കിലും ഒരേ വീട്ടിൽ ജീവിക്കുന്നവർ പരസ്പരം സംസാരി ക്കാതെയും ഒരുമിച്ചു പ്രാർത്ഥിക്കാതെയും ഭക്ഷിക്കാതെയും കഴിയുന്നു എന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച് ടി.വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതികതലത്തിൽ കുട്ടികളുടെ ബുദ്ധി വികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗത്തിലൂടെ സ്വന്തം ലോകത്തിലേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ അവർക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന വരുടെയും അത് വില്ക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. കുകുട്ടികൾ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും അവിശുദ്ധ ബന്ധങ്ങളിലേക്ക് കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. കുകുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശബ്ദതകളും തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതരായി നയിക്കാൻ എല്ലാ മാതാപിതാക്കളും ശ്രദ്ധിക്കണം.

ഫ്രാൻസിസ് പാപ്പ മാതാപിതാക്കന്മാരോട് മക്കളെക്കുറിച്ച് ഉന്നയിക്കുന്ന മൂന്ന് ചോദ്യങ്ങൾ ഇവയാണ്: നമ്മുടെ കുകുഞ്ഞുങ്ങൾ എവിടെ ആണെന്നു മനസിലാക്കുവാൻ നാം ശ്രമിക്കുണ്ടോ? അവരുടെ ആത്മാവ് എവിടെയാണെന്ന് നാം ശരിക്കും അറിയുന്നുണ്ടോ? സർവ്വോപരി, അതറിയുവാൻ നാം ആഗ്രഹിക്കുന്നുണ്ടോ? നമ്മുടെ കുകുഞ്ഞുങ്ങൾ ശാരീരികമായി എവിടെയാണെന്നോ ഒരു നിശ്ചിതസമയത്ത് അവർ ആരുടെ കൂടെയാണെന്നോ ഉള്ളതല്ല, മറിച്ച് അവർ നിലപാടുകളിൽ എവിടെയാണെന്നതാണ്, തങ്ങളുടെ ബോധ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സ്വപ്നങ്ങളുടെയും കാര്യത്തിൽ അവർ എവിടെ നില്ക്കുന്നു എന്നതാണ് യഥാർത്ഥ ചോദ്യം (സ്നേഹത്തിന്റെ ആനന്ദം, 261).

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥനയ്ക്കും സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതു കൊണ്ട് പവിത്രമായ കുകുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയ വിനിമയസംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായിക പ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും കുകുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാസരൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളു മായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസ–പൗരോഹിത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ വിശ്വാസ്യത കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുകുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുകുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

“കുട്ടികൾ കുകുട്ടികളെ സഹായിക്കട്ടെ;കുകുട്ടികൾ കുകുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ” എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണത്തിൽ കുകുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിന്ന സാധിക്കുന്നു. നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാല സഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നുനില്ക്കുവാൻ സഹായിക്കും.

ബാലനായ യേശുവിന്റെ ജീവിത ശൈലി ഓരോ കുകുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുകുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുകുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയ കുകുട്ടികളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞാൻ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥനായ പിതാവിന്ഇഷ്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി– 682 025

NB: 2019 ഫെബ്രുവരി 10–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

# കച്ചേരി വാർത്തകൾ

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

ഫെബ്രുവരി 2019

| | | |
|---|---|---|
| 1 | : | ആദ്യവെള്ളി |
| | : | വി. എസ്തപ്പാനോസ് |
| 2 | : | നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം *(പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ)* |
| 3 | : | **ദനഹാ അഞ്ചാം ഞായർ** |
| 4 | : | വി. ജോൺ ബ്രിട്ടോ |
| 10 | : | **ദനഹാ ആറാം ഞായർ** |
| 11 | : | മൂന്നുനോമ്പ് ആരംഭം<br>ലൂർദ്ദ് മാതാവ് (രോഗീദിനം) |
| 17 | : | **ദനഹാ ഏഴാം ഞായർ** |
| 23 | : | വി. പൊലിക്കാർപ്പ് |
| 24 | : | **ദനഹാ എട്ടാം ഞായർ** |
| 25 | : | വാഴ്ത്തപ്പെട്ട സി. റാണി മരിയ |

**2. ഫെബ്രുവരി മാസത്തെ പരിപാടികൾ**

ഫെബ്രുവരി 01 : 07:30 pm സാമ്പത്തിക സമിതിയോഗം

06 : വൈദികസ്ഥലമാറ്റം

19 : 10:00 am സ്ഥലം മാറിയ വൈദികരുടെ യോഗം

21 : 10:00 am അതിരൂപത ആലോചനസമിതിയോഗം

**3. വലിയ നോമ്പ് :**

04.03.2019 : വിഭൂതി തിങ്കൾ: ഉപവാസദിനം

05.03.2019 : വൈദിക മാസധ്യാനം

07.04.2019 : പാലയൂർ മഹാതീർത്ഥാടനം

14.04.2019 : ഓശാന ഞായർ

15.04.2019 : സമർപ്പിത വിശുദ്ധീകരണദിനം–മൂറോൻ കൂദാശ



18.04.2019 : പെസഹാവ്യാഴം

19.04.2019 : പീഡാനുഭവ വെള്ളി: ഉപവാസദിനം

21.04.2019 : ഉയിർപ്പ് തിരുനാൾ

**4. ദൈവദർശൻ ക്യാമ്പുകൾ:**

ഈ വർഷവും വേനലവധി കാലത്ത് അതിരൂപതാവൈദികവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇടവകകളിൽ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ദൈവദർശൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 5 മുതൽ എ.സി.സി. ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയാണ് ക്യാമ്പുകളിൽ പ്രതീക്ഷിക്കുന്നത്. മൂന്നു ദിവസങ്ങളിലായാണ് ക്യാമ്പുകൾ നടക്കുന്നത്. ക്യാമ്പുകൾ യഥാക്രമം തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ആരംഭിക്കുകയും ബുധൻ, ശനി ദിവസങ്ങളിൽ അവസാനിക്കുകയും ചെയ്യും. 2019 ഏപ്രിൽ 1 മുതൽ മെയ് 5 വരെയാണ് (വിശുദ്ധവാരം ഒഴികെ) ക്യാമ്പുകൾ ഇടവകകളിൽ നടത്താൻ സാധിക്കുക. ദൈവദർശൻ ക്യാമ്പ് നടത്താൻ ആഗ്രഹിക്കുന്ന ഇടവകകളിൽ ബഹു. അച്ചന്മാർ മൈനർ സെമിനാരി റെക്ടറച്ചനുമായി ബന്ധപ്പെടേണ്ടതാണ്.

**5. കാരുണ്യനിധി കവർ പിരിവ്:**

കാരുണ്യനിധിയുടെ കവർപിരിവ് നൽകാത്ത ഇടവകകൾ എത്രയും പെട്ടന്ന് അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**6. വൈദികരുടെ നിയമനം:**

1. ഫാ. ചിറയിൽ പ്രിൻസ് SDV – നടത്തുവികാരി ആറ്റത്ര; സാധുത 2018 ഡിസംബർ 28 മുതൽ 2019 ജനുവരി 29 വരെ.
2. ഫാ. ജോയ് മൂക്കൻ – അതിരൂപത ഡെലഗേറ്റ് എൽത്തുരുത്ത്; സാധുത 2018 ഡിസംബർ 15 മുതൽ.

3. ഫാ. ഡിയോൺസ് കാട്ടിലപീടിക OFM.Cap.– സഹവികാരി മുല്ലശ്ശേരി; സാധുത 2018 ഡിസംബർ 15 മുതൽ.

4. ഫാ. ആൽബിൻ മണപ്പിള്ളുയാൻ OFM.Cap.– സഹവികാരി ലൂർദ്ദ്; സാധുത 2018 ഡിസംബർ 15 മുതൽ.

5. ഫാ. ടെഡ്സ് കുന്നപ്പിള്ളി – വികാരി വെള്ളറക്കാട്; സാധുത 2018 ഡിസംബർ 20 മുതൽ.

6. ഫാ. അനീഷ് ചിറ്റിലപ്പിള്ളി – വികാരി വെള്ളറക്കാട് ഒഴിവായി; സാധുത 2018 ഡിസംബർ 20 മുതൽ.

7. ഫാ. ജോർജ്ജ് നിരപ്പുകാലയിൽ – നടത്തുവികാരി മാടക്കത്ര കൂടി; സാധുത 2018 ഡിസംബർ 20 മുതൽ.

**7. പ്രത്യേക നിയമനങ്ങൾ:**

**1. കൈക്കാരന്മാർ:**

| | |
|---|---|
| പൊറത്തൂർ | ആലപ്പാട്ട് മേച്ചേരിപ്പടി ലോനപ്പൻ ആന്റണി |
| | പുറത്തൂർ ആലുക്കൽ ലൂവീസ് ചർച്ചിൽ |
| പൂമല | സിറിൽ മരുത്തോന്ത്ര |
| | ജെറി കാമച്ചേരി |
| | ആന്റണി പുളിയമാക്കൽ |
| | ജോസ് വെട്ടിക്കൊമ്പിൽ |
| പട്ടിക്കാട് | ജോർജ്ജ് വടക്കൻ |
| | സിറിൾ പടിക്കലാത്ത് |
| | ഷാജൻ ചുങ്കത്ത് |
| | ജോർജ്ജ് തേക്കാനത്ത് |
| കൊഴുക്കുള്ളി | ചാലിശ്ശേരി ലാസർ ജോൺസൻ |
| | തരകൻ സൈമൺ ഡെയ്സൻ |
| | മേച്ചേരിപ്പടി പൈലോത് ജോണി |

**2. ബൈബിൾ പ്രേഷിതത്വം ട്രസ്റ്റ് അംഗങ്ങൾ :**

1. മോൺ. തോമസ് കാക്കശ്ശേരി (ചെയർമാൻ)
2. ഫാ. ലിജോ ചിരിയങ്കണ്ടത്ത് (സെക്രട്ടറി)
3. ഫാ. ഫ്രാൻസിസ് കൂത്തൂർ (അംഗം)
4. ഫാ. റാഫേൽ ആക്കാമറ്റത്തിൽ (അംഗം)
5. ഫാ. ഫ്രാൻസിസ് ആളൂർ (അംഗം)
6. ഫാ. ബാബു പാണാട്ടുപറമ്പിൽ (അംഗം)
7. ഫാ. ഡേവിസ് തെക്കേക്കര (അംഗം)

**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ–സിഞ്ചെല്ലൂസ

# അവിഭക്ത തൃശ്ശൂർ അതിരൂപത പ്രസ്ബിറ്ററൽ – പാസ്റ്ററൽ കൗൺസിൽ സുവർണ്ണ ജൂബിലി

അപ്രതീക്ഷിത കാരണത്താൽ 2018 നവംബർ 17ന് നടക്കാതെപോയ അവിഭക്ത തൃശ്ശൂർ രൂപതയുടെ പ്രസ്ബിറ്ററൽ കൗൺലിന്റെയും പാസ്റ്ററൽ കൗൺസിലിന്റെയും സുവർണ്ണ ജൂബിലി, 2019 മാർച്ച് 23ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3:30 വരെ സമുചിതമായി ആഘോഷിക്കുന്നു. തൃശ്ശൂർ–ഇരിങ്ങാലക്കുട–പാലക്കാട്–രാമനാഥപുരം രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ ആഘോഷിക്കുന്ന സുവർണ്ണ ജൂബിലി, തൃശ്ശൂർ ഡി.ബി.സി.എൽ.സി. ഓഡിറ്റോറിയത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തിന്റെ അധ്യക്ഷതയിൽ കൂടുന്ന പൊതുസമ്മേളനത്തിൽ പ്രൊഫ. സിറിയക് തോമസ് മുഖ്യപ്രഭാഷണം നടത്തുന്നു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ പ്രസ്തുത സുവർണ്ണ ജൂബിലിയാഘോഷ പരിപാടികളിൽ പങ്കെടുക്കണം. 2019 മാർച്ചിൽ വേറെ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് ഉണ്ടായിരിക്കുന്നതല്ല.

സ്ഥലം : **ഡി.ബി.സി.എൽ.സി. ഓഡിറ്റോറിയം, തൃശ്ശൂർ**

തീയതി : **23.03.2019, ശനിയാഴ്ച**

സമയം : **10:00 am - 3:30 pm**

# മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ഫെബ്രുവരി മാസത്തെ പരിപാടികൾ

## FEBRUARY 2019

| Date | Day | Time | Description |
|---|---|---|---|
| 01 | Fri | Morning | Curia Meeting |
| 02 | Sat | | Staff Picnic |
| 03 | Sun | Morning | 90th Year Celebration of Brahmakulam Parish |
| | | Evening | 90th Year Celebration of Mannampetta Parish |
| 05 | Tue | Morning | Curia Meeting, **For the People** |
| 06 | Wed | Morning | Priests' Transfer |
| 07 | Thu | Morning | Engaged |
| 08 | Fri | Morning | Curia Meeting<br>**For Priests and Religious** |
| 09 | Sat | | Catholic Teachers Guild Meeting at Kannur |
| 11 | Mon | Evening | Doctors' Forum at JMMC |
| 12 | Tue | Morning | Curia Meeting, Engaged- Office work |
| 15 | Fri | Morning | Holy Mass at Minor Seminary, Curia Meeting |
| | | Evening | Popular Mission Convention Conclusion at Pavaratty |

| | | | |
|---|---|---|---|
| 16 | Sat | Morning | Golden Jubilee (SABS) Holy Mass at Chettupuzha Prov. House, Catholicasabha News Paper Home day at Thrissur |
| | | Evening | Engaged |
| 18 | Mon | Evening | Permanent Synod at Kakkanad |
| 19 | Tue | | Curia Meeting |
| | | | Meeting with transferred Priests |
| 21 | Thu | Morning | Consulters' Meeting |
| 22 | Fri | Morning | Curia Meeting |
| | | | **For Priests and Religious** |
| 23 | Sat | Morning | Jubilee Holy Mass (FCC) at LF College Convent, Guruvayoor |
| 26 | Tue | Morning | Curia Meeting |
| | | | **For the People** |

വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം
നിങ്ങൾക്കു ലഭിക്കും
*മത്താ. 21:22*

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ
## ഫെബ്രുവരി മാസത്തെ പരിപാടികൾ

# FEBRUARY 2019

| Date | Day | Time | Description |
|---|---|---|---|
| 1 | Fri | Morning | Amballur- Mass |
| | | | Curia Meeting, Visitors' Time |
| | | Evening | Pallikkunnu- Mass, *Thakkoldanam* |
| 2 | Sat | | Engaged |
| **3** | **Sun** | Morning | Kannara- Mass, *Kappela* Blessing |
| | | Evening | Pollachi- Festal Mass |
| 4 | Mon | Morning | Nirmalamatha School- Mass |
| | | Evening | Family Apostolate- Resource Persons' Meeting |
| 5 | Tue | | Curia Meeting, Office Work |
| 6 | Wed | Morning | St Thomas College- Statistics Dpt., Classes in Marymatha Seminary |
| | | Evening | Engaged |
| 7 | Thu | Morning | Classes in Marymatha Seminary, **For Priests and Religious** |
| | | Evening | Nellikunnu- High School Retirement |
| 8 | Fri | Morning | Curia Meeting, Visitors' Time |
| 9 | Sat | Morning | Mookkannoor- CST Novitiate House Mass |
| | | Afternoon | Seminar, Engaged |
| **10** | **Sun** | Morning | Kainagiri, Chavara-Mass |
| 11 | Mon | Morning | Minor Seminary- Mass |

| | | | |
|---|---|---|---|
| | | Evening | Editorial Meeting of Catholicasabha |
| 12 | Tue | | Curia Meeting, Mangalapuzha Seminary Commission |
| 13 | Wed | Morning | Classes in Marymatha Seminary |
| 14 | Thu | Morning | Classes in Marymatha Seminary, |
| | | | **For Priests and Religious** |
| | | Evening | Nadathara- Holy Redeemer School, Retirement |
| 15 | Fri | Morning | Curia Meeting, Visitors' Time |
| | | Evening | Engaged |
| 16 | Sat | Morning | Catholicasabha- Home Day |
| | | Evening | Vellakarithadam- Mass & Grotto Blessing |
| **17** | **Sun** | Morning | Coimbatore- Mass, Meeting |
| 18 | Mon | Evening | Visitors' Time |
| 19 | Tue | Morning | Curia Meeting, Meeting with Transferred Priests |
| 20 | Wed | Morning | Engaged |
| 21 | Thu | Morning | Consultors' Meeting |
| | | Evening | **For Priests and Religious** |
| 22 | Fri | Morning | Curia Meeting, Visitors' Time |
| | | Evening | Pavaratty- San Jose SchoolRetirement |
| 23 | Sat | Morning | Engaged |
| **24** | **Sun** | Evening | DBCLC- BA Theology |
| 25 | Mon | Morning | Office Work |
| 26 | Tue | Morning | Curia Meeting, Office Work |
| 27 | Wed | Morning | **For Priests and Religious** |
| 28 | Thu | Morning | Marymatha Major Seminary- Mass |
| | | Evening | Thiroor- LP School Annual Day, Retirement |



# നാളാഗമം

## ഡിസംബർ 2018

1 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ലൂർദ്ദ് ഇടവക ദൈവാലയത്തിൽ ബൈബിൾ പാരായണ മാസാചരണം ഉദ്ഘാടനം ചെയ്തു. ശേഷം സാന്ത്വനവും ഡി. എസ്. എസ്. എസ് ഉം സംയുക്തമായി സംഘടിപ്പിച്ച വിധവാ സംഗമം അരിമ്പൂർ ദൈവാലയത്തിൽ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ഇരവിമംഗലം ഇടവകയിൽ പുതുതായി ആരംഭിച്ച ഡി.എം. കോൺവെന്റിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പടവരാട് എസ്.എ.ബി.എസ്. കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

2 അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരി ഇടവകകളിൽ നടത്തി വരാറുള്ള സ്നേഹോത്സവം കുണ്ടന്നൂർ ഇടവകയിൽ രാവിലെ 6:30ന് വി. ബലിയർപ്പിച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് വെള്ളറക്കാട്, ഇയ്യാൽ എന്നീ ഇടവകകൾ സന്ദർശിക്കുകയും ഇയ്യാൽ ഇടവകയുടെ നവീകരിച്ച സെന്റ് ഫ്രാൻസിസ് സേവ്യർ കപ്പേള ആശീർവദിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ്

പുത്തൂർ ഫൊറോനയിൽ കുടുംബസമ്മേളന ഭാരവാഹികളുടെ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. വൈകീട്ട് വരാക്കര ഇടവകയിലെ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചിറ്റിശ്ശേരി ഇടവകയിലെ സ്നേഹോത്സവം വി. ബലിയർപ്പിച്ച് ആരംഭിച്ചു. ഒല്ലൂർ ഇടവകയിൽ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ഫാമിലി അപ്പോസ്തലേറ്റിൽ നവദമ്പതിമാർക്ക് സന്ദേശം നല്കി. വൈകീട്ട് തണ്ടിലം ഇടവകയിൽ മതബോധന ദിനം ഉദ്ഘാടനം ചെയ്തു.

3 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തലോർ ഇടവകയിൽ കുരിയക്കാവ് ഷാജി–വിജി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. തുടർന്ന് തിരുവില്ല്വാമല സെന്റ് പോൾ ഗുരുകുലം സെമിനാരിയിൽ ക്ലാസ്സെടുക്കുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് ഡീക്കന്മാരോടൊപ്പം ദിവസം ചെലവഴിച്ചു.

4–6 അഭിവന്ദ്യ പിതാക്കന്മാർ കെ.സി.ബി.സി.യിൽ പങ്കെടുത്തു.

6 അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് ആലങ്ങാട് ദൈവാലയത്തിൽ തിരുനാൾ കൊടിയേറ്റം നിർവ്വഹിച്ച് വി. ബലിയർപ്പിച്ചു.

7 അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് തോമസ് കോളേജിന്റെ ഹോം ഡേ– പേരന്റ്സ് ഡേ എന്നിവയോടനുബന്ധിച്ച് നടത്തിയ സംഗമത്തിൽ അധ്യക്ഷപദവി അലങ്കരിച്ചു. ശേഷം മേരിമാത സെമിനാരിയുടെ നേതൃത്വത്തിൽ ചിറ്റിശ്ശേരി ഇടവകയിൽ നടത്തിയ സ്നേഹോത്സവത്തിന്റെ സമാപനം ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജ് Patron's Day ആഘോഷത്തിൽ പങ്കെടുത്തു. വൈകീട്ട് കുണ്ടന്നൂരിൽ സ്നേഹോത്സവം സമാപനത്തിൽ വി. ബലിയർപ്പിച്ചു.

8 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അഭയം ശാന്തിഭവൻ പാലിയേറ്റീവ് സെന്ററിന്റെ കീഴിൽ 13–ാമത് റീജണൽ സെന്റർ അരിമ്പൂരിൽ ഉദ്ഘാടനം ചെയ്തു. ശേഷം ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ പന്ത്രണ്ടാമത് ബിരുദദാന ചടങ്ങിന് അധ്യക്ഷ പദവി അലങ്കരിച്ചു. തുടർന്ന് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വിവാഹത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളോടൊപ്പം വി. ബലിയർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു. വൈകീട്ട്

ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന തൃശ്ശൂർ അതിരൂപത ഏകോപനസമിതിയോഗം ഉദ്ഘാടനം ചെയ്തു. പാലയൂർ തീർത്ഥാടനത്തിന്റെ സമിതി രൂപീകരിക്കുകയും ചെയ്തു. ശേഷം തൃശ്ശൂർ ടൗൺ ഹാളിൽ അതിരൂപത ഗായകസംഘം സംഘടിപ്പിച്ച കരോൾ ഗാന മത്സരം ഉദ്ഘാടനം ചെയ്തു. തുടർന്ന് തൃശ്ശൂർ അതിരൂപതയിലെ LOAF സംഘടനയുടെ ക്രിസ്തുമസ് കൂട്ടായ്മയിൽ പങ്കുചേർന്നു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ABBA Retreat Centre-ൽ കൗൺസിലേഴ്സിനു ക്ലാസെടുത്തു. പടിഞ്ഞാറേക്കോട്ട നിർമ്മലാലയം കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് കുണ്ടന്നൂരിൽ Divina Amore കോൺവെന്റിൽ വ്രതവാഗ്ദാന ചടങ്ങിൽ വി. ബലിയർപ്പിച്ച് കാർമ്മികത്വം വഹിച്ചു. വൈകീട്ട് പേരാമംഗലം ഇടവകയിൽ ഇടയസന്ദർശനം ആരംഭിച്ചു.

9 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ ബസിലിക്കയിൽ നടന്ന ബധിര-മൂകർക്കായുള്ള കൂട്ടായ്മയിൽ സന്ദേശം നൽകി. തുടർന്ന് തലോർ ജറുസലെം ധ്യാന കേന്ദ്രത്തിൽ കൺവെൻഷനിൽ സമാപന സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിൽ മോൺ. ജോൺ പാലോക്കാരൻ സ്ക്വയറിൽ ചേർന്ന കത്തോലിക്കാസഭാ പത്രത്തിന്റെ പ്രൊമോട്ടേഴ്സ് മീറ്റിന് അധ്യക്ഷത വഹിച്ചു. വൈകീട്ട് സി. ഗോസിയ സി.എസ്.സി.യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കൂർക്കഞ്ചേരിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് പേരാമംഗലം ഇടവകയിൽ ഇടയസന്ദർശനം നടത്തി.

10 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ജൂബിലി മിഷൻ ആശുപത്രിയിൽ നടന്ന ഐ.സി.എം.ആർ. ഉപദേശക സമിതിയുടെ വാർഷിക യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പേരാമംഗലം ഇടയസന്ദർശനത്തിന്റെ ഭാഗമായി കോൺവെന്റിൽ സന്യസ്തർക്കുവേണ്ടി വി. ബലിയർപ്പിച്ചു. വൈകിട്ട് കത്തോലിക്ക സഭ എഡിറ്റോറിയൽ മീറ്റിംഗിൽ പങ്കെടുത്തു. കളക്ടറേറ്റിൽ ടീച്ചേഴ്സ് ഗിൽഡിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

11 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന കൊച്ചച്ചന്മാരുള്ള വികാരിമാരുടെ യോഗ

ത്തിൽ അധ്യക്ഷത വഹിച്ചു. വൈകീട്ട് ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു. കൊച്ചച്ചൻമാരുള്ള വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് ABBA Retreat Centreൽ കൗൺസിലേഴ്സിനു ക്ലാസെടുത്തു. PAROC Core Group മീറ്റിംഗ് കൂടുകയുണ്ടായി.

12 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ എഫ്.സി.സി. സമൂഹത്തിന്റെ അസ്സീസി പ്രോവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് കൊച്ചച്ചന്മാരുടെ യോഗത്തിൽ പങ്കെടുത്തു. നാലു മണിക്ക് മച്ചാട് ഇടവകയിൽ തീപിടുത്തത്തിൽ മരിച്ച ശ്രീ. ഡാന്റസ് ആച്ചാക്കോട്ടിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചിറയ്ക്കൽ ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. മേരിമാത സെമിനാരിയിൽ ക്ലാസെടുത്തു. PAROC Core Group മീറ്റിംഗ് കൂടി. ഉച്ചക്കഴിഞ്ഞ് കൊച്ചച്ചൻമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകീട്ട് പെരിങ്ങോട്ടുകര ഇടവക ദൈവാലയത്തിൽ തിരുനാൾ വി. ബലിയർപ്പിച്ചു.

13 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പീസ് ഹോം, ഗ്രേസ് ഹോം എന്നിവ സന്ദർശിച്ചു. ഉച്ചതിരിഞ്ഞ് 2.30ന് വൈദിക സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു. വൈകീട്ട് കത്തോലിക്കാ കോൺഗ്രസ്സും കെ.സി. വൈ.എം. സംയുക്തമായി രാമവർമ്മപുരത്തുള്ള തൃശ്ശൂർ കോർപ്പറേഷൻ വൃദ്ധമന്ദിരത്തിൽ സംഘടിപ്പിച്ച അഭിവന്ദ്യ താഴത്ത് പിതാവിന്റെയും തൂങ്കുഴി പിതാവിന്റെയും ജന്മദിനാഘോഷത്തിൽ പങ്കെടുത്തു. വൈകീട്ട് പുല്ലഴി സെന്റ് ജോസഫ് മെന്റൽ ഹെൽത്ത് സെന്ററിൽ വി. ബലിയർപ്പിച്ചു. തുടർന്ന് വെസ്റ്റ് ഫോർട്ട് സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ടും സന്ദർശിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സാൻഡാമിയാനോ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് വൈദിക സമിതിയിൽ പങ്കെടുത്തു. രാമവർമ്മപുരത്ത് അനാഥാലയത്തിൽവച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ് തൂങ്കുഴി പിതാക്കൻമാരുടെ ജന്മദിനാഘോഷത്തിൽ പങ്കെടുത്തു. വൈകീട്ട് കൊഴുക്കുള്ളിയിൽ ക്രിസ്തുദാസി സിസ്റ്റർമാരുടെ കോൺവെന്റിൽ മാർ ജേക്കബ്

തൂങ്കുഴി പിതാവിന്റെ ജന്മദിനാഘോഷത്തിൽ പങ്കെടുത്തു.

14 അഭിവന്ദ്യ താഴത്ത് പിതാവ് വൈകീട്ട് അതിരൂപത സാമ്പത്തികസമിതി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പല്ലൂരിൽ വിവാഹ ഒരുക്ക ക്ലാസിൽ പങ്കെടുക്കുന്ന വർക്കുവേണ്ടി വി. ബലിയർപ്പിച്ചു. പി.ഒ.സി.യിൽ CHAI ആനുവൽ ജനറൽ ബോഡിയിൽ പങ്കെടുത്തു. വൈകീട്ട് സാമ്പത്തിക സമിതിയിൽ പങ്കെടുത്തു.

15 അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ രാവിലെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളുടെ കൂട്ടായ്മയിൽ വി. ബലിയർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു. വൈകീട്ട് തൃശ്ശൂർ ടൗൺ ഹാളിൽ നടന്ന 'വി. ചാവറയച്ചന്റെ ചാവരുൾ സംഗീത നാടകം' അറിവിന്റെ നേർവെളിച്ചം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഗുരുവായൂർ LF Collegeൽ വി. ബലിയർപ്പിച്ചു. ഭരതയിൽ പുനർജ്ജീവൻ കെട്ടിടം വെഞ്ചിരിപ്പ് നിർവ്വഹിച്ചു. ഉച്ചക്കഴിഞ്ഞ് കത്തോലിക്ക സഭ എക്സിക്ക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

16 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പേരകം ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് കാവീട്, കോട്ടപ്പടി, കുന്നംകുളം എന്നീ ഇടവകകൾ സന്ദർശിച്ചു. ശേഷം കെ.എൽ.എം. ജനറൽ ബോഡി യോഗം പേരാമംഗലത്തു വച്ച് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് കത്തോലിക്കാ കോൺഗ്രസ്സിന്റെ അതിരൂപത വർക്കിംഗ് കമ്മറ്റി തെരഞ്ഞെടുപ്പിൽ പങ്കെടുത്തു. ശേഷം പറപ്പൂർ ഫൊറോനയുടെ യുവജന സംഗമത്തിൽ യുവാക്കളുമായി സംവദിച്ചു. തുടർന്ന് ചിറ്റിശ്ശേരിയിൽ നടന്ന സീനിയർ സി.എൽ.സി. അംഗങ്ങളുടെ കുടുംബാംഗങ്ങളോടൊപ്പമുള്ള ക്രിസ്തുമസ് ആഘോഷത്തിലും പങ്കെടുത്തു. വൈകീട്ട് ലൂർദ്ദിൽ തൃശ്ശൂർ അതിരൂപത ഇടവക–ഫൊറോന പി.ആർ.ഒ. മാരുടെ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വടക്കൻ പുതുക്കാട് ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. പറപ്പൂരിൽ യുവജനസംഗമത്തിൽ യുവാക്കളോട് സംവദിച്ചു. ഉച്ചക്കഴിഞ്ഞ് പേരാമംഗലം ഇടവകയിൽ KLM വാർഷിക ദിന സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകീട്ട് ബ്രഹ്മക്കുളം ഇടവക ദൈവാലയത്തിൽ വി.ബലിയർപ്പിച്ചു, പാലിയേറ്റീവ് കെയർ വാർഷിക

ദിന സമ്മേളനം ഉദ്ഘാടനം ചെയ്തു.

17 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ പറോക്ക് കോഴ്സിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ദൈവദാസൻ തച്ചുപറമ്പിൽ കോടതിയുടെ യോഗത്തിൽ ചേർന്നു. വൈകീട്ട് സി. സിമിലിയാൻ സി.എം.സി.യുടെ മൃതസംസ്കാരകർമ്മത്തിന് ഒല്ലൂരിൽ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് മേരിമാത സെമിനാരിയിൽ പറോക്കിന്റെ കീഴിൽ അച്ചൻമാർക്കുള്ള ട്രെയിനിംഗ് ക്ലാസുകൾക്ക് നേതൃത്വം നൽകി.

18 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അതിരൂപത ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ബൊൻ നത്താലെയുടെ ഭാഗമായി അതിരൂപതയുടെ എല്ലാ ഇടവകകളിലും നടക്കുന്ന കാരുണ്യ പ്രവർത്തികളുടെ അതിരൂപതാതല ഉദ്ഘാടനവും ഓരോ ഇടവകയിലേക്കും അതിരൂപത നൽകുന്ന 10,000 രൂപ വിതരണവും ഡി. ബി.സി.എൽ.സി. യിൽ നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് മേരിമാത സെമിനാരിയിൽ പറോക്കിന്റെ കീഴിൽ അച്ചൻമാർക്കുള്ള ട്രെയിനിംഗ് ക്ലാസുകൾക്ക് നേതൃത്വം നൽകി. രാവിലെ അതിരൂപത ആലോചനസമിതി യോഗം. ഉച്ചക്കഴിഞ്ഞ് മേരിമാത സെമിനാരിയിൽ ട്രെയിനിംഗ് ക്ലാസുകൾ. സെന്റ് തോമസ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് വലഡേറ്ററി ചടങ്ങിൽ പങ്കെടുത്തു.

19 അഭിവന്ദ്യ താഴത്ത് രാവിലെ ലൂർദ്ദിൽ മാർ ജോൺ മേനാച്ചേരി പിതാവിന്റെ അനുസ്മരണ ബലിയർപ്പിച്ചു. ശേഷം സെന്റ് തോമസ് കോളേജിൽ അന്തർദ്ദേശീയ സയൻസ് സെമിനാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് ജൂബിലി മിഷൻ നേഴ്സിംഗ് കോളേജിന്റെ 2018 വർഷത്തെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സെന്റ് തോമസ് കോളേജിൽ കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് ഇന്റർനാഷ്ണൽ സെമിനാർ ഉദ്ഘാടനം നിർവ്വഹിച്ചു. മേരിമാത സെമിനാരിയിൽ പറോക്കിന്റെ കീഴിൽ അച്ചൻമാർക്കുള്ള ട്രെയിനിംഗ് ക്ലാസുകളുടെ വലഡേറ്ററി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചക്കഴിഞ്ഞ് പ്രീസ്റ്റ് അസംബ്ലി സബ്ബ് കമ്മിറ്റി കൂടി.

20 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പഴുവിൽ എഫ്.സി.സി. മഠത്തിൽ വി. ബലിയർ

പ്പിച്ചു. ഉച്ചകഴിഞ്ഞ് ഒല്ലൂർ എവുപ്രാസ്യാ തീർത്ഥാടന കേന്ദ്രത്തിൽ നടന്ന തീർത്ഥാടക കേന്ദ്ര ഉപദേശക സമിതി യോഗത്തിൽ പങ്കെടുത്തു. വൈകീട്ട് എറവ് ഇടവകയുടെ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മൈനർ സെമിനാരി യിൽ വിശുദ്ധ ബലിയർപ്പിച്ചു. വിയാനി ഹോമിൽ പോയി അച്ചൻമാരെ സന്ദർശിച്ചു. ഉച്ചക്കഴിഞ്ഞ് ജില്ലാ ജയിലിൽ ക്രിസ്തുമസ് സെലിബ്രേഷ നിൽ പങ്കെടുത്തു.

21 അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് തൃശ്ശൂർ അതി രൂപത സ്നേഹനിധി ക്രിസ്തു മസ്സ് ആഘോഷത്തിൽ പങ്കെടു ത്തു. വൈകീട്ട് വിയ്യൂർ സെൻട്രൽ ജയിലിൽ അവരോടൊപ്പം ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശം നൽകി. ശേഷം ആളൂർ സെന്റ് സെബാ സ്റ്റ്യൻസ് ഇടവക ബൈബിൾ കൺവെൻഷൻ സമാപന സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചേറ്റുപുഴ SABS പ്രൊവിൻ ഷ്യൽ തെരഞ്ഞെടുപ്പിനോട നുബന്ധിച്ച് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. വൈകീട്ട് ബസിലിക്കയിൽ ക്രിസ്തു മസിനോടനുബന്ധിച്ച് കുമ്പസാരിപ്പിക്കുകയുണ്ടായി.

22 അഭിവന്ദ്യ താഴത്ത് പിതാവ് വാക ഇടവകയുടെ നവീകരിച്ച അൾത്താരയുടെ ആശീർ വാദകർമ്മം നിർവഹിച്ചു. മറ്റം ഇടവക സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന തൃശ്ശൂർ അതിരൂപത കുടുംബ കൂട്ടായ്മ ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തു. ശേഷം ഹോളി ഫാമിലി സ്കൂളിൽ സംഘടിപ്പിച്ച ജീസസ്സ് യൂത്ത് കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിൽ സന്ദേശം നൽകി. വൈകീട്ട് ആർച്ച്ബിഷപ്സ് ഹൗസിൽ ക്രിസ്തുമസ് ഈവ് അയൽക്കാ രോടൊപ്പം ആഘോഷിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൊയ്യക്കാവ് ഇടവക ദൈവാലയത്തിൽ അനു സ്മരണയോഗത്തിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് ജൂബിലി മിഷൻ ഹോസ്പിറ്റൽ ക്രിസ്തുമസ് ക്രിബ് ഉദ്ഘാടനം ചെയ്തു. വൈകീട്ട് ആർച്ച് ബിഷപ്പ്സ് ഹൗസിൽ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.

23 അഭിവന്ദ്യ താഴത്ത് പിതാവ് ചെവ്വൂർ ഇടവകയിൽ ഇടയ സന്ദർശനം നടത്തി. വൈകീട്ട് മാർത്ത് മറിയം വലിയ പള്ളിയിൽ നടന്ന എക്യുമെനി ക്കൽ ഗ്രൂപ്പിന്റെ ക്രിസ്തുമസ്

ആഘോഷത്തിൽ പങ്കുചേർന്നു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പക്കാട് ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു, കാരുണ്യഭവനം വെഞ്ചിരിച്ചു. പോട്ടോർ കുരിശടി വെഞ്ചിരിപ്പു നിർവ്വഹിച്ചു. ഫാമിലി അപ്പസ്തോലേറ്റിൽ പുതുതായി വിവാഹം ചെയ്തവരുടെ സംഗമത്തിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് DBCLCയിൽ ബൈബിൾ അവാർഡ് ഡേ ഉദ്ഘാടനം ചെയ്തു. മുണ്ടത്തിക്കോട് സ്നേഹാലയത്തിൽ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു. പീസ് ഹോമിൽ ഹോം ഡേ യിലും ക്രിസ്തുമസ് ആഘോഷത്തിലും പങ്കെടുത്തു. വൈകീട്ട് സുറായി വലിയ പള്ളിയിൽ എക്യുമെനിക്കൽ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.

24 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മഡോണനഗർ ഇടവകയിൽ വി. ബലിയർപ്പിച്ചു. ഇടവക നിർമ്മിച്ചു നൽകുന്ന കാരുണ്യഭവനത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. വൈകീട്ട് സി. ഫൊർജിയ SABSന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് പടവരാട് വച്ച് മുഖ്യ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ബസിലിക്കയിൽ ഹെൽത്ത് കെയർ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു. തൃശ്ശൂർ ബസിലിക്കയിൽ ക്രിസ്തുമസ് കുർബാനയർപ്പിച്ചു.

25 അഭിവന്ദ്യ താഴത്ത് പിതാവ് ക്രിസ്തുമസ് വി. ബലി ലൂർദ്ദ് കത്തീഡ്രലിൽ അർപ്പിച്ചു. രാവിലെ ലിറ്റിൽ ബ്രദേഴ്സ് ഓഫ് ജീസസ്സിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷവും ഭക്ഷണവിതരണവും തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അമലനഗർ ഇടവകയിലെ പുതിയ പള്ളി കൂദാശ കർമ്മത്തിൽ മുഖ്യ കാർമ്മികനായി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ജയിലിൽ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു. പാലയൂരിൽ ഇമ്മാനുവേൽ മിനിസ്ട്രിയുടെ തെരുവുമക്കളോടൊപ്പം ക്രിസ്തുമസ് ഭക്ഷണത്തിൽ പങ്കെടുത്തു.

26 അഭിവന്ദ്യ താഴത്ത് പിതാവ് ഫാ. അഗസ്റ്റിൻ ജോൺ ഊക്കനച്ചനെ ധന്യനായി പ്രഖ്യാപിച്ചുള്ള വത്തിക്കാനിൽ നിന്നുള്ള അറിയിപ്പ് ചൊവ്വന്നൂർ ഇടവക ദൈവാലയത്തിൽ വായിക്കുകയും കൃതജ്ഞതാബലി അർപ്പിക്കുകയും ചെയ്തു. വൈകീട്ട് പെരിഞ്ചേരി

ഇടവകയിൽ ഡീ. ലിയോ പുത്തൂർ, ഡീ. നവീൻ ചാലിശ്ശേരി എന്നിവരുടെ തിരുപ്പട്ട ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് ധന്യപദവി പ്രഖ്യാപനത്തിൽ ചൊവ്വന്നൂരിൽ പങ്കെടുത്തു. വൈകീട്ട് അമലനഗർ ഇടവക ദൈവാലയത്തിൽ ഇടവകദിനം ഉദ്ഘാടനം ചെയ്തു.

27 അഭിവന്ദ്യ താഴത്ത് പിതാവ് എറവ് ഇടവകയിൽ ഡീ. ഡിക്സൻ കൊളമ്പ്രത്തിന്റെ തിരുപ്പട്ട ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകീട്ട് കനിവ് 2018 – ബൊൻനത്താലെയുടെ സംഗീത വിരുന്ന് തോപ്പ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്ത് ബൊൻനത്താലെ ചാരിറ്റി ഫണ്ടുകൾ വിതരണം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കാരമുക്ക് ഇടവക ദൈവാലയത്തിൽ ഡീ. അനുവിൻ താണിക്കലിന്റെ തിരുപ്പട്ട ശുശ്രൂഷയ്ക്കു കാർമ്മികത്വം വഹിച്ചു. വൈകീട്ട് കുമ്പളങ്ങാട് ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. ബോൻനത്താലെ കനിവ് 2018–ൽ ആശംസകളർപ്പിച്ചു.

28 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുതുക്കാട് ഇടവകയിൽ ഡീ. സാന്റോ മൂർക്കനാട്ടുക്കാരൻ സി.എം. ഐ., ഡീ. എൽജോ കൊഴലി പറമ്പിൽ സി.എം.ഐ., ഡീ. ഡിനു മാടമ്പി സി.എം.ഐ., ഡീ. ഡേവിസ് ചെവിടൻ സി.എം.ഐ. എന്നിവരുടെ തിരുപ്പട്ട ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പഴയന്നൂർ ഇടവകയിൽ ഡീ. ഫ്രിന്റോ കിഴക്കേകണ്ണൻചിറയുടെ തിരുപ്പട്ട ശുശ്രൂഷയ്ക്കും മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കിരാലൂർ ഇടവക ദൈവാലയത്തിൽ ഡീ. ഗ്രിജോ മുരിങ്ങാത്തേരിയുടെ തിരുപ്പട്ട ശുശ്രൂഷയ്ക്കു കാർമ്മികത്വം വഹിച്ചു. വൈകീട്ട് തിരുവില്വാമല ഇടവക ദൈവാലയത്തിൽ ഇടവകദിനം ഉദ്ഘാടനം ചെയ്തു.

29 അഭിവന്ദ്യ താഴത്ത് പിതാവ് തലക്കോട്ടുകര ഇടവകയിൽ ഡീ. ജിസ്സോ കുറ്റിക്കാട്ടിന്റെയും ഉച്ചകഴിഞ്ഞ് ചേർപ്പ് ഇടവകയിൽ ഡീ. കനേഡിയൻ തണ്ടാശ്ശേരിയുടെയും തിരുപ്പട്ട ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകീട്ട് അഭയം ശാന്തിഭവൻ പാലിയേറ്റീവ് കെയറിന്റെ രണ്ടാം വാർഷികാഘോഷത്തിന് അധ്യക്ഷത വഹിച്ചു. ശേഷം കത്തോലിക്കാസഭാ ദിനപത്രത്തിന്റെ ഗുണകാംക്ഷി കൂട്ടായ്മയിൽ പങ്കെടുത്തു.

അഭിവന്ദ്യ ടോണി പിതാവ് രാവിലെ കല്ലൂർ പടിഞ്ഞാറെ ഇടവക ദൈവാലയത്തിൽ ഡീ. ആന്റോ രായപ്പന്റെ തിരുപ്പട്ട ശുശ്രൂഷയ്ക്കു കാർമ്മികത്വം വഹിച്ചു. വൈകീട്ട് പട്ടിക്കാട് ഫൊറോന ദൈവാലയത്തിൽ ഫാ. നോബിൾ പെട്ടയിലിന്റേയും ഡീ. ടിൻസൺ തേനുങ്കൽ VC യുടെയും തിരുപ്പട്ടശുശ്രൂഷയ്ക്കു കാർമ്മികത്വം വഹിച്ചു. കത്തോലിക്ക സഭ ബെന ഫാക്റ്റേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു.

30 അഭിവന്ദ്യ താഴത്ത് പിതാവ് വെങ്ങിണിശ്ശേരി ഇടവകയുടെ പുതിയ പള്ളിയുടെ കൂദാശ കർമ്മം നിർവഹിച്ചു. വൈകീട്ട് കരുമത്ര ഇടവകപള്ളിയുടെ മുഖമണ്ഡപത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വേലൂപ്പാടം ഇടവക പള്ളിയിൽ ഡീ. സെൻജോ നടുവിൽപീടിക CMIയുടെ തിരുപ്പട്ട ശുശ്രൂഷയ്ക്കു കാർമ്മികത്വം വഹിച്ചു. വൈകീട്ട് കുരിയച്ചിറ ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു, PAROC Survey റിപ്പോർട്ട് കൈമാറി.

31. അഭിവന്ദ്യ താഴത്ത് പിതാവ് ഒളരിക്കര ഇടവകയിൽ ഡീ. ജീൻ ചിറയത്ത്, ഡീ. വിനീഷ് പാലോക്കാരൻ എസ്.ഡി.ബി. എന്നിവരുടെ തിരുപ്പട്ട ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകീട്ട് ഫാ.അഗസ്റ്റിൻ മംഗലത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് വെങ്ങിണിശ്ശേരിയിൽ വെച്ച് ആശംസകൾ നേർന്നു. ശേഷം മുണ്ടൂർ ഇടവകയിൽ കണ്ണ നായ്ക്കൽ ജോയ്-സ്മിത ദമ്പതികളുടെ ആറാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തലോർ ഇടവക ദൈവാലയത്തിൽ ഡീ. ഡിക്സൻ അന്തിയുന്തൻ CMI യുടെ തിരുപ്പട്ടശുശ്രൂഷയ്ക്കു കാർമ്മികത്വം വഹിച്ചു. വൈകീട്ട് പോന്നോർ ഇടവകയിൽ ഡീ. സജിൽ കണ്ണനായ്ക്കലിന്റെ തിരുപ്പട്ടശുശ്രൂഷയ്ക്കു കാർമ്മികത്വം വഹിച്ചു. വെങ്ങിണിശ്ശേരി ഇടവക ദൈവാലയത്തിൽ ബഹു. അഗസ്റ്റിൻ മംഗലത്തച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു.



## നാമകരണനടപടികൾ

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചൻ

**രണ്ടാം ശനി ആചരണം**

08.12.2018 രാവിലെ 9.30നു ജപമാലയോടെ തിരുക്കർമ്മങ്ങൾ ആരംഭിച്ചു. ദിവ്യബലിയ്ക്ക് എരുമപ്പെട്ടി ഫൊറോന വികാരി ഫാ. ജോയ് അടമ്പുകുളം പ്രധാനകാർമ്മികത്വം വഹിച്ചു. നാം ജീവിക്കേണ്ടത് നമുക്കു വേണ്ടിയല്ല ദൈവത്തിനുവേണ്ടിയായിരിക്കണമെന്ന് ബഹു. അച്ചൻ ഓർപ്പെടുത്തി. തുടർന്ന് ആരാധന മണലൂർ ചാരിറ്റി കോൺവെന്റിലെ സിസ്റ്റേഴ്സിന്റെയും പ്രഭാഷണം ഫാ. ബാബു ചിരിയങ്കണ്ടത്തിന്റെയും നേതൃത്വത്തിൽ നടന്നു. കാണപ്പെടുന്ന സഹോദരനെ സ്നേഹിച്ചു കൊണ്ട് നമ്മുടെയിടയിൽ സന്തോഷത്തോടെ, ക്രിസ്തുശിഷ്യനായി.

**ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചൻ – ധന്യപദവിയിലേയ്ക്ക്**

തൃശ്ശൂർ അതിരൂപതയിലെ ശ്രേഷ്ഠവൈദികനും കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ സ്ഥാപകനുമായ ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചനെ 2018 ഡിസംബർ 21ന് ഫ്രാൻസീസ് പാപ്പ ധന്യപദവിയിലേയ്ക്ക് ഉയർത്തി. ഇതിന്റെ പ്രഖ്യാപനവും കൃതജ്ഞതാബലിയും 2018 ഡിസംബർ 26ന് ജോൺ ഊക്കനെച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽ വച്ച് തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാമ്മികത്വത്തിൽ നടന്നു. പ്രസ്തുത കർമ്മത്തിൽ മാർ ടോണി നീലങ്കാവിൽ, മാർ പാസ്റ്റർ നീലങ്കാവിൽ, ഫാ. പോൾ പുളിക്കൻ , സി. ലുസീന സി.എസ്.സി. എന്നിവർ സന്നിഹിതരായിരുന്നു.



**നാമകരണനടപടികൾ**

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

ജീവിതകാലം മുഴുവൻ ദൈവസ്നേഹത്തിന്റെ വക്താവായി വാക്കിലൂടെയും പ്രവർത്തിയിലൂടെയും എല്ലാവർക്കും ദൈവസ്നേഹം പകർന്ന് നൽകിയ ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ അനുസ്മരണം ഭക്തിപൂർവ്വം കൊണ്ടാടി. വെള്ളിയാചരണം 2019 ജനുവരി 4ന് രാവിലെ 10 മണിയോടെ ആരംഭിച്ചു. ജപമാല ചെല്ലി പ്രാർത്ഥിച്ചതിനുശേഷം ബഹു. ഫാ. പോൾ കള്ളിക്കാടൻ വചന സന്ദേശം പങ്കുവച്ചു. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു (യോഹ 1,14). പരിശുദ്ധ അമ്മ വചനം വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തപ്പോൾ അവളിൽ പരിശുദ്ധാത്മാവ് നിറഞ്ഞു. നമ്മൾ എത്രയധികം വചനം വായിക്കുകയും പഠിക്കുകയും പറയുകയും ചെയ്യുന്നുവോ അത്രമാത്രം നമ്മളിൽ വിശ്വാസവും ഭക്തിയും നിറയുന്നു. ദൈവാനുഗ്രഹം നിറയുന്നു. എല്ലാ ദിവസവും അര മണിക്കൂറെങ്കിലും വചനം വായിക്കുക വചനം നമ്മുടെ ഹൃദയത്തിൽ നിറയുമ്പോൾ നമ്മൾ അറിയാതെ തന്നെ നമ്മുടെ ജീവിതത്തിൽ മാറ്റം ഉണ്ടാകുന്നു. അതു വഴി നമ്മുടെ പാപകടങ്ങൾ ക്ഷമിക്കപ്പെടുകയും ചെയ്യുന്നു. ബൈബിളിനെ അറിയുക എന്നാൽ ദൈവത്തെ അറിയുക എന്നാണ്. അങ്ങനെ വചനം നമ്മുടെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമായി ഭവിക്കട്ടെ... തുടർന്ന് ദിവ്യബലിയും കുട്ടികൾക്കും രോഗികൾക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകളും ആരാധനയും നേർച്ച ഊട്ടും ഉണ്ടായിരുന്നു. നിരവധി ആളുകൾ തിരുകർമ്മങ്ങളിൽ പങ്കുകൊണ്ട് ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചു

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റൂലേറ്റർ



# സാമ്പത്തിക കാര്യാലയം

1. **തെരട്ട് സമർപ്പിക്കൽ**

   തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയത്ത് വരാതിരുന്ന ഇടവകകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എത്രയും വേഗം അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു

2. **അതിരൂപത സഹായ ഫണ്ട്**

   1 . വിവാഹം – 83000     2. ചികിത്സ – 35450

3. **ഫാ.സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

   1. ചികിത്സ – 20000

4. **മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

   1. ആറ്റുപ്പുറം – 5000     2. അടാട്ട് – 5000

5. **സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

   1. അമല നഗർ – 100000     2. പങ്ങാരപ്പിള്ളി – 100000

   3. സ്നേഹപുരം –97222

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ



# BIRTHday FEASTday DEATH memories

## വൈദികർ

### ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 01 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 02 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 02 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 07 |
| ഫാ. ജോസഫ് വടക്കേത്തല | 08 |
| ഫാ. സിജു പുളിക്കൻ | 09 |
| ഫാ. നോബിൾ പെട്ടയിൽ | 10 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 11 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 12 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 12 |
| ഫാ. ജോവി കുണ്ടുകുളങ്ങര | 13 |
| ഫാ. ജോർജ്ജ് വടക്കേത്തല | 13 |
| ഫാ. സാജൻ വടക്കൻ | 13 |
| ഫാ. സിറിയക് ചാലിശ്ശേരി | 14 |
| ഫാ. പോൾ ആലപ്പാട്ട് | 14 |
| ഫാ. ഡേവീസ് പുലിക്കോട്ടിൽ | 15 |
| ഫാ. പോൾ അറക്കൽ | 16 |
| ഫാ. സജീവ് ഇമ്മട്ടി | 17 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 19 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 19 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 21 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 21 |
| ഫാ. നിക്കോളസ് പൊറത്തൂർ | 21 |
| ഫാ. ജോയ് പുത്തൂർ | 22 |
| ഫാ. സിജോ മുരിങ്ങാത്തേരി | 25 |
| ഫാ. ജോജോ എടത്തിരുത്തി | 28 |

### നാമഹേതുകതിരുനാൾ

ഫാ. ജോവി കുണ്ടുകുളങ്ങര 02

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. കൈയാലക്കം ജോസഫ് | 03.02.1951 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 23.02.1952 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |
| ഫാ. അക്കര ആന്റണി | 07.02.1971 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. എളംകുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. ചിറയത്ത് ജോൺ | 17.02.1982 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. എളംകുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. വേഴപ്പറമ്പിൽ ജോസ് | 28.02.2006 |
| ഫാ. മേച്ചരി പോൾ | 12.02.2011 |
| ഫാ. ജോർജ്ജ് മഞ്ഞളി | 07.02.2014 |
| ഫാ. ആന്റണി ചെറയത്ത് | 19.02.2015 |



## ■ സന്യസ്തർ

**എഫ്.സി.സി.**

എഫ്.സി.സി. യുടെ സ്ഥാപനദിനമായ ഡിസംബർ 14 ന് 6 പ്രി–പോസ്റ്റുലൻസ് പോസ്റ്റുലൻസിയിലേയ്ക്കും, കേരളത്തിലും കെനിയയിലും ആയി 11 പോസ്റ്റുലൻസ് കാനോനിക നൊവിഷ്യേറ്റിലേക്കും പ്രവേശിച്ചു. സി. നിവേദിത റോസ് പോസ്റ്റുലന്റ് മിസ്ട്രസായും, സി. ഷൈവി ജീസ് 1–ാം വർഷ നോവീസ് മിസ്ട്രസായും, സി. ഡെയ്സി ആലപ്പാട്ട് 2–ാം വർഷ നോവീസ് മിസ്ട്രസായും ഉത്തരവാദിത്വം ഏറ്റെടുത്തു. ബ്രഹ്മകുളം സെന്റ് തോമസ് ഇടവകയുടെ പാലിയേറ്റീവ് കെയർ സെന്ററിന്റെ വാർഷികാഘോഷത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽമേരിയും, പ്രൊവിൻഷ്യൽ കൗൺസിലർ സി. ഫിലോ രശ്മിയും പങ്കെടുത്തു. 21ന് വെട്ടുകാട് സ്നേഹാശ്രമത്തിലും, തൃശ്ശൂർ പുത്തൻപള്ളിയിൽ നടക്കുന്ന എഫാത്ത മിനിസ്ട്രിയിലും, ചിറ്റാട്ടുകര സെന്റ് സെബാസ്ററ്യൻ കോൺവെന്റിൽ നടന്നു വരുന്ന ഡ്രൈവേഴ്സ് കൂട്ടായ്മ – LIFE ന്റെ ക്രിസ്തുമസ് ആഘോഷത്തിലും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽമേരിയും, പ്രൊവിൻഷ്യൽ കൗൺസിലർ സി. ലിനറ്റ് നീലങ്കാവിലും പങ്കെടുക്കുകയും ക്രിസ്തുമസ് സന്ദേശം നൽകുകയും ചെയ്തു. കടുത്തുരുത്തി എസ്.വി.ഡി പ്രാർത്ഥനാ നികേതനിൽ വച്ച് ഫാ. ജെയ്ക്കബ് മുളവരിക്കൽ എസ്.വി.ഡി നയിച്ച Family Therapy Workshopൽ സി. അൽഫോൻസ് ബെറ്റി, സി. സിജി ജോസഫ്, സി. അമല തെരേസ് എന്നിവർ പങ്കെടുത്തു.

**സി.എസ്.എം.**

ജൂനിയർ സിസ്റ്റേഴ്സ് മേരിമാതാ മേജർ സെമിനാരിയിൽ നിന്ന് 6 മാസത്തെ തിയോളജി കോഴ്സ് പൂർത്തിയാക്കി . തലശ്ശേരി – ആൽഫാ ഇൻസ്ററിററ്യൂട്ട് ഓഫ് തിയോളജി & സയൻസിന്റെ കീഴിൽ 52 സിസ്റേഴ്സ് 3 വർഷത്തെ B.Th, M.Th കോഴ്സുകൾ Correspondance ആയി

പഠിക്കുന്നു. അതിന്റെ ഭാഗമായി കൃപാഭവൻ ജനറലേററിൽ വച്ച് 22ന് നടന്ന ഒരു ദിവസത്തെ ക്ലാസ്സിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

**സി.എച്ച്.എഫ്.**

27,28,29 തിയതികളിലായി മണ്ണുത്തി ജനറലേററിൽ വച്ച് നടത്തപ്പെട്ട ഫോർമേറ്റേഴ്സ് മീററിങ്ങിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.മേഴ്സി പോൾ പങ്കെടുത്തു. 27ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റേയും സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യലേററ് കപ്ലോൻ റവ. ഫാ. ഷാജു ഊക്കന്റേയും നവജ്യോതി പ്രൊവിൻസിലെ പത്ത് സിസ്ററേഴ്സിന്റേയും രജത ജൂബിലി പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്തു. പി.ഒ.സി. യിൽ സന്ന്യാസ സഭാസമൂഹങ്ങളും മാധ്യമ സാക്ഷരതയും എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട മീററിങ്ങിൽ ജനറൽ കൗൺസിലർ സി. ആനി കുര്യാക്കോസും നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിലർ സി. ജെസ്സിൻ തെരേസും പങ്കെടുത്തു.

**സി.എസ്.സി.**

സി.എസ്.സി. യുടെ സ്ഥാപകനും, തൃശൂർ അതിരൂപതയിലെ ശ്രേഷ്ഠവൈദികനുമായിരുന്ന ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെ ഫ്രാൻസിസ് പാപ്പ 21/12/2018 ന് ധന്യപദവിയിലേയ്ക്ക് ഉയർത്തിയതിന്റെ ഔദ്യോഗികപ്രഖ്യാപനവും കൃതജ്ഞതാബലിയും കബറിടം സ്ഥിതിചെയ്യുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽ വച്ച് 26 –ാം തിയതി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. 29ന് കോലഴി, മരിയഭവൻ ജനറലേറ്റിൽ വച്ച് പ്ലീനറി കൗൺസിൽ നടന്നു. 30ന് കൂർക്കഞ്ചേരി, പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ബൈബിൾ ഗ്രാമം കുട്ടികളുടെ മാതാപിതാക്കളുടെ സംഗമം നടത്തി. സുപ്പീരിയർ ജനറൽ ബ. മദർ ലുസീന സി. എസ്.സി. അധ്യക്ഷത വഹിച്ചു.

**എസ്.എ.ബി.എസ്**

ധോണിയിലെ മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. റെനി പുല്ലുകാലായിലിന്റെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ലോക്കൽ സുപ്പീരിയേഴ്സിനും സിനാക്സിസ് അംഗങ്ങൾക്കുമായി ഏകദിനപ്രാർത്ഥന നടത്തി. 17ന് എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നിർമ്മൽ റാണി പ്രോവിൻസിന്റെ ഏഴാമത് പ്രൊവിൻഷ്യൽ സിനാക്സിസ് ആരംഭിച്ചു. റവ. ഫാ. ബോസ്ക്കോ ഞാളിയത്ത്, റവ. ഫാ. മാത്യു കുറ്റിക്കോട്ടയിൽ എന്നിവർ ക്ലാസുകൾ നൽകി.

പ്രൊവിൻഷ്യൽ സിനാക്സിസിന്റെ തിരഞ്ഞെടുപ്പ് ദിനമായ21–ാം തിയതി തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പ്രൊവിൻഷ്യൽ ഹൗസിൽ രാവിലെ 6.30 ന് വിശുദ്ധ ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ബ. ജനറാളമ്മ, റവ. മദർ ഗ്രെയ്സ് പെരുമ്പനാനിയുടെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയറായി സി. സോഫി പെരേപ്പാടൻ തിരഞ്ഞെടുക്കപ്പെട്ടു.

## ആദരാഞ്ജലികൾ



**സി.എസ്.സി.** കല്ലൂർ, സെന്റ് ജോസഫ്സ് ഭവനാംഗമായ സി. ഗാർസിയ സി എസ് സി **09.12.2018 നു** നിര്യാതയായി. മൃതസംസ്ക്കാരം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു.



**എസ്.എ.ബി.എസ്.** പടവരാട് ശാന്തിഭവൻ അംഗമായിരുന്ന സി. ബോർജിയ(88) 23.12.2018നു നിര്യാതയായി. മൃതസംസ്ക്കാരം പിറ്റേന്ന് 2 മണിക്ക് തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ മഠം വക സെമിത്തേരിയിൽ നടത്തി.

**സി. നമിത റോസ് സി.എം.സി.**
സി. ആർ.ഐ. സെക്രട്ടറി



# പാലയൂർ തീർഥകേന്ദ്രം

1. **മുപ്പിട്ടു ഞായർ തിരുനാളും ദണ്ഡവിമോചനവും – ഫെബ്രുവരി 16,17 തിയതികളിൽ**

   ഫെബ്രുവരി 16, ശനി വൈകീട്ട് 5ന് ദണ്ഢവിമോചന നവീകരണ ശുശ്രൂഷയും തിരുനാൾ കർമ്മങ്ങളും, വിശുദ്ധ കുർബ്ബാനയും തുടർന്ന് 17ന് രാത്രിവരെ വിശുദ്ധ കവാടത്തിലൂടെ യോഗ്യതയോടെ പ്രവേശിച്ച്, നിബന്ധനകൾ പാലിച്ച് പ്രാർത്ഥിക്കുന്നവർക്ക് ദണ്ഢ വിമോചനം പ്രാപിക്കാവുന്നതാണ്. 17 ന് രാവിലെ 6.30ന് തിരുനാൾ കുർബ്ബാന, പ്രദക്ഷിണം, തിരുശേഷിപ്പു വണക്കം, നേർച്ച ഭക്ഷണം. 10.30നും 3.45നും 5.30നും വിശുദ്ധ കുർബ്ബാനയും തിരുശേഷിപ്പു വണക്കവും നേർച്ചയും 3 മണിക്ക് തളിയക്കുളത്തിൽ ആഘോഷ മായ മാമോദീസയും രാവിലെ 8 മണിക്ക് കുഞ്ഞുങ്ങൾക്ക് ആദ്യത്തെ ചോറൂണ് ഉണ്ടായിരിക്കും.

2. **ഒരുക്കധ്യാനം ഫെബ്രുവരി 9ന്, കൺവെൻഷൻ മാർച്ച് 29 മുതൽ ഏപ്രിൽ 2 വരെ**

   2019 മാർച്ച് 29 മുതൽ ഏപ്രിൽ 2 വരെ നടക്കുന്ന പാലയൂർ കൺവെൻഷന് ഒരുക്കമായുള്ള ഏകദിന കൺവെൻഷൻ ഫെബ്രു വരി 9, ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30വരെ നട ക്കുന്നതാണ്. കൺവെൻഷൻ നയിക്കുന്ന റവ. ഡോ.അലോഷ്യസ് കുളങ്ങര ഡയറക്ടർ ആയിട്ടുള്ള ഹോളി സ്പിരിറ്റ് മിനിസ്ട്രീസ് ഏന്റ് ടീം, കോഴിക്കോട് ആണ് ഏകദിന ധ്യാനവും നയിക്കുന്നത്. അതിരൂ



പത തലത്തിൽ നടക്കുന്ന പാലയൂർ കൺവെൻഷൻ 2019 ലേക്ക് അതിരൂപതയിലെ എല്ലാ പ്രദേശങ്ങളിൽ നിന്നും വിശ്വാസികൾ വരുന്നതാണ്.

3. **മാർത്തോമ ചൊവ്വാഴ്ച ആചരണം**
ഫെബ്രുവരി 5,12,19,26 തിയതികളിൽ ഏകദിന കൺവെൻഷനായി, മാർതോമ ചൊവ്വാഴ്ച ആചരണം നടക്കുന്നതാണ്. 9.45 മുതൽ നൊവേന, സമർപ്പണം, വചന പ്രഘോഷണം, വി.കുർബ്ബാന, ആരാധന, മധ്യസ്ഥ പ്രാർത്ഥന, സാക്ഷ്യങ്ങൾ, ആശീർവ്വാദം എന്നിവയോടു കൂടി 3.30ന് സമാപിക്കുന്നതാണ്.

4. **വ്രതാരംഭ കൂട്ടായ്മ പാലയൂരിൽ – മാർച്ച് 4 ന്**
മാർച്ച് 4–ാം തിയതി വിഭൂതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് പാലയൂരിൽ വ്രതാരംഭ കൂട്ടായ്മ  ഉണ്ടായിരിക്കുന്നതാണ്. അന്ന് ഉച്ച കഴിഞ്ഞ് 4 മണിയോടെ പാലയൂരിലെത്തി തളിയക്കുളത്തിൽ ആചാരക്കുളി (Ritual Bath) നടത്തി, വ്രത വസ്ത്രം ധരിച്ച് (വ്രതവസ്ത്രം ആവശ്യമുള്ളവർക്ക് പാലയൂരിൽ നിന്ന് വാങ്ങാവുന്നതാണ്. ക്ഷാരനിറമുള്ള മുണ്ട് പുരുഷന്മാർക്കും, ക്ഷാരനിറമുള്ള സാരി സ്ത്രീകൾക്കും, ക്ഷാരനിറമുള്ള തുണി കൊണ്ട് ചുരിദാറും മറ്റും തയ്ച്ച് ആവശ്യമുള്ളവർക്കും ഉപയോഗിക്കാം).  വ്രതമെടുത്ത് നോമ്പുകാലം ആചരിക്കുന്നതിനുവേണ്ടി പ്രാരംഭ കൂട്ടായ്മയിൽ പങ്കെടുക്കുന്നവരുടെ എണ്ണം വർഷം തോറും കൂടി വരുന്നുണ്ട് എന്നത് സന്തോഷകരമാണ്. (വ്രതവസ്ത്രം ആവശ്യമുള്ളവർ ഫോൺ ചെയ്ത് ബുക്ക് ചെയ്യാം. ഫോൺ – 0487 2556418, 2556978) വ്രതാരംഭ കൂട്ടായ്മക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വം വഹിക്കുന്നതാണ്.

5. **വിശുദ്ധബലി അർപ്പണം**
ജനുവരി 5ന് അതിരൂപതയിലെ നവവൈദികർ പാലയൂർ തീർത്ഥ കേന്ദ്രത്തിൽ വിശുദ്ധ ബലിയർപ്പിച്ച് മാർ തോമാ ശ്ലീഹായുടെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചു.

6. **ദിവ്യബലി അർപ്പിക്കുവാൻ**(3 റീത്തിലും ആകാം) വരുന്ന വൈദികർ, മുൻകൂട്ടി അറിയിക്കുന്നത് നല്ലതാണ് (ഫോൺ – 0487 2556928, 2556418).

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
റെക്ടർ

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റവും പ്രിയ കുട്ടികളേ,

“നിന്റെ ദൈവമായ കർത്താവ്, വിജയം നൽകുന്ന യോദ്ധാവ് നിന്റെ മധ്യേയുണ്ട്” (സെഫാ 3:7). വാർഷിക പരീക്ഷയ്ക്ക് ഒരുങ്ങാനുള്ള സമയമാണ് ഈ മാസം. അലതസത മാറ്റിവച്ച് കഠിനദ്ധ്വാനം ചെയ്യേണ്ട കാലഘട്ടമാണ് ഈ വരുന്ന ദിവസങ്ങൾ. നന്നായി പഠിക്കാനും പഠിച്ചവ ഓർത്തിരിക്കാനും നന്നായി പരീക്ഷ എഴുതുവാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. എന്റെ അനുദിന വി. കുർബാനകളിൽ നിങ്ങളെയും ഓർക്കുന്നതാണെന്ന് ഉറപ്പു തരുന്നു. പരിശുദ്ധാത്മാവിനോടുള്ള കൊച്ചു പ്രാർത്ഥന പഠിക്കാൻ തുടങ്ങുമ്പോഴും പരീക്ഷ എഴുതാൻ തുടങ്ങുമ്പോഴും മനസ്സിൽ ചൊല്ലണം. എന്റെ പഠനകാലത്ത് എന്നെ സഹായിച്ചതും വിജയം നൽകിയതും പ്രാർത്ഥനകളാണ്. നേരത്തെ ഞാൻ പറഞ്ഞ വചനം, “നിന്റെ ദൈവമായ കർത്താവ്, വിജയം നൽകുന്ന യോദ്ധാവ് നിന്റെ മധ്യേയുണ്ട്” (സെഫാ 3:7), ഇടക്കിടെ നിങ്ങൾ ഉരുവിടണം. ദൈവവചനം തീർച്ചയായും നിങ്ങളെ വിജയമാകുന്ന ഫലം കൊണ്ട് നിറക്കും. നിങ്ങൾക്കെല്ലാവർക്കും നല്ല വിജയം നേരുന്നു.

“ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തന്റെ ഛായയിലും സാദൃശ്യത്തിലുമാണ്” (ഉല്. 1:26). എല്ലാ മനുഷ്യരെ സംബന്ധിച്ചും ദൈവത്തിന് പദ്ധതിയുണ്ട്, “കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി. അപ്പോൾ നിങ്ങൾ എന്നെ വിളിച്ചപേക്ഷിക്കും; എന്റെ അടുക്കൽവന്നു പ്രാർഥിക്കും. ഞാൻ നിങ്ങളുടെ പ്രാർഥന ശ്രവിക്കും” (ജറെ. 29:11–13). ഓരോ മനുഷ്യനെ

കുറിച്ചുമുള്ള ദൈവത്തിന്റെ പദ്ധതി തിരിച്ചറിയലാണ് ദൈവവിളി. ജറെമിയ പ്രവാചകനിലൂടെയും വി. പൗലോസ് ശ്ലീഹായിലൂടെയും ദൈവം പറയുന്നു; മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പേ ദൈവം നമ്മെ വിളിക്കുന്നു.

എന്തിനാണ് ഞാൻ ദൈവപദ്ധതിയെ പറ്റി പറഞ്ഞത് എന്ന് നിങ്ങൾ ചിന്തിച്ചേക്കാം. കാരണം പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും പഠിക്കുന്നവർ സാധാരണയായി അവരുടെ ഭാവി ജീവിതം എങ്ങനെ വേണം, ഏത് തരത്തിലാകണം, എന്നൊക്കെ തിരുമാനിക്കുന്ന സമയമാണ്, മറ്റൊരുവാക്കിൽ പറഞ്ഞാൽ എന്റെ ജീവിതാന്തസ്സ് എന്തായിരിക്കണം എന്ന് തീരുമാനിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്ന സമയമാണ്. എനിക്ക് ചേർന്ന ജോലി എന്താണ് എന്ന് ചിന്തിച്ച് മുന്നേറുന്ന അവസരം കൂടിയാണ്. കാരണം പത്താം ക്ലാസ്സും പന്ത്രണ്ടാം ക്ലാസ്സും കഴിയുമ്പോഴാണ് നിങ്ങൾ തുടർപഠനത്തിന്റെയും പ്രവർത്തനത്തിന്റെയും മേഖല തെരഞ്ഞെടുക്കുന്നത്. കുട്ടികളേ ഈ അവസരത്തിൽ വിവിധ ദൈവവിളികളിൽ മഹത്തായ ദൈവവിളിയെ (1 കൊറി. 7) പരിചയപ്പെടുത്താനും അല്പം വിശദീകരിക്കാനും ഞാൻ ആഗ്രഹിക്കുന്നു.

പ്രധാനമായും 4 ജീവിതാന്തസ്സിലേക്കാണ് ദൈവം മനുഷ്യരെ വിളിക്കുന്നത്. "സ്രഷ്ടാവ് ആദ്യം മുതലേ മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. അവർ പിതാവിനെയും മാതാവിനെയും വിട്ട് ഏകശരീരമായി തീരണം. എന്തെന്നാൽ ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ" (മത്താ. 19:4–6). ഭൂരിഭാഗം പേരെയും ദൈവം വിളിക്കുന്നത് കുടുംബജീവിതത്തിലേക്കാണ്. ഉല്പത്തി പുസ്തകം ഉദ്ധരിച്ച് യേശു പറയുന്നു: എന്നാൽ വിവാഹാന്തസ്സിനു പുറമേ ചുരുക്കം പേരെ ദൈവരാജ്യത്തെപ്രതി ബ്രഹ്മചര്യജീവിതം നയിക്കാൻ ദൈവം വിളിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ജീവിതാന്തസ്സുകൾ താഴെ പറയുന്നവയാണ്. 1. വിവാഹജീവിതം 2. വൈദികജീവിതം 3. സന്യാസജീവിതം 4. ഏകസ്ഥജീവിതം.

ഇപ്രകാരമുള്ള ജീവിതാന്തസ്സിൽ ജീവിക്കുന്നവർക്ക് അവരുടെ ജോലിയുമായി ബന്ധപ്പെട്ട് വിവിധ ജീവിതതുറകൾ ഉണ്ടാകാം. ഉദാഹരണമായി അധ്യാപകൻ, ഡോക്ടർ, കർഷകൻ, ഡ്രൈവർ തുടങ്ങിയവ. എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധിയിലേക്കാണ്. സ്വർഗ്ഗത്തിൽ പിതാവിന്റെ അടുത്ത് എത്തുക എന്നതാണ് ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട എല്ലാവരുടെയും ലക്ഷ്യം. ഓരോ മനുഷ്യന്റെയും ജീവിതാന്തസ്സും ജീവിതതുറയുമായി ജീവിക്കുമ്പോഴാണ് ഈ ജീവിതലക്ഷ്യം സാധ്യമാകുക.

വൈദിക–സന്യാസജീവിതത്തിലേക്കുള്ള വിളിയാണ് ഇന്ന് സാധാ

രണനിലയിൽ ദൈവവിളി എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ കുടുംബജീവിതത്തിലേക്കുള്ള വിളിയും ദൈവവിളിയാണ്. ദൈവത്തിന് ഓരോ വ്യക്തിയെയും കുറിച്ചുള്ള പദ്ധതി തിരിച്ചറിയാൻ സഹായിക്കലാണ് ദൈവവിളി പരിപോഷണം. പരി. മറിയത്തിന്റെ ദൈവ വിളി തിരിച്ചറിയാൻ ഗബ്രിയേൽ മാലാഖയാണ് സഹായിച്ചത് (ലൂക്ക. 1:26). ശിഷ്യന്മാരെ യേശു നേരിട്ട് വിളിക്കുകയാണ് ചെയ്തത്. പൗലോസ് ശ്ലീഹായുടെ വിളി തിരിച്ചറിയാൻ സഹായിച്ചത് അനനിയാസാണ് (അ. പ്ര. 9). കുട്ടികളായ നിങ്ങൾ ദൈവത്തോട് പ്രാർത്ഥനയിലൂടെ, നിങ്ങ ളുടെ ദൈവവിളിയെ കുറിച്ച് ചോദിക്കേണ്ട അവസരമാണിത്. ഏതുതരം അന്തസ്സിൽ പ്രവേശിക്കുന്നതാണ് നിങ്ങളെ കുറിച്ചുള്ള ദൈവഹിതം എന്നും നാം തിരിച്ചറിയണം. നന്നായി പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ ഉള്ളിന്റെയുള്ളിൽ ദൈവം തോന്നിപ്പിക്കും. ചിലപ്പോൾ മാതാപിതാക്കളോ ഗുരുഭൂതരോ കൂട്ടുകാരോ ആയിരിക്കും നിങ്ങളെ സഹായിക്കുക. വൈദി കനോ സന്യാസിയോ ആകണമെന്ന ആഗ്രഹം നിങ്ങളുടെ ഉള്ളിൽ തോന്നുന്നുണ്ടെങ്കിൽ അത് നിങ്ങളുടെ വികാരിയച്ചനെ അറിയിക്കുക. നിങ്ങൾ നന്നായി പ്രാർത്ഥിക്കുകയും വേണം. യേശു തനിക്ക് ഇഷ്ടമു ള്ളവരെയാണ് വിളിക്കുന്നത് (മത്താ. 3:13). “നിങ്ങൾ എന്നെ തെരഞ്ഞെ ടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്” (യോഹ. 15:16).

യേശു ചിലരെ വിളിക്കുന്നത് രണ്ടു കാര്യങ്ങൾക്കാണ് എന്നാണ് മാർക്കോസിന്റെ സുവിശേഷം പറയുന്നത് (മാർക്കോ 3:14). അത് യേശു വിനോടുകൂടെയായിരിക്കാനും അയയ്ക്കപ്പെടാനും വേണ്ടിയാണ്. മെത്രാ നായി ഞാൻ അഭിഷിക്തനായപ്പോൾ തെരഞ്ഞെടുത്ത മുദ്രാവാക്യവും ഇതാണ് ‘കൂടെയായിരിക്കാനും അയയ്ക്കപ്പെടാനും’ (മാർക്കോ 3:14). മൂന്നു കാര്യങ്ങൾക്കായിട്ടാണ് യേശു വിളിക്കുന്നത് എന്ന് അർത്ഥം, 1. അയയ്ക്കപ്പെടുക, 2. പഠിപ്പിക്കുക, 3. വിശുദ്ധീകരിക്കുക. യേശുവിന്റെ ഈ മൂന്ന് അജപാലദൗത്യങ്ങൾ നിർവ്വഹിക്കാൻ വിളിക്കപ്പെട്ടവരാണ് വൈദികർ. യേശുവിനോടു കൂടെയായിരുന്ന് താപസ്സജീവിതത്തിന് ഊന്നൽ കൊടുക്കുന്നവരാണ് സന്യസ്തർ/സമർപ്പിതർ. സമർപ്പിതരുടെ ഇടയിൽ ഓരോ സിദ്ധിയനുസരിച്ച് പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങ ളുണ്ട്. അവർ സന്യാസവൈദികർ, സന്യാസസഹോദരർ, സന്യാസിനി കൾ എന്നിവരാണ്. ഇതിനു പുറമേ സമർപ്പിതരോ വൈദികരോ ആകാതെ വീടുകളിലും മറ്റും ഏകസ്ഥജീവിതം നയിക്കുന്നവരുമുണ്ട്. എന്നാൽ കുടുംബജീവിതം നയിക്കുന്നവരുടെ ഇടയിൽ തന്നെ സമർപ്പിത മനോഭാവത്തോടെ ജീവിക്കുന്നവരുമുണ്ട്. നമ്മുടെ അതിരൂപതയിൽ

പ്രവർത്തിക്കുന്ന ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലിസ് (LOAF) അതിനോരുദ്ധാഹരണമാണ്.

നിങ്ങളുടെ ഇടവകകളിൽ നിന്ന് നല്ല ദൈവവിളിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. നിങ്ങളെ കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി എന്തെന്ന് നന്നായി ആലോചിക്കണം. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും. പരീക്ഷയിൽ എല്ലാവിധ വിജയാശംസകളും നേരുന്നു.

നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

വിശ്വാസപരിശീലന ക്ലാസ്സുകളിലെ വാർഷിക പരീക്ഷകൾക്ക് ഒരുങ്ങുകയാണല്ലോ. പഠിച്ച കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കാനും പഠിക്കാതെപോയ കാര്യങ്ങൾ വീണ്ടും ശ്രദ്ധിക്കാനും കുറച്ചുസമയംകൂടിയേ ഉള്ളൂ. തുടർന്നുവരുന്ന അവധിക്കാലം വിശ്വാസപരിശീലനത്തിന്റെ അവധിക്കാലമല്ല. പഠിച്ചവ പ്രാവർത്തികമാക്കാനുള്ള സവിശേഷാവസരമാണ്. അതിനുള്ള അവസരങ്ങൾ അനവധിയാണ്. ദൈവവിളികളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വിവേചിച്ചറിയാനുള്ള കാലഘട്ടം കൂടിയാണിത്. ഈശോയുടെ സമർപ്പണത്തെ മാതൃകയാക്കാം. ആത്മീയ ഉണർവ്വോടെ ഈ കാലഘട്ടം ഫലപ്രദമായി വിനിയോഗിക്കാം. നന്നായി ഒരുങ്ങി മതബോധന പരീക്ഷകളും സ്കൂൾ പരീക്ഷകളും ചെയ്യാം. എല്ലാവർക്കും നല്ല വിജയം ആശംസിക്കുന്നു.

**1. ഹെഡ്മാസ്റ്റർമാർ, സെക്രട്ടറിമാർ, സോഫ്റ്റ്‌വെയർ ഓപ്പറേറ്റർമാർ എന്നിവരുടെ സംയുക്ത യോഗം**

| | | |
|---|---|---|
| തിയതി | : | 2019 ഫെബ്രുവരി 3 |
| ദിവസം | : | ഞായർ |
| സമയം | : | 02.30 PM |
| സ്ഥലം | : | **DBCLC** |

എല്ലാ ഹെഡ്മാസ്റ്റർമാരേയും സെക്രട്ടറിമാരെയും കാറ്റക്കിസം സോഫ്റ്റ്‌വെയർ ഓപ്പറേറ്റർമാരെയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**2. ഞായർ മതബോധന വാർഷിക പരീക്ഷകൾ:**

2019 ഫെബ്രുവരി 10, 2PM-4PM : **Std X, XI & XII**

2019 ഫെബ്രുവരി 17, 2PM-4PM : **Stds. I, III, V, VII, IX, and ACC** (3 hours, 2PM-5PM)

2019 ഫെബ്രുവരി 24, 2PM-4PM : **Stds. II, IV, VI & VIII**

**പരീക്ഷയെ സംബന്ധിച്ച നിർദ്ദേശങ്ങൾ** കൃത്യമായി പാലിക്കേണ്ടതാണ്. ബഹു. വൈദികരുടെ മേൽനോട്ടത്തിലും ഹെഡ്മാസ്റ്ററുടെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വാർഷിക പ്രോഗ്രാമിൽ നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ മതബോധന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും അറിയിക്കേണ്ടതാണ്.

**3. Std. XII & ACC Common Examinations – February 2019**

**a)** ഓരോ പരീക്ഷയുടെയും നടത്തിപ്പിന് വിസിറ്റർ ആയി വരുന്നത് ഒരാൾ മാത്രമായിരിക്കും. അതിനാൽ പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമുള്ളത്ര അധ്യാപകരെ യൂണിറ്റിൽ നിന്നുതന്നെ നിയോഗിക്കേണ്ടതാണ്.

**b)** **XII, ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷ:** ചോദ്യങ്ങൾക്കു താഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള Question & Answer Book സംവിധാനമാണ്, ഈ വർഷവും തയ്യാറാക്കുന്നത്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.

**c)** XII, ACC പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും വിസിറ്റ് നടത്തേണ്ട യൂണിറ്റിലേയും ഹെഡ്മാസ്റ്ററേയും വികാരിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.

**d)** പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.

**4. കേന്ദ്രീകൃത മൂല്യനിർണ്ണയം – 2019**

**a)** ACC കേന്ദ്രീകൃത മൂല്യനിർണ്ണയം മതബോധനകേന്ദ്രത്തിൽ വെച്ചു

തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ACC Examination Board തീരുമാനപ്രകാരമാണ്. യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ACC കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്നതാണ്.

**b)** Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**Centralised Evaluation** : Time: 9.30 AM - 4.30 PM

Std. XII : 2019 മാർച്ച് 2, 3 ശനി, ഞായർ

ACC : 2019 മാർച്ച് 2–3, 9–10 (ശനി, ഞായർ ദിവസങ്ങൾ)

**Chief Examiners' Meeting**:

24th February, Sunday 10.30 AM

**5. ഉത്തരക്കടലാസു പരിശോധന:** Stds. I മുതൽ XI വരെയുള്ള വിദ്യാർത്ഥികളുടെ ഉത്തരകടലാസു പരിശോധന ബഹുമാനപ്പെട്ട വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും നേതൃത്വത്തിൽ യൂണിറ്റിൽ തന്നെ ഒരു ദിവസം എല്ലാ അധ്യാപകരും ഒന്നുചേർന്ന് നടത്തുവാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഉത്തരസൂചിക അതിരൂപതാ മതബോധന കേന്ദ്രത്തിന്റെ ബ്ലോഗിൽ നിന്നും പരീക്ഷകൾക്കുശേഷം ലഭിക്കുന്നതാണ്. ബ്ലോഗ് അഡ്രസ്സ് http://catechismtrichur.blogspot.in വിദ്യാർത്ഥികളുടെ വാർഷികപരീക്ഷാ ഉത്തരക്കടലാസുകൾ മതബോധന കേന്ദ്രം നൽകിയിരിക്കുന്ന ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ കൃത്യതയോടും നീതിയോടും മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്; ആനുപാതികമല്ലാതെയും അർഹതയില്ലാതെയും മാർക്ക് നൽകിയ ഉത്തരക്കടലാസ്സുകളുണ്ടോ എന്ന് വികാരിയച്ചനും ഹെഡ്മാസ്റ്ററും പരിശോധിക്കേണ്ടതാണ്.

**6. Intensive Catechism – ദൈവദർശൻ 2019**

ഏപ്രിൽ, മെയ് മാസങ്ങളിൽ യൂണിറ്റിൽ നടത്തുന്ന ദൈവദർശൻ ക്യാമ്പിൽ ACC വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്ന വിധമാണ് ക്രമീകരിച്ചിട്ടുള്ളത്. വിശദവിവരങ്ങൾക്ക് പെ. ബഹു. മൈനർ സെമിനരി റെക്ടറുമായി ബന്ധപ്പെടുക:

V. Rev. Fr. Dominic Thalakoden : 0487 - 2420891, 2423196

7. **Sunday Catechism Scholarship Exam. 2019**

1. Stds. IV to XI ലെ വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പരീക്ഷ അതിരൂപതാടിസ്ഥാനത്തിൽ 2019 ഏപ്രിൽ **6** ശനിയാഴ്ച **2PM–**

4PM ന് വിവിധ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നു. കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് പിന്നീട് അറിയിക്കുന്നതാണ്.

2. അർദ്ധവാർഷിക പരീക്ഷയിൽ 80 ശതമാനമോ അതിൽ കൂടുതലോ മാർക്ക് നേടിയ (32/40) വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ മതബോധനത്തിൽ നിശ്ചിത തിയതിക്കുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ലഭിച്ച ഉത്തരക്കടലാസ്സുകൾ പുനർമൂല്യനിർണ്ണയം ചെയ്തിരുന്നു. ഇപ്രകാരം മതബോധനകേന്ദ്രത്തിലെ പുനർമൂല്യനിർണ്ണയത്തിനുശേഷം ലഭിച്ച മാർക്കിനോടുകൂടി വാർഷികപരീക്ഷയിൽ യൂണിറ്റിലെ മൂല്യനിർണ്ണയത്തിൽ ലഭിച്ച മാർക്കുകൂടി കൂട്ടിയാൽ 88 ശതമാനമോ അതിൽക്കൂടുതലോ മാർക്കുള്ള വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷയുടെ ഉത്തരകടലാസ്സുകൾ മതബോധനകേന്ദ്രത്തിലേക്ക് 2019 മാർച്ച് 15നു മുമ്പ് സമർപ്പിക്കേണ്ടതാണ്. നിശ്ചിത തിയ്യതിക്കുശേഷം വരുന്ന ഉത്തരക്കടലാസ്സുകൾ സ്വീകരിക്കുന്നതല്ല. വാർഷിക പരീക്ഷയുടെയും ഉത്തരക്കടലാസ്സുകൾ മതബോധനകേന്ദ്രം പുനർമൂല്യനിർണ്ണയം ചെയ്തശേഷം സ്കോളർഷിപ്പ് പരീക്ഷക്ക് അർഹരായവരുടെ ലിസ്റ്റ് (Scholarship Eligible Students List) ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ യൂണിറ്റുകളിൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കാവൂ.

3. അർദ്ധവാർഷിക, വാർഷിക പരീക്ഷകളുടെ ഉത്തരക്കടലാസ്സുകൾ മതബോധനകേന്ദ്രത്തിൽ പുനർനിർണ്ണയം നടത്തിയശേഷം രണ്ടിലുംകൂടി 90 ശതമാനമോ അതിൽ കൂടുതലോ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്കാണ് (അതായത് 80 ൽ 72 മാർക്കോ അതിൽ കൂടുതലോ നേടിയവർ) സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളത്.

**8. Moral Science Scholarship Exam. 2019**

പരീക്ഷാ ദിവസം: **9th February Saturday** 2PM – **4** PM. പതിവുപോലെ 7 കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നു. **Scholarship Students List** മതബോധനകേന്ദ്രത്തിൽ ലഭിക്കേണ്ട അവസാന തിയ്യതി **20th January.**

**9. Basic CTC Course -**

അവധിക്കാലത്ത് താഴെപ്പറയുന്ന തിയതികളിൽ **Basic CTC** നടത്തുന്നതാണ്.

**March 29 Friday 5PM - 31 Sunday 4PM**

**April 26 Friday 5PM - 28 Sunday 4PM**

**May 10 Friday 5PM - 12 Sunday 4PM**

അതിരൂപതയിലെ മതബോധന അധ്യാപകരെല്ലാം Catechists Training Course-ൽ നിർബന്ധമായും പങ്കെടുത്തിരിക്കണം. സി.ടി.സി. കോഴ്സിൽ പങ്കെടുക്കേണ്ട അധ്യാപകരെ മതബോധന സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത തിനുശേഷം രജിസ്ട്രേഷൻ ഫീസ് (ഒരംഗത്തിനു 250 രൂപ) മത ബോധന ഓഫീസിൽ 5 ദിവസത്തിനകം അടക്കേണ്ടതാണ്. അല്ലാത്തപക്ഷം രജിസ്ട്രേഷൻ അസാധുവാകുന്നതാണ്.

**10. SMCC Award Std XII - 2018**

സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ Syro-Malabar Catechetical Commission (SMCC) Std XII-ലെ വിദ്യാർത്ഥികൾക്കായി നടത്തിയ പ്രതിഭാ സംഗമത്തിൽ തൃശ്ശൂർ അതിരൂപതയിൽ നിന്നും ഡിവിൻ ചാക്കോ (മുല്ലശ്ശേരി), മെഫിൽ മോറ (ചിയ്യാരം വിജയമാത), സ്മിന്റോ പി. ജോൺസൻ (പൂങ്കുന്നം), ഷിജി സി. (ആർത്താറ്റ്), ഏങ്ക്ളിൻ വിൻസന്റ് വി. (കുറുമാൽ), ജെസ്റിൻ മരിയ ഫ്രാൻസിസ് (തിരൂർ) എന്നിവർ പങ്കെടുത്തു. സീറോ മലബാർ സഭയുടെ കേരളത്തിലെ 13 രൂപതകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 76 വിദ്യാർത്ഥികൾ പ്രതിഭാസംഗമത്തിന് എത്തിയിരുന്നു. തൃശ്ശൂർ അതിരൂപതയിൽ നിന്നും **സ്മിന്റോ പി. ജോൺസൻ** പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ടു. സ്മിന്റോക്ക് തൃശ്ശൂർ അതിരൂപതയുടെ സ്നേഹം നിറഞ്ഞ അഭിനന്ദനങ്ങൾ.

**Prathiba**



**Sminto P. Johnson**
**Punkunnam**

സസ്നേഹം,

**Fr. Raphael Akkamattathil**
Director

**Fr. Tens Kunnappilly**
Fr. Rijo Vithayathil Kozhukkullikaran
Fr. Royson Kollannur
Asst. Directors

# Institute of THEOLOGY

**1. തിയോളജി സെമിനാർ**

Institute of Theology, Thrissur, Chair for Christian Studies at the University of Calicut, Marymatha Major Seminary, Thrissur എന്നിവ ചേർന്ന് സംയുക്തമായി 2018 ഫെബ്രുവരി 8,9,10 തിയതികളിൽ ഒരു സെമിനാർ നടത്തുന്നു. വിഷയം: **"A Renewed Church in and for the World"** താഴെ പറയുന്ന സ്ഥലങ്ങളിലായാണ് 3 ദിവസത്തെ സെമിനാർ നടക്കുന്നത്.

Feb 8 : Calicut University;

Feb 9 : Marymatha Major Seminary, Trichur;

Feb 10 : Family Apostolate Centre, Trichur.

എല്ലാ തിയോളജി വിദ്യാർത്ഥികൾ ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. മുൻ വിദ്യാർത്ഥികൾക്കും സ്വാഗതം. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഫെബ്രുവരി 5നുമുമ്പ് പേരുകൾ തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രജിസ്റ്റർ ചെയ്യുമല്ലോ.

**2. B.A. in Theology and Religious Studies:**

ബെൽജിയം ലുവെൻ യുണിവേഴ്സിറ്റിയുടെ ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office –മായി ബന്ധപ്പെടുക.

**3. Correspondence Theology Course:**

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ഫെബ്രുവരി 17, 24 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.

**4. Basic Theology Course:**

സന്യാസാർത്ഥിനികൾക്കായുള്ള മൂന്നു മാസത്തെ ബേസിക് തിയോളജി കോഴ്സ് ജനുവരി 7–ാം തിയ്യതി ആരംഭിച്ചു. 8 സന്യാസസമൂഹങ്ങളിൽ നിന്നായി 37 സന്യാസാർത്ഥിനികളാണ് കോഴ്സിൽ സംബന്ധിക്കുന്നത്. ഇവരെ പറഞ്ഞയച്ച സന്യാസസമൂഹാധികാരികൾക്ക് പ്രത്യേകം നന്ദി. പങ്കെടുക്കുന്ന സന്യാസസമൂഹങ്ങൾ താഴെ ചേർക്കുന്നു.

1. Sisters of the Adoration of the Blessed Sacrament(S.A.B.S.)
2. Congregation of Holy Family (CHF)
3. Little Sisters of Mother of Sorrows (Clelia)
4. Sisters of Franciscan Clarist Congregation (FCC)
5. Congregation of Samaritan Sisters (CSS)
6. Sisters of Mount Calvary (SMC)
7. Trinitarian Sisters (SHT)

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ



# മേരിമാത മേജർ സെമിനാരി

**1. ക്രിസ്തുമസ് ആഘോഷം**

വൈദികവിദ്യാർത്ഥികൾ അവധിക്കായി സ്വഭവനങ്ങളിലേക്ക് പോകുന്നതിനാൽ 20–12–2018 വ്യാഴാഴ്ച വൈകിട്ടാണ് സെമിനാരിയിൽ ക്രിസ്തുമസ് ആഘോഷിച്ചത്. രണ്ടാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ മനോഹരമായ പുൽക്കൂട് നിർമ്മിച്ചിരുന്നു. സാന്താ ക്ലോസിനെ സമകാലിക സംഭവങ്ങളോട് ചേർത്തിണക്കി അവതരിപ്പിച്ചത് ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളാണ്. ഔപചാരികതകൾ ഇല്ലാതിരുന്ന ആഘോഷത്തിൽ എല്ലാവരും ക്രിസ്തുമസ് സമ്മാനങ്ങൾ കൈമാറി. എല്ലാ ബാച്ചുകാരും അണിയിച്ചൊരുക്കിയ കലാപരിപാടികൾ ആഘോഷങ്ങളുടെ മാറ്റ് വർദ്ധിപ്പിച്ചു.

**2. ക്രിസ്തുമസ് അവധി**

21–12–2018 വെള്ളിയാഴ്ച വൈദികവിദ്യാർത്ഥികൾ അവധിക്കായി സ്വഭവനങ്ങളിലേക്ക് പോയി. ഇടവകയിലെ ക്രിസ്തുമസ് പുതുവൽസരാഘോഷങ്ങളിലും തിരുപ്പട്ട ശുശ്രൂഷകളിലും പങ്കെടുത്തതിനുശേഷം 2019 ജനുവരി 5–ാം തിയ്യതി ശനിയാഴ്ച അവധികഴിഞ്ഞ് എല്ലാവരും സെമിനാരിയിൽ തിരിച്ചെത്തി. 07–01–2019 മുതൽ ക്ലാസ്സുകൾ പുനരാരംഭിച്ചു.

**3. ദനഹാത്തിരുനാൾ**

2019 ജനുവരി 5–ാം തിയ്യതി രാത്രി 8.45 നു മേരിമാതായിൽ ദനഹാത്തിരുനാൾ ആഘോഷിച്ചു. പതിവുള്ളതുപോലെ സെമിനാരി മുറ്റത്ത് പിണ്ടി തെളിയിച്ച് പ്രാർത്ഥനാശുശ്രൂഷ നടത്തി. ബഹു. വിൻസന്റ് ആലപ്പാട്ടച്ചൻ തിരുനാൾ സന്ദേശം നൽകി. തുടർന്ന് ഏൽപയ്യാ ഗാനം ആലപിച്ച് തിരുനാളിന്റെ സ്മരണ സജീവമാക്കി.

**4. മാസധ്യാനം**

പുത്തനാണ്ടിലെ ആദ്യത്തെ മാസധ്യാനം ജനുവരി 11,12 തിയ്യതികളിൽ നടന്നു. വൈദികവിദ്യാർത്ഥികൾക്ക് തങ്ങളുടെ ജീവിതത്തെ വിശ

ദമായി വിലയിരുത്താൻ സഹായിക്കുന്ന രീതിയിലാണ് മാസധ്യാനം വിഭാവനം ചെയ്തിരുന്നത്. ബഹു. ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കി.

5. **ബേഴ്സ് സ്ഥാപിച്ചവർ**

**Patron Membership**

1. ശ്രീമതി ഇ. പി. തങ്കമണി ടീച്ചർ, C/o സെന്റ് ജോസഫ്സ് ലാറ്റിൻ കോൺവെന്റ്, തൃശ്ശൂർ.

**Benefactor Membership**

1. ശ്രീമതി റീത്ത ഫ്രാൻസിസ്, വടക്കേത്തല ഹൗസ്, പറവട്ടാനി.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

## അന്താരാഷ്ട്ര ദൈവശാസ്ത്ര കോൺഗ്രസ്

മേരിമാതാ സെമിനാരിയുടെയും കാലിക്കട്ട് യൂണിവേഴ്സിറ്റി ക്രിസ്റ്റ്യൻ ചെയറിന്റെയും തൃശ്ശൂർ ദൈവശാസ്ത്ര വിദ്യാപീഠത്തിന്റെയും ആഭിമുഖ്യത്തിൽ 2019 ഫെബ്രുവരി 8,9,10 തിയ്യതികളിൽ അന്താരാഷ്ട്ര ദൈവശാസ്ത്ര കോൺഗ്രസ് നടത്തുന്നു.

ലോകത്തിലും ലോകത്തിനുവേണ്ടിയും നവീകരിക്കപ്പെട്ട സഭ എന്ന വിഷയത്തെക്കുറിച്ച് ഇരുപത്തഞ്ചോളം പ്രബന്ധങ്ങൾ ഭാരതത്തിൽ നിന്നും വിദേശത്തുനിന്നുമുള്ള ദൈവശാസ്ത്രജ്ഞരും വിദഗ്ധരും അവതരിപ്പിക്കും. ഫെബ്രുവരി 8 ന് വെള്ളിയാഴ്ച കാലിക്കട്ട് യൂണിവേഴ്സിറ്റിയിലും ഫെബ്രുവരി 9 ന് ശനിയാഴ്ച മേരിമാതാ മേജർ സെമിനാരിയിലും ഫെബ്രുവരി 10 ഞായറാഴ്ച തൃശ്ശൂർ ഫാമിലി അപ്പസ്റ്റൊലേറ്റിലും കോൺഗ്രസ് നടക്കും. ലൂവെയ്ൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. പീറ്റർ ലാംബെറിറ്റ്സ്, ജർമ്മനിയിലെ പാദർബോൺ ഫാക്കൽറ്റിയിലെ പ്രൊഫ. പീറ്റർ ഷാലെൻബർഗ്, ഫുൾഡയിൽ നിന്നുള്ള ഡോ. മാർകോ ബോനേക്കർ തുടങ്ങിയവർ വിദേശപ്രതിനിധികളായെത്തും. കോൺഗ്രസിൽ പങ്കെടുക്കാൻ ദൈവശാസ്ത്ര പഠിതാക്കളെയും ബന്ധപ്പെട്ടവരെയും പ്രത്യേകം ക്ഷണിക്കുന്നു.




# സെ. മേരീസ് മൈനർ സെമിനാരി

## 1. തേർഡ് ടേം സമാരംഭം

2018–2019 അധ്യയന വർഷത്തിലെ അവസാന ടേമിന് പുതുവത്സര ദിനത്തിൽ ആരംഭം കുറിച്ചു. അവധിക്കാലം കഴിഞ്ഞ് പുതിയ ഉന്മേ ഷത്തോടെ തിരിച്ചെത്തിയ സെമിനാരിക്കാർക്ക് ജനുവരി 2 മുതൽ ക്ലാസ്സുകൾ ആരംഭിച്ചു.

## 2. നവവൈദികർക്ക് സ്വീകരണം

ഈ വർഷം അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച നവവൈ ദികർക്ക് മാതൃഭവനമായ മൈനർ സെമിനാരിയിൽ ജനുവരി 2, 3 തിയതികളിലായി സ്വീകരണം നൽകി. ജനുവരി 2ന് വൈകീട്ട് നടന്ന അനുമോദനയോഗത്തിൽ നവാഭിഷിക്തർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും സെമിനാരിക്കാർക്ക് പ്രചോദനാത്മകമായ സന്ദേ ശങ്ങൾ നല്കുകയും ചെയ്തു. ജനുവരി 3ന് രാവിലെ സെമിനാരി യിൽ അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിനോടൊപ്പം കൃത ജ്ഞതാബലി അർപ്പിക്കുകയും ചെയ്തു.

## 3. അഭിവന്ദ്യപിതാവിനോടൊത്ത് ദിവ്യബലിയർപ്പണം

ജനുവരി 4–ാം തിയ്യതി മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സെമി നാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

## 4. ഉല്ലാസ–തീർത്ഥയാത്ര

ജനുവരി 5–ാം തിയ്യതി സെമിനാരി കുടുംബം കുരിശുമല, കുരിശുമ ല ആശ്രമം, വാഗമൺ എന്നിവിടങ്ങളിലേക്ക് ഉല്ലാസ–തീർത്ഥയാത്ര നടത്തി.

## 5. ദനഹാതിരുനാൾ ആഘോഷം

ഈശോയുടെ പ്രത്യക്ഷീകരണത്തെ അനുസ്മരിച്ച് പ്രാർത്ഥനാപൂർവ്വം പിണ്ടി തെളിച്ച് ദനഹാതിരുനാൾ ആചരിച്ചു.

## 6. മാസധ്യാനം

ജനുവരി 11, 12 തിയതികളിൽ റവ. ഫാ. പോൾ കള്ളിക്കാടൻ, റവ. ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ എന്നിവർ യഥാക്രമം മൈനർസെമിനാരി, ഡിഗ്രി വിദ്യാർത്ഥികൾ എന്നിവർക്കായി മാസധ്യാന ചിന്തകൾ നല്കി.

## 7. സൗഹൃദ മത്സരങ്ങൾ

ഡിഗ്രി പഠിക്കുന്ന വൈദിക വിദ്യാർത്ഥികളും മൈനർ സെമിനാരി വിദ്യാർത്ഥികളുമായി മൈനർസെമിനാരിയിൽ വച്ച് ജനുവരി 11, 15 തിയതികളിൽ യഥാക്രമം വോളിബോൾ, ബാസ്ക്കറ്റ് ബോൾ സൗഹൃദ മത്സരങ്ങൾ നടന്നു. മത്സരങ്ങളിൽ വിജയികളായവർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

## 8. ബേഴ്സ് സ്ഥാപിച്ചവർ

1. ശ്രീ. ജോഷി വി. ജെ., വടക്കൻ ഹൗസ്, കൂർക്കഞ്ചേരി.
2. ശ്രീ. ടി. എ. മാത്യു, തൈക്കാട്ടിൽ ഹൗസ്, ഏനാമാക്കൽ.
3. ശ്രീ. ശ്യാം ജോസ്, പുത്തൂക്കര ഹൗസ്, തലോർ
4. ശ്രീ. എം. ഡി. തോമാസ്, മുട്ടത്ത് ഹൗസ്, പൂങ്കുന്നം, തൃശ്ശൂർ

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. ജൂബിലി ഗവേഷണകേന്ദ്രം ധാരണാപത്രം ഒപ്പുവെച്ചു**

കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളായ ഇന്ത്യൻ കൗൺസിൽ ഓഫ് സയന്റിഫിക് റിസർച്ചിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി, സാമൂഹ്യ നീതി, ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന കമ്പോസിറ്റ് റീജിനൽ സെന്റർ ഫോർ പേഴ്സൻസ് വിത്ത് ഡിസെബിലിറ്റീസ് എന്നിവയുമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഗവേഷണ വിഭാഗം ധാരണാപത്രം ഒപ്പുവെച്ചു. ആരോഗ്യപരിപാലന രോഗപ്രതിരോധ, പുനരധിവാസ മേഖലകളെ കേന്ദ്രീകരിച്ചുള്ള ഗവേഷണങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. (NIIST-ന് വേണ്ടി ഡോ. ചന്ദ്രശേഖരഭട്ട്, CRC കോഴിക്കോടിനു വേണ്ടി ഡോ. റോഷൻ ബിജലി, ജൂബിലിക്കുവേണ്ടി ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത് എന്നിവർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ സാന്നിദ്ധ്യത്തിൽ ധാരണാപത്രങ്ങൾ ഒപ്പുവെച്ചു.

ജൂബിലി ആരോഗ്യ ഗവേഷണ കേന്ദ്രത്തിന്റെ ഉപദേശക സമിതിയോഗവും ഇതിനോടനുബന്ധിച്ച് നടന്നു. ഡോ. സുനിൽ കുമാർ (അഹമ്മദാബാദ്), ഡോ. ലാസർ മാത്യു (ന്യൂഡൽഹി), ഡോ. ശ്രീകുമാരൻ നായർ (പോണ്ടിച്ചേരി), ഡോ. ഇ. ഡി. ജമ്മീസ് (ബാംഗ്ളൂർ), ഡോ. സി. കെ. കെ. നായർ (പുഷ്പഗിരി ഗവേഷണ കേന്ദ്രം, തിരുവല്ല), ഡോ. പി. എ. സുരേഷ് (ICCONS, ഷൊർണ്ണൂർ) എന്നിവരും ജൂബിലിയിൽ നിന്നുള്ള ശാസ്ത്രജ്ഞരും ഉപദേശക സമിതി യോഗത്തിൽ പങ്കെടുത്തു.

ഗവേഷണവിഭാഗം മേധാവി ഡോ. ഡി.എം. വാസുദേവൻ ജൂബിലിയിലെ ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപാദിച്ചു. വിവിധ ഗവേഷണ പദ്ധതികൾക്ക് നേതൃത്വം നൽകുന്നു. ഡോ. ബാബു ഉറുമീസ് പാലാട്ടി, ഡോ. ചിത്ര വത്സൻ, ഡോ. നൈസ് ജോൺസൻ, ഡോ. മാത്യു ജോൺ, ഡോ. കെ. സുരേഷ്കുമാർ എന്നിവർ ഗവേഷണ പദ്ധതികൾ വിശദീകരിച്ചു. ധാരണാപത്രം ഒപ്പുവെച്ച തിരുവനന്തപുരം NIIST-മായി ചേർന്ന് ജൂബിലിയിൽ നടക്കുന്ന ഗവേഷണ പദ്ധതികളെക്കുറിച്ച് ഡോ. കെ. ജി. രഘു വിശദീകരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ഡോ. പി. ടി. അണ്ണാമല, റിസേർച്ച് കോർഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസ്, അസി. ഡയറക്ടർ ഫാ. ടിജോ ജോയ് മുല്ലക്കര, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, ഡോ. എസ്. രഞ്ജിത്ത് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**2. എയ്ഡ്സ് ബോധവത്ക്കരണം**

എയ്ഡ്സ് ഡേയോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിലെ മെഡിക്കൽ വിദ്യാർത്ഥികൾ സ്കിറ്റ് അവതരിപ്പിച്ചു. എയ്ഡ്സിനെക്കുറിച്ചുള്ള ബോധവത്ക്കരണം നടത്തുകയും, ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു.

**3. മെഡിക്കൽ ക്യാമ്പുകൾ**

- കല്ലേറ്റുംകര ഇൻഫന്റ് ജീസസ് പള്ളിയിൽ സീനിയർ യൂത്തിന്റെ നേതൃത്വത്തിൽ നേത്രരോഗം, കമ്മ്യൂണിറ്റി മെഡിസിൻ, എല്ലുരോഗ വിഭാഗം, ഗൈനക്കോളജി വിഭാഗം, ഇ.എൻ.ടി. ശിശുരോഗവിഭാഗം എന്നിവയുടെ മെഗാക്യാമ്പ് നടത്തി.
- സെന്റ് വിൻസെന്റ് പള്ളോട്ടി സെൻട്രൽ സ്കൂൾ ഒല്ലൂക്കരയിൽ നേത്രരോഗത്തിന്റെയും ഇ.എൻ.ടി.യുടെയും ക്യാമ്പ് നടത്തി.

**4. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**5. ഡയാലിസിസിന് സംഭാവന നൽകിയവർ**

- മേരി കുര്യൻ, തൃശ്ശൂർ (14 ഡയാലിസിസ്)
- ശ്രീ. ടി. വി. വിൻസെന്റ്, തോക്കാടൻ ഹൗസ്, തൃശ്ശൂർ (32 ഡയാലിസിസ്)
- ചെറുപുഷ്പം കൂട്ടായ്മ, മിഷ്യൻ ക്വാട്ടേഴ്സ്, തൃശ്ശൂർ (14 ഡയാലിസിസ്)
- ശ്രീമതി ലീല തോമസ്, ചിറക്കേക്കാരൻ, കടവന്ത്ര, എറണാകുളം (71 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ



## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശൂർ

1. **സെന്റ് തോമസ് കോളേജിലെ അന്താരാഷ്ട്ര കോൺഫറൻസ് സമാപിച്ചു**

മൂന്നു ദിവസങ്ങളിലായി നടന്ന പദാർത്ഥങ്ങളുടെ രസതന്ത്രവും ഭൗതികശാസ്ത്രവും സംബന്ധിച്ച അന്താരാഷ്ട്ര കോൺഫറൻസ് സമാപിച്ചു. എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗ്ഗീസ് കൂത്തൂരിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനം കേരള യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. എ. ജയകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി സമാപന സന്ദേശം നൽകി. പ്രഫ. ടോഷിയാക്കി ഇനോക്കി (ടോക്കിയോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി), പ്രഫ. ഇഫാൻ സ്റ്റീഫൻ (ഇംപീരിയൽ കോളേജ്, ലണ്ടൻ), ഡോ. സെബാസ്റ്റ്യൻ സി. പീറ്റർ, ഡോ. സി.എൻ. രാമചന്ദ്രൻ, ഡോ. പി. പരമേശ്വരൻ, ഡോ. സി.എൽ.ജോഷി (സിന്റിക്കേറ്റ് മെമ്പർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി), വൈസ് പ്രിൻസിപ്പാൾമാരായ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, ഡോ. കെ.എൽ. ജോയ്, ഡോ. ജോസഫ് ജോളി എന്നിവർ ആശംസകൾപ്പിച്ചു. രസതന്ത്രവകുപ്പ് മേധാവി ഡോ. ജോബി തോമസ് കാക്കശ്ശേരി സ്വാഗതവും ഡോ. ജിനീഷ് ആന്റണി നന്ദിയും പറഞ്ഞു. നേരത്തെ സെമിനാറിന്റെ ഉദ്ഘാടനം പേട്രൻ മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചിരുന്നു. കോൺഫറൻസിനോടനുബന്ധിച്ചുള്ള പോസ്റ്റർ മത്സരത്തിൽ ചിത്ര ശേഖർ, മാർട്ടിൻ ഫ്രാൻസിസ്, ദൃശ്യ എലിസബത്ത് എന്നിവരും അവതരിപ്പിക്കപ്പെട്ട ഗവേഷണ പ്രബന്ധങ്ങളിൽ ബെസ്റ്റ് പേപ്പർ അവാർഡ് ഡിനൂപ് ലാൽ, ഫാത്തിമ ആർ, വിജയശ്രീ, നീമ, ലെറ്റ്സി, രേഷ്മ എന്നിവരും കരസ്ഥമാക്കി.

2. **ക്രിസ്തുമസ് ആഘോഷം അമ്മമാരോടൊപ്പം**

സെന്റ് തോമസ് കോളേജിലെ ഭൗതികശാസ്ത്ര വിദ്യാർത്ഥികളുടെ ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷം വേറിട്ടതായി. രണ്ടാംവർ

ഷ വിദ്യാർത്ഥികളുടെ നേതൃത്വത്തിലാണ് പറപ്പൂരിലെ ശാന്തിമന്ദിരത്തിലെ അമ്മമാർക്കൊപ്പം ക്രിസ്തുമസ് ആഘോഷം നടന്നത്. ക്രിസ്തുമസ് ആഘോഷത്തിൽ പറപ്പൂർ ഫൊറോന പള്ളി വികാരി ഫാ. പോളി നീലങ്കാവിൽ സന്ദേശം നൽകി. ശാന്തിമന്ദിരം മദർ സുപ്പീരിയർ സി. നോയല്ല, എല്ലാവരെയും ശാന്തിമന്ദിരത്തിലേക്ക് സ്വാഗതം ചെയ്തു. സ്റ്റാഫ് പ്രതിനിധി ഡോ. ഡെയ്സൺ പാണേങ്ങാടൻ, വിദ്യാർത്ഥി പ്രതിനിധികളായ സനറ്റ് പോളി, സാന്ദ്ര ഷാജു തുടങ്ങിയവർ ആശംസകൾ നേർന്നു. മുഴുവൻ അമ്മമാർക്കും സമ്മാനങ്ങളും ക്രിസ്തുമസ് ആശംസാ കാർഡുകളും കൈമാറി. നേരത്തെ ക്രിസ്തുമസിനോടനുബന്ധിച്ചുള്ള ഉപവി പ്രവർത്തനങ്ങൾക്കായി കാരുണ്യ നക്ഷത്രങ്ങൾ നിർമിച്ചു നൽകി. ഭൗതികശാസ്ത്ര വിഭാഗം വിദ്യാർത്ഥികൾ ശ്രദ്ധ നേടിയിരുന്നു.

3. **സെന്റ് തോമസ് എൻ.സി.സി. കേഡറ്റ് അക്ഷയ് ശങ്കർ ഭൂട്ടാനിൽ**

സെന്റ് തോമസ് കോളേജിലെ എൻ.സി.സി. കേഡറ്റും 2017ലെ റിപ്പബ്ലിക് ദിന പരേഡിൽ കേരള – ലക്ഷദ്വീപ് ഡയറക്ടറേറ്റിനെ പ്രതിനിധീകരിക്കുകയും ചെയ്ത മൂന്നാം വർഷ ബിരുദ വിദ്യാർത്ഥി അക്ഷയ്ശങ്കർ, ഇന്ത്യയുടെ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. വിവിധ രാജ്യങ്ങളുടെ സാംസ്കാരിക വൈവിധ്യം നേരിട്ടു മനസ്സിലാക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന കാഡറ്റുകൾക്കായി എൻ.സി.സി. ഒരുക്കുന്ന പരിപാടിയാണ് യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം. സെന്റ് തോമസ് കോളേജിലെ എൻ.സി.സി. 23 ബറ്റാലിയനിൽ കമ്പനി അണ്ടർ ഓഫീസറാണ് അക്ഷയ് ശങ്കർ. പട്ടാമ്പി പുത്തൻവീട്ടിൽ ലക്ഷ്മി കടാക്ഷത്തിൽ താമസിക്കുന്ന ശങ്കരനുണ്ണിയുടെയും ജയശ്രീയുടെയും മകനായ അക്ഷയ്, സെന്റ് തോമസ് കോളേജിലെ മൂന്നാംവർഷ ഭൗതികശാത്ര ബിരുദ വിദ്യാർത്ഥിയാണ്.

4. **ഫോറൻസിക് സയൻസിൽ ദേശീയ സെമിനാർ**

സെന്റ് തോമസ് കോളേജിലെ ജന്തുശാസ്ത്ര വിഭാഗവും ഇന്ത്യൻ ക്രിമിനോളജി ആന്റ് ഫോറൻസിക് സയൻസ് അസോസിയേഷനും ചേർന്ന് ദേശീയ സെമിനാർ സംഘടിപ്പിച്ചു. കോളേജ് മാനേജർ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്ത ദേശീയ സെമിനാറിന്റെ ഉദ്ഘാടന യോഗത്തിൽ പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. ഡോ. ഫ്രാൻസി കാക്കശ്ശേരി, ഫാ. വർഗ്ഗീസ് കൂത്തൂർ, ഫാ. മാർട്ടിൻ കൊളമ്പ്രത്ത് എന്നിവർ ആശംസകൾ നേർന്നു.

5. ഇന്നവേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഫേസ്ബുക്ക് ലൈവ് സെഷൻ

സെന്റ് തോമസ് കോളേജ് ഇന്നവേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഫിഡസ് ലോ ചെംബർ പ്രിൻസിപ്പാളും രാജ്യാന്ത്ര പ്രശസ്തയുമായ മിസ് ശ്വേതശ്രീ മജുംദറിന്റെ ലൈവ് സ്ട്രീമിംഗ് സെഷൻ, മെഡ്‌ലിക്കോട്ട് ഹാളിൽവച്ച് ബിരുദ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു. വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നായി ഇരുന്നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

6. പ്രിന്റ് മോഡേണിറ്റീസ്: ഇന്റർ നാഷണൽ കോൺഫറൻസ്

സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ്-വിഷ്വൽ മീഡിയ വകുപ്പുകൾ സംയുക്തമായി ജനുവരി 5, 6, 7 തീയതികളിൽ സംഘടിപ്പിച്ച പ്രിന്റ് മോഡേണിറ്റീസ് എന്ന അന്തർദേശീയ കോൺഫറൻസിന്റെ ഉദ്ഘാടനം പ്രശസ്ത ചിന്തകനും എഴുത്തുകാരനും സാംസ്കാരിക നിരൂപകനുമായ പ്രഫ. വിനയൽ ലാൽ നിർവഹിച്ചു. കോളേജ് മാനേജർ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി സ്വാഗതം പറഞ്ഞു. ഇംഗ്ലീഷ് വകുപ്പ് തലവൻ ഡോ. ആന്റോ തോമസ് ആശംസകളർപ്പിച്ചു. വിഷ്വൽ മീഡിയ കോ-ഓഡിനേറ്റർ ഡോ. ബിജു. സി.എസ്. നന്ദിയർപ്പിച്ചു. മൂന്നു ദിവസം നീണ്ടുനിന്ന കോൺഫറൻസിൽ 84-ഓളം പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു.

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ &
എക്സിക്യൂട്ടീവ് മാനേജർ



## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

1. വിദ്യാർത്ഥികളെ അനുമോദിച്ചു

മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ കെ.ടെറ്റ് കരസ്ഥമാക്കിയ രണ്ടാം വർഷ വിദ്യാർത്ഥികളായ ചിത്തിര.എസ്.എസ്

(കെ.ടെറ്റ് I & II) അനീറ്റ പി.ജോസഫ് (കെ.ടെറ്റ് II), റെൻസി.സി.എഫ് (കെ.ടെറ്റ് II), ബബിതാശ്രീ.കെ (കെ.ടെറ്റ് III) എന്നിവരെ 17-12-2018 തിങ്കളാഴ്ച കോളേജ് പ്രിൻസിപ്പാൾ ഫാ.ചാക്കോ ചിറമ്മൽ ട്രോഫി നൽകി അനുമോദിച്ചു.

**2. അധ്യാപകരെ ആദരിച്ചു**

കിള്ളിമംഗലം ആർട്സ് & സയൻസ് കോളേജ് സംഘടിപ്പിച്ച ദേശീയ സെമിനാറിൽ ദളിത് ഫെമിനിസം എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ പ്രബന്ധം അവതരിപ്പിച്ച മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ അധ്യാപകരായ ശ്രീമതി മഞ്ജു പി.കെ, ശ്രീമതി ദീപ എം.ജെ എന്നിവരെ 13-12-2018 വ്യാഴാഴ്ച കോളേജ് പ്രിൻസിപ്പാൾ ഡോ.ഫാ.ചാക്കോ ചിറമ്മൽ ട്രോഫി നൽകി ആദരിച്ചു.

**3. പൂർവ്വ വിദ്യാർത്ഥിയെ അനുമോദിച്ചു**

കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ കീഴിൽ കൂടിയാട്ടത്തിന്റെ രൂപഘടനാ പരിണാമങ്ങൾ: പൈങ്കുളം രാമച്ചാക്യാരുടെ സംഭാവനകളെ അടിസ്ഥാനമാക്കി ഒരു പഠനം എന്ന വിഷയത്തിൽ പി.എച്ച്.ഡി ബിരുദം കരസ്ഥമാക്കിയ മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ എം.എഡ് വിദ്യാർത്ഥിയായിരുന്ന ശ്രീമതി ഉഷാദേവി യു.വിനെ 18-12-2018 ചൊവ്വാഴ്ച കോളേജ് പ്രിൻസിപ്പാൾ ഫാ.ചാക്കോ ചിറമ്മൽ അനുമോദിച്ചു

**റവ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി. മാനേജർ

# കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............2019 ഫെബ്രുവരി**

ഫെബ്രുവരി 1 (വെള്ളി – ആദ്യവെള്ളി, വി. കുർബാന
ഫെബ്രുവരി 4 (തിങ്കൾ – ലോക കാൻസർദിനം
ഫെബ്രുവരി 11 (തിങ്കൾ) – ലൂർദ്ദ് മാതാവ് (രോഗീദിനം)
ഫെബ്രുവരി 13 (ബുധൻ) – റേഡിയോ ദിനം

ഫെബ്രുവരി 21 (വ്യാഴം) – മാതൃഭാഷ ദിനം
ഫെബ്രുവരി 25 (തിങ്കൾ) – വാഴ്ത്തപ്പെട്ട സി. റാണി മരിയ
ഫെബ്രുവരി 28 (വ്യാഴം) – ശാസ്ത്രദിനം

**2. വാർഷിക പരീക്ഷകൾ**

വാർഷിക പരീക്ഷകൾ ആരംഭിക്കാറായി. വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ പരീക്ഷകൾക്ക് നന്നായി ഒരുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. S.S.L.C., Plus Two വിദ്യാർത്ഥികൾക്ക് സ്പെഷൽ ക്ലാസ്സുകൾ വേണമെങ്കിൽ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ എന്നിവർ നൽകുന്ന നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുമല്ലോ. പഠനത്തിൽ പിന്നിൽ നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി, എല്ലാ സ്കൂളുകളും 100% വിജയം നേടാൻ പ്രത്യേകം ശ്രദ്ധിക്കുക. ഫുൾ A+ കിട്ടുവാൻ സാധ്യതയുള്ളവർക്കും പ്രത്യേക പരിശീലനം നൽകുമല്ലോ.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപറേറ്റ് മാനേജർ

# സാന്ത്വനം

**1. സാന്ത്വനത്തിന് വീണ്ടും ഒരു കോടി**

നാഷണൽ മൈനോരിറ്റി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെയും, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെയും(KSBCDC)പങ്കാളിത്തത്തോടെ, സാന്ത്വനത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുതിനു വായ്പ നൽകുന്നതിനായി 1 കോടി രൂപ അനുവദിച്ചു. ഇതിനായി 21 സ്വയം സഹായ സംഘങ്ങളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുകയും KSBCDC ക്ക് ഓൺലൈനിൽ അപേക്ഷ നിശ്ചിത സമയത്തു തന്നെ സമർപ്പിക്കുകയും ചെയ്തു. അതിനു നേതൃത്വം നൽകിയ കോർഡിനേറ്റർക്കും, സാന്ത്വനം ടീം അംഗങ്ങൾക്കും അനുമോദനങ്ങൾ.

**2. ഭവന പദ്ധതിക്ക് പണം അനുവദിച്ചു**

പ്രളയാനന്തര അതിജീവനത്തിന്റെ ഭാഗമായി തൃശ്ശൂർ അതിരൂപത സാന്ത്വനം വഴി ചെയ്തുകൊണ്ടിരിക്കുന്ന ഭവനനിർമ്മാണ പദ്ധതിയിലേക്ക് 15 ലക്ഷം രൂപ അനുവദിച്ചു. റോമിലെ ഓറിയെന്റൽ കോൺഗ്രിഗേഷനാണ് ഭവനം നിർമ്മിക്കുന്നതിനുള്ള ഈ ധനസഹായം കാരിത്താസ് ഇന്ത്യ വഴി സാന്ത്വനത്തിന് നൽകിയത്. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രത്യേക ഇടപെടൽ മൂലമാണ്, കോൺഗ്രിഗേഷൻ ഈ സംഖ്യ സാന്ത്വനത്തിന് അനുവദിച്ചത്.

**3. കിൻഡർ മിഷൻ പ്രോജക്റ്റ്– ചൈൽഡ് ഫ്രണ്ട്‌ലി സ്പേസ് (സി.എഫ്.എസ്)**

പ്രളയത്തിനുശേഷം കാരിത്താസ് ഇന്ത്യയോട് ചേർന്ന് കിൻഡർ മിഷനുമായി സഹകരിച്ച് നാലുമാസമായി നടത്തിവരുന്ന ചൈൽഡ് ഫ്രണ്ട്‌ലി സ്പേസ് (സി.എഫ്.എസ്)പരിപാടിയുടെ സമാപനം ഡിസംബർ 23 ന് ഞായറാഴ്ച നടന്നു. പുള്ള്, ചിറയ്ക്കൽ, ആലപ്പാട്, മണലൂർ എന്നിവിടങ്ങളിൽ ചൈൽഡ് ഫ്രണ്ട്‌ലി സ്പേസ് വളരെ മികച്ച രീതിയിൽ സംഘടിപ്പിക്കാൻ സാധിച്ചു. ക്രിസ്മസ് ആഘോഷങ്ങളോടെയാണ് സി.എഫ്.എസ് സമാപിച്ചത്. സാന്ത്വനം ഡയറക്ടറും അതാത് ഇടവകയിലെ വികാരിയച്ചൻമാരും കിൻഡർ മിഷൻ കോർഡിനേറ്ററും ഫെസിലിറ്റേറ്റർമാരും ആഘോഷങ്ങൾക്ക് നേതൃത്വം കൊടുത്തു. കേക്ക് മുറിച്ച് എല്ലാവർക്കും നൽകി. പലവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സി.എഫ്.എസ് ൽ പങ്കെടുത്ത എല്ലാവർക്കും ഓരോ കുട പ്രോത്സാഹനമായി നൽകി. പ്രളയാനന്തരം കുട്ടികൾക്കെല്ലാം ഒരുമിക്കാനും അവർക്ക് കളിക്കാനുമെല്ലാം സി.എ.ഫ.എസ് അവസരമൊരുക്കി. ഈ പ്രോജക്ടിന് നിർദ്ദേശങ്ങളും സഹായങ്ങളും നൽകിയ കാരിത്താസ് ഇന്ത്യ ടീം, ഇടവക വികാരിമാർ, സി.എഫ്.എസ് ടീമംഗങ്ങൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**4. ക്രിസ്തുമസ് സംഗമം**

സാന്ത്വനം കുടുംബത്തിന്റെ ക്രിസ്തുമസ് ആഘോഷങ്ങൾ സാന്ത്വനം ഓഫീസിൽ വച്ച് നടത്തപ്പെട്ടു. സാന്ത്വനം സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററിന്റെ കീഴിലുള്ള വിവിധ ട്രസ്റ്റുകളുടെയും സൊസൈറ്റികളുടെയും ഗവേണിങ്ങ് ബോഡി അംഗങ്ങൾ, വിവിധ സെന്ററുകളിലെ പ്രവർത്തകർ, വിവിധ പ്രോജക്റ്റുകളുടെ ആനിമേറ്റേർസ്, വളണ്ടിയേഴ്സ്, സ്റ്റാഫ് അംഗങ്ങൾ, അയൽപക്കക്കാർ എന്നിവർ സംഗമത്തിൽ ഒത്തുചേർന്നു. സാന്ത്വനം പ്രസിഡന്റ്

മോൺ. തോമസ് കാക്കശ്ശേരി കേക്ക് മുറിച്ചുകൊണ്ട് സംഗമം ഉദ്ഘാടനം ചെയ്യുകുകയും ക്രിസ്തുമസ് സന്ദേശം നൽകുകയും ചെയ്തു. തദവസരത്തിൽ അംഗങ്ങൾ ക്രിസ്തുമസ് അനുഭവങ്ങൾ പങ്കുവയ്ക്കുകയും ആശംസ നേരുകയും ചെയ്തു. ക്രിസ്തുമസ് സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും ക്രിസ്തുമസ് ഗിഫ്റ്റ് നൽകുകയുണ്ടായി. സ്റ്റാഫ് അംഗങ്ങൾ സാന്ത്വനം ഓഫീസ് അലങ്കരിക്കുകയും പുൽക്കൂട് ഒരുക്കുകയും ചെയ്തു. സാന്ത്വനം ഡയറക്ടർ സ്വാഗതം ആശംസിക്കുകയും, അഡ്മിനിസ്ട്രേറ്റർ ശ്രീ.എസ്. കെ. മഞ്ഞിയിൽ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. സ്നേഹ വിരുന്നോടെ ക്രിസ്തുമസ് സംഗമം സമാപിച്ചു.

5. **സ്നേഹനിധി അംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷം**

സ്നേഹനിധി അംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷം ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടത്തുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് കേക്ക് മുറിച്ച് ആഘോഷം ഉദ്ഘാടനം ചെയ്തു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി അദ്ധ്യക്ഷ പ്രസംഗം നടത്തി. പ്രൊഫ. എലിസബത്ത് മാത്യു ക്രിസ്തുമസ് സന്ദേശം നല്കുകയും ചെയ്തു. യൂണിറ്റംഗങ്ങളുടെ വിവിധ കലാപരിപാടികളോടെ ക്രിസ്തുമസ് ആഘോഷം സമാപിച്ചു.

6. **റീജിയണൽ മിറ്റീംഗ് നടത്തി**

സേവ് എ ഫാമിലി, ഗോഡസ് ഓൺ ഫാമിലി എന്നീ പ്രോജക്റ്റുകളുടെ ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി ഗുണഭോക്തൃ കുടുംബങ്ങൾക്കായുള്ള റീജിയണൽ ലെവൽ മിറ്റീങ്ങും ക്രിസ്തുമസ് ആഘോഷവും ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് സംഘടിപ്പിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി അദ്ധ്യക്ഷനായ പരിപാടിയിൽ അടിസ്ഥാന ബാങ്കിംഗ് ലിറ്ററസി, ഫിനാഷ്യൽ ലിറ്ററസി എന്നിവയെക്കുറിച്ച് ശ്രീ. രാമചന്ദ്രൻ വി.ആർ (ഫിനാഷ്യൽ കൗൺസിലർ) ക്ലാസ്സെടുത്തു. തുടർന്ന് ഈ ക്ലാസ്സിനോടനുബന്ധിച്ച ഒരു തുറന്ന ചർച്ച നടത്തുകയുണ്ടായി. സേവ് എ ഫാമിലി, ഗോഡ്സ് ഓൺ ഫാമിലി എന്നീ പ്രോജക്റ്റുകളുടെ ഈ വർഷത്തെ അവസാനത്തെ റീജിയണൽ മിറ്റീംങ്ങിൽ ക്രിസ്തുമസിനോടനുബന്ധിച്ച് ഫാ. തോമസ് പൂപ്പാടി സന്ദേശം നൽകി.

7. **ഉപകാരികൾക്ക് കത്തുകൾ അയച്ചു**

സേവ് എ ഫാമിലി, ഗോഡ്സ് ഓൺ ഫാമിലി, സാന്ത്വനം തുടങ്ങിയ പ്രസ്ഥാനങ്ങളിലെ വിവിധ പദ്ധതികളിൽ ഉൾപ്പെട്ട കുടുംബങ്ങളെ സഹായിക്കുന്ന ഉപകാരികൾക്ക് ക്രിസ്തുമസിനോടനു

ബന്ധിച്ച് ഗ്രീറ്റിംഗ് കാർഡും കത്തുകളും അയച്ചു. സാന്ത്വനത്തിന്റെ പ്രവർത്തനങ്ങളും ഗുണഭോക്തൃ കുടുംബങ്ങളുടെ പുരോഗതിയും ഉപകാരികളെ അറിയിക്കുകയും ക്രിസ്തുമസ് ആശംസകൾ നേരുകയും ചെയ്തു. തദവസരത്തിൽ ഗുണഭോക്താക്കൾ നൽകിയ സഹായങ്ങൾക്ക് അതിരൂപതയുടെ നന്ദിയും കടപ്പാടും അറിയിക്കുകയും ചെയ്തു.

ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം നല്കിയ ഇടവകകളും സംഖ്യയും.

ഒല്ലൂർ–Rs.39,000/–, കോടന്നൂർ–Rs.30,000/–, പെരിങ്ങോട്ടുകര–Rs.15,000/–, തലക്കോട്ടുക്കര–Rs.10,000/–, ചേലക്കര–Rs.14,000/–, നടത്തറ–.Rs.5000/–, കിരാലൂർ–Rs.6,000/–, കല്ലൂർ–Rs.20,000/–, വില്ലടം–Rs.23,128/–.

8. **പ്രളയബാധിത കുടുംബങ്ങളുടെ സർവ്വേ പൂർത്തികരിച്ചു**

സേവ് എ ഫാമിലിയുടെ ഇന്ത്യൻ ഓഫീസിന്റെ നിർദേശപ്രകാരം, സേവ് എ ഫാമിലി പ്ലാൻ തൃശ്ശൂർ സാന്ത്വനം ഓഫീസിന്റെ കീഴിൽ വരുന്ന പാലയൂർ, ഒല്ലൂക്കര, പുതുക്കാട് എന്നീ മേഖലകളിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് പ്രളയത്തിൽ അവരുടെ വീടിനോ, സ്വത്തിനോ സംഭവിച്ച നാശനഷ്ടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാനായി ഒരു സർവ്വേ നടത്തി. ഈ സർവ്വേക്കുവേണ്ടി സേവ് എ ഫാമിലിയുടെ പ്രളയത്തിൽ അകപ്പെട്ട ഗുണഭോക്തൃ കുടുംബങ്ങളിലേക്ക് കോർഡിനേറ്റർ അഖിൽ തോമസും ആനിമേറ്റേഴ്സും സന്ദർശനം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. അവരുടെ പുനരുദ്ധാരണത്തിനുവേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കാൻ വേണ്ടിയാണ് സ്ഥിതി വിവരങ്ങൾ ശേഖരിച്ചത്.

9. **ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു**

വില്ലടം–Rs.32,000/–, അരിമ്പൂർ–Rs.13,000/–, മരത്തംക്കോട്– Rs.5000/, പോന്നോർ–Rs.8,700/–, ചൂണ്ടൽ –Rs.6000/, തിരൂർ–Rs.10,000/, മുല്ലക്കര–Rs.10,000/.

10. **പുതിയ രണ്ട് സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു.**

സാന്ത്വനത്തിന്റെ കീഴിൽ പുതിയ രണ്ട് സ്വയം സഹായ സംഘങ്ങൾ കൂടി രൂപീകരിച്ചു. കാഞ്ഞാണി കേന്ദ്രീകരിച്ച് മരിയൻ, ഇമ്മാനുവൽ എന്നീ രണ്ട് പുതിയ സംഘങ്ങൾ ഡിസംബറിൽ പ്രവർത്തനമാരംഭിച്ചു. സംഘം രൂപീകരിക്കുന്നതിനു മുന്നോടിയായി കോർഡിനേറ്റർ, ശ്രീ.നെൽസൻ സംഘാംഗങ്ങളെ കാണുകയും അവരുടെ ഉത്തരവാദിത്വങ്ങൾ, സംഘത്തിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനരീതി

കൾ എന്നിവയെകുറിച്ച് ബോധവത്ക്കരണം നടത്തുകയും ചെയ്തു. ആനിമേറ്റർ ശ്രീമതി ഷീല വിൻസെന്റ് സംഘം രൂപീകരണത്തിന് നേതൃത്വം നൽകി.

11. **വിധവാ സംഗമം**

കേരള സോഷ്യൽ സർവീസ് ഫോറവും തൃശ്ശൂർ അതിരൂപതയും ചേർന്ന് ഒരുക്കിയ വിധവാ സംഗമം അരിമ്പൂർ പാരിഷ് ഹാളിൽ വെച്ച് അതിരൂപത ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. അരിമ്പൂർ ഇടവക വികാരി ഫാ. ആന്റണി ആലുക്ക സംഗമത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ചു, വിധവാ സംഗമത്തിൽ ജാതിമതഭേദമന്യേ 182 വിധവകൾ പങ്കെടുത്തു. തദവസരത്തിൽ കേരളസമൂഹത്തിൽ വിധവകൾ നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും എന്ന വിഷയത്തെകുറിച്ച് റവ.ഡോ. ബാബു പാണാട്ടുപറമ്പിൽ ക്ലാസു നയിച്ചു. കെ.എസ്.എസ്. ഫോറം സെക്രട്ടറി റവ.സി. ജെസ്സീന, വികാരി. ഫാ. ആന്റണി ആലുക്ക, സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, പ്രൊഫ. എലിസബത്ത് മാത്യു, സ്നേഹനിധി എക്സിക്യൂട്ടിവ് അംഗങ്ങൾ, സ്നേഹനിധി കോർഡിനേറ്റർ എന്നിവർ സന്നിഹിതരായിരുന്നു. അരിമ്പൂർ സ്നേഹനിധി യൂണിറ്റ് പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ



# ഫാമിലി അപ്പോസ്റ്റലേറ്റ്

1. **പ്രീകാന കോഴ്സ് (വിവാഹ ഒരുക്ക കോഴ്സ്)**

ഡിജിറ്റൽ മാധ്യമങ്ങളുടെ അതിപ്രസരം, ലൈംഗീകതയുടെ കമ്പോളവൽക്കരണം, സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസം, ജോലി, നഗരവൽക്കരണം, മദ്യം, മയക്കുമരുന്നുകളുടെ ഉയർന്ന ഉപയോഗം, വ്യക്തികേന്ദ്രീകൃത സാമ്പത്തിക പുരോഗതി, മനുഷ്യജീവിതത്തിന്റെ

ഭൗതീകവൽക്കരണം എന്നിവ ഇന്ന് വിവാഹജീവിതത്തിന് വെല്ലുവിളികൾ ഉയർത്തുന്നു. ഈ വെല്ലുവിളികളെ അതിജീവിച്ച് വിവാഹജീവിതം വിജയിപ്പിക്കാൻ വ്യക്തമായ കാഴ്ചപ്പാടുകളും കഴിവുകളും വികസിപ്പിക്കുന്ന ഒരുക്കം ആവശ്യമാണ്. ആയതിനാലാണ് സഭ വിവാഹ ഒരുക്ക കോഴ്സ് സംഘടിപ്പിക്കുന്നത്.

**നിർദ്ദേശങ്ങൾ**

1. നമ്മുടെ അതിരൂപതയിൽ എല്ലാ ആഴ്ചയും ബുധനാഴ്ച രാവിലെ 8.30 മുതൽ വെള്ളിയാഴ്ച വൈകീട്ട് 4.30 വരെയാണ്.
2. വിവാഹ ഒരുക്ക കോഴ്സ് ആമ്പല്ലൂർ സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ വച്ചാണ് നടക്കുന്നത്.
3. വിവാഹത്തിന് ഒരുക്കമായുള്ള മൂന്നു ദിവസത്തെ കോഴ്സ് വിവാഹപ്രായമായ ശേഷം എപ്പോഴെങ്കിലും ഒരു തവണ കൂടിയാൽ മതി. പിന്നെ വിവാഹസമയത്ത് കൂടേണ്ടതില്ല. പ്രതിശ്രുത വധൂവരന്മാർ ഒരേ കോഴ്സിൽത്തന്നെ സംബന്ധിക്കണമെന്ന് നിർബന്ധമില്ല.
4. പൂർണ്ണമായി കേഴ്സിൽ സംബന്ധിക്കുവാൻ തയ്യാറുള്ളവർക്കു മാത്രമേ പ്രവേശനം നൽകുകയുള്ളൂ.
5. കോഴ്സിൽ സംബന്ധിക്കുവാൻ മുൻകൂട്ടി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസിലാണ് ബുക്ക് ചെയ്യേണ്ടത്. ഓൺലൈൻ വഴിയായും ഈ കോഴ്സ് ബുക്ക് ചെയ്യാവുന്നതാണ്.
   www.trichurfamilyapostolate.org എന്ന സൈറ്റിലൂടെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം.
6. ഓഫീസ് സംബന്ധമായ കാര്യങ്ങൾക്ക് ഓഫീസ് സമയത്തു തന്നെ വിളിക്കേണ്ടതാണ്. 0487 – 23360666. (ഞായറാഴ്ചകളിലും പ്രധാന തിരുനാൾ ദിവസങ്ങളിലും ഓഫീസ് അവധിയായിരിക്കും). മറ്റ് ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 12.30 വരെയും 1.30 മുതൽ 4.45 വരെയും പ്രവർത്തിക്കുന്നതാണ്.
7. കോഴ്സ് ബുക്ക് ചെയ്യാൻ വരുമ്പോൾ കോഴ്സ് ഫീസ് (1000/–), രജിസ്ട്രേഷൻ ക്യാൻസൽ ചെയ്താൽ അടച്ച തുക തിരികെ നൽകുന്നതല്ല. പകരം ഒരു പ്രാവശ്യം മാറ്റി ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. പങ്കെടുക്കുന്ന വ്യക്തിയുടെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ, മറ്റു വിവരങ്ങൾ എന്നിവ കൃത്യമായി നൽകണം.
8. ബുക്ക് ചെയ്യുമ്പോൾ തന്നയയ്ക്കുന്ന രജിസ്ട്രേഷൻ ഫോമിൽ ബഹു.വികാരിയച്ചന്റെ ഒപ്പോടുക്കൂടി കോഴ്സിന് എത്തിച്ചേരുമ്പോൾ ഹാജരാക്കണം.
9. ഓൺലൈനിലൂടെ ബുക്ക് ചെയ്യുന്നവർ അവരുടെ ഇ–മെയിലിലൂടെ

ലഭിക്കുന്ന ഫോം പ്രിന്റ് എടുത്ത്, ബഹു.വികാരിയച്ചന്റെ ഒപ്പോടു കൂടി കോഴ്സിന് കൊണ്ടുവരണം.

10. രജിസ്ട്രേഷൻ ഫോം ഹാജരാക്കാത്തവർക്കും വൈകിയെത്തുന്ന വർക്കും കോഴ്സിന് പ്രവേശനം അനുവദിക്കുന്നതല്ല.
11. കോഴ്സിന്റെ അവസാനദിവസം ഉച്ചക്ക് 1.15 മുതൽ 4.30 വരെ മാതാ പിതാക്കൾക്കായി നടത്തുന്ന ക്ലാസ്സിൽ മാതാപിതാക്കൾ രണ്ടു പേരും നിർബന്ധമായും പങ്കെടുക്കണം. മാതാപിതാക്കൾ പങ്കെടുക്കാതിരു ന്നാൽ സർട്ടിഫിക്കറ്റ് നൽകുന്നതല്ല. ഗൗരവമായ കാരണങ്ങളാൽ മാതാപിതാക്കൾക്ക് പങ്കെടുക്കാൻ സാധിക്കില്ലെങ്കിൽ വികാരിയച്ചന്റെ സാക്ഷ്യപത്രം ഹാജരാക്കിയാലേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
12. കോഴ്സിന് വരുമ്പോൾ ടോയ്ലറ്റ് സാമഗ്രികൾ, ബെഡ്ഷീറ്റ്, ബാത്ത് ടവൽ, പില്ലോ കവർ മുതലായവ കൊണ്ടുവരേണ്ടതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ജിയോ തെക്കിനിയത്ത്**
അസോ.ഡയറക്ടർ



# കുടുംബക്കൂട്ടായ്മ

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

**ഫെബ്രുവരി 23 ശനി, 2.30 pm**

ജനുവരി മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. മാർച്ച് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഫെബ്രുവരി 23–ാം തിയ്യതി ശനിയാഴ്ച്ച ഉച്ച കഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇട വകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**എ.എ. ആന്റണി**
ജനറൽ കൺവീനർ

**പോൾ പാറക്കൽ**
ജനറൽ സെക്രട്ടറി

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# മാതൃവേദി

1. **പുതിയ നേതൃത്വം**

   2018 – 2021 വരെയുള്ള വർഷങ്ങളിലേക്ക് അതിരൂപത മാതൃവേദിയെ നയിക്കുന്നതിന് നേതൃത്വ നിരയിലേക്ക് വന്ന പുതിയ ഭാരവാഹികൾക്ക് ഹൃദ്യമായ സ്വാഗതവും അഭിനന്ദനവും അർപ്പിക്കുന്നു. പ്രസിഡണ്ട് – ശ്രീമതി മേരി വിൻസെന്റ്, സെക്രട്ടറി – ശ്രീമതി ജൂലി ബാബു, ട്രഷറർ – ശ്രീമതി പ്രിൻസി ദാസ്, വൈസ് പ്രസിഡണ്ട് – മല്ലിക ബേബി, ജോയിന്റ് സെക്രട്ടറി – ഷാജി ബാബു, കമ്മിറ്റി അംഗങ്ങൾ – ഷീല ആന്റോ, ജീന ജോസഫ്, ആശ ജോസഫ്, സെനറ്റ് മെമ്പേഴ്സ് – ബെറ്റി ഷാജൻ, റീമ ടോമി.

2. **ക്വിസ് മത്സരം – ഫെബ്രുവരി 5 ചൊവ്വ (2.30 pm – 3.30 pm)**

   മാതൃവേദി അംഗങ്ങൾക്കായി നാളിതുവരെ നടത്തപ്പെട്ട കുർബാനയെക്കുറിച്ചുള്ള പഠനശിബിരത്തിന്റെ സമാപനത്തോടനുബന്ധിച്ച് ഫെബ്രുവരി 5–ാം തിയ്യതി ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ക്വിസ് മത്സരം ഉണ്ടായിരിക്കുന്നതാണ്. മാതൃവേദിയിലെ അമ്മമാരെ ക്ഷണിക്കുന്നു.

| **ജൂലി ബാബു** | **മേരി വിൻസെന്റ്** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| സെക്രട്ടറി | പ്രസിഡണ്ട് | ഡയറക്ടർ |




1. **തിരുമണിക്കൂർ ആരാധന – ഫെബ്രുവരി 4 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

   തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ

അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

2. **ഗർഭിണികൾക്കുവേണ്ടിയുള്ള ശുശ്രൂഷ പരിശീലനം – ഫെബ്രുവരി 17 ഞായർ ( 9.30 am – 1.30 pm)**

   തൃശ്ശൂർ അതിരൂപത അസംബ്ലിയുടെ പശ്ചാത്തലത്തിൽ ഗർഭിണികൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും ശുശ്രൂഷിക്കുവാനും സഹഗമിക്കുവാനും വേണ്ടി ഒരു ടീമിനെ ഒരുക്കുന്നതിന്റെ പരിശീലനം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 17-ാം തിയ്യതി ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1.30 വരെ ഗർഭിണികൾക്കുവേണ്ടിയുള്ള ശുശ്രൂഷ പരിശീലന സെമിനാർ നടത്തുന്നതാണ്. ഈ സെമിനാറിലേക്ക് ഈ മേഖലയിൽ പ്രവർത്തിക്കാൻ താൽപര്യമുള്ളവരെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

3. **ഡോക്ടേഴ്സ് സെമിനാർ – ഫെബ്രുവരി 17 ഞായർ ( 2.30 pm – 4.30 pm)**

   തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തോട് സഹകരിക്കുകയും ജീവന്റെ മേഖലയിൽ സേവനം ചെയ്യുന്ന ഡോക്ടേഴ്സിനു വേണ്ടി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 17-ാം തിയ്യതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ പ്രോലൈഫ് ഡോക്ടേഴ്സ് സെമിനാർ നടത്തുന്നതാണ്. ഈ സെമിനാറിലേക്ക് ഡോക്ടേഴ്സിനെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ശ്രീ. ജെയിംസ് ആച്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ




1. **Excel Medical / Engineering Entrance Crash Course**

   2019 മെഡിക്കൽ/എഞ്ചിനീയറിങ്ങ് എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കായി ഒരു മാസം നീണ്ടു നിൽക്കുന്ന ഒരു **ക്രാഷ് കോഴ്സ്, മാർച്ച് 20, 27** തിയതികളിലായി **മൂന്ന്** ബാച്ചുകൾ ആരംഭിക്കുന്നു. രജിസ്ട്രേഷൻ ആരംഭിച്ചു.

   **കൂടുതൽ വിവരങ്ങൾക്ക് PH:- 9207376699, 9744941585**

2. **Excel K-TET Academy - K - TET Registration**

   Excel K-TET അക്കാദമിയുടെ നേതൃത്വത്തിൽ K-TETന്റെ പുതിയ ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ തുടരുന്നു. ക്ലാസുകൾ ഫെബ്രുവരി 3-ാം തിയതി ആരംഭിക്കും.

   **കൂടുതൽ വിവരങ്ങൾക്ക് PH:- 9847276657, 8111842784, 9744941585**

3. **Excel K-Tet Best Student Teacher Competition**

   2018 **ഡിസംബർ** 12-ാം തിയതി നടന്ന പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയവർക്കു വേണ്ടിയുള്ള രണ്ടാംഘട്ടപരീക്ഷയും, ടീച്ചിങ്ങ് പെർഫോമൻസ് ടെസ്റ്റും **ജനുവരി** 19-ാം തിയതി സംഘടിപ്പിച്ചു. പ്രശസ്ത വിജയം കരസ്ഥമാക്കിയവർക്കുള്ള കാഷ് അവാർഡുകളും K-TET പരിശീലനത്തിനുള്ള സ്കോളർഷിപ്പുകളും പ്രഖ്യാപിച്ചു.

4. **Excel PSC മാതൃകാപരീക്ഷ**

   എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ അതിരൂപത തലത്തിൽ ഒരു PSC മാതൃകാപരീക്ഷ സംഘടിപ്പിക്കുന്നു. 2019 **ഫെബ്രുവരി** 24-ാം തിയതി **ഞായറാഴ്ച** 2 മണിമുതൽ 3.15വരെയാണ് പരീക്ഷ. തൃശൂർ ബിഷപ്പ് ഹൗസിലെ **DBCLC** എക്സൽഅക്കാദമി കാമ്പസിൽ വെച്ചാണ് പരീക്ഷ നടത്തുന്നത്. ഫെബ്രുവരി 18-ാം തിയതിയാണ് രജിസ്ട്രേഷൻ അവസാന

തിയതി. റജിസ്ട്രേഷൻ ഫീസ് **Rs. 30/-**. 18 വയസു മുതൽ 36 വയസുവരെയുള്ള ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതാവുന്നതാണ്. 7–ാം ക്ലാസ് മുതൽ PG സമ്പാദിച്ചവർവരെയുള്ളവർക്ക് ഈ പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. ഈ പരീക്ഷയിൽ മികച്ച വിജയം നേടുന്നവർക്ക് സ്കോളർഷിപ്പോടെ എക്സൽ അക്കാദമയിൽ **PSC** പരിശീലനം നൽകുന്നു. കുടുംബസമ്മേളന യൂണിറ്റുകളിൽ ഇക്കാര്യത്തെക്കുറിച്ച് വിശദീകരിച്ച്, ഈ മാതൃകാപരീക്ഷ എഴുതുവാൻ ഉദ്ദേശിക്കുന്നവർ ഉണ്ടെങ്കിൽ **2019 ഫെബ്രുവരി 10** ന് മുമ്പ് വികാരിയച്ചന്റെ കയ്യിൽ പേരുകൾ നൽകേണ്ടതാണ്.

**കൂടുതൽ വിവരങ്ങൾക്ക് PH:- 9495278764, 9744941585**

## 5. Excel Scholarship Exam

ഇടവകതലത്തിൽ **ഡിസംബർ 30–ാം** തിയതി സംഘടിപ്പിച്ച **Excel Scholarship Exam**ൽ രണ്ടായിരത്തോളംപേർ പങ്കെടുത്തു. **ജനുവരി 31–ാം** തിയതി അതിന്റെ റിസൽട്ട് പ്രസിദ്ധീകരിക്കും. ഈ പരീക്ഷയിൽ നിന്നും തെരഞ്ഞെടുക്കുന്ന **300** വിദ്യാർത്ഥികൾക്കുള്ള ഫൈനൽ പരീക്ഷ **ഏപ്രിൽ 1–ാം** തിയതി, **DBCLC** ഹാളിൽ വെച്ച് നടത്തുന്നതാണ്. മികച്ച വിജയം നേടുന്നവർക്ക് കാഷ് അവാർഡുകൾ, സ്കോളർഷിപ്പുകൾ മുതലായവ നൽകുന്നു.

## 6. എക്സലൻഷിയ – 2019

തൃശൂർ അതിരൂപതയിലെ കത്തോലിക്ക സ്കൂളുകളിലെ **S.S.L.C. A+** പ്രതീക്ഷിക്കുന്ന കുട്ടികളുടെ ശില്പശാല, **എക്സലൻഷിയ – 2019**, തൃശൂർ **DBCLC** ഓഡിറ്റോറിയത്തിൽ **ജനുവരി 4–ാം** തിയതി നടന്നു. ഡോ. ബോബി ജോസ് നയിച്ച സെമിനാറിലും, വർക്ഷോപ്പിലും **1200** വിദ്യാർത്ഥികൾ പങ്കെടുത്തു. എക്സൽ അക്കാദമി, ദീപിക പത്രം, ടീച്ചേഴ്സ് ഗിൽഡ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് സെമിനാർ സംഘടിപ്പിച്ചത്.

**ഫാ. ഡേവീസ് തെക്കേക്കര**
ഡയറക്ടർ



# സീനിയർ സി.എൽ.സി.

### ക്രിസ്തുമസ് ആഘോഷവും കുടുംബസംഗമവും നടത്തി

തൃശൂർ അതിരൂപത സീനിയർ സി.എൽ.സി.യുടെ ക്രിസ്തുമസ് ആഘോഷവും, കുടുംബസംഗമവും അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. 16–12–2018 ചിറ്റിലപ്പിള്ളി സെന്റ് റീത്താസ് പള്ളിയിൽ വെച്ച് നടന്ന ചടങ്ങിൽ അതിരൂപത സീനിയർ സി.എൽ.സി. പ്രസിഡന്റ് ബാബു അതിയുന്തൻ അദ്ധ്യക്ഷത വഹിച്ചു. പ്രൊമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ആമുഖപ്രഭാഷണവും, ഇടവക വികാരി ഫാ.പോൾ തേക്കാനത്ത് അനുഗ്രഹപ്രഭാഷണവും, സെക്രട്ടറി അലക്സ് സി.എ. സ്വാഗതവും നടത്തി. യൂത്ത് പ്രസിഡന്റ് ജോമി ജോൺസൺ, നാഷണൽ കൺസൾട്ടന്റ് വിനോഷ് കൊളങ്ങാടൻ, ജോസ് ചാണിയൽ, ബാബു ജെ.വടക്കൻ എന്നിവർ പ്രസംഗിച്ചു.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ബാബു അതിയുന്തൻ**
പ്രസിഡന്റ്

**അലക്സ് സി.എ.**
സെക്രട്ടറി

## സി.എൽ.സി.

1. **പുതുക്കാട്, ഒല്ലൂർ, പുത്തൂർ സോണൽ മീറ്റ്**
   ഡിസംബർ 16 നു പുതുക്കാട് വച്ച് നടത്തി. അതിരൂപത സി.എൽ സി. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് സോണൽ മീറ്റ് ഉദ്ഘടാനം ചെയ്തു. അതിരൂപത സി.എൽ.സി. സെക്രട്ടറി ജെസ്വിൻ സാജു മോഡറേറ്റർ ആയി.
2. **പറപ്പൂർ, മറ്റം സോണൽ മീറ്റ്**
   ഡിസംബർ 16 നു പാവറട്ടിയിൽ വച്ച് നടത്തപ്പെട്ടു. പാവറട്ടി ഇടവക അസി. വികാരി ഫാ. ജിയോ ചെരടായി യോഗത്തിനു അധ്യക്ഷത വ

ഹിച്ചു. അതിരൂപത സി.എൽ.സി അസി. പ്രമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി മോഡറേറ്റർ ആയി.

3. **കണ്ടശാംകടവ് സോണൽ മീറ്റ്**

   ഡിസംബർ 16 നു ഏനാമാവ് ദേവാലയത്തിൽ വച്ച് നടന്നു. കണ്ടശാംകടവ് ഫൊറോന സി.എൽ.സി പ്രമോട്ടർ ഫാ. സഞ്ജയ് തൈക്കാട്ടിൽ യോഗം ഉദ്ഘടാനം ചെയ്തു. അതിരൂപത സി എൽ സി വൈസ് പ്രസിഡന്റ് ഡോംസൺ സൈമൺ മോഡറേറ്റർ ആയി.

4. **കെ.സി.ബി.സി. യുവജനവർഷ സമാപനം പി.ഒ.സി.**

   പി.ഒ. സി യിൽ വച്ച് നടന്ന കെ.സി.ബി.സി യുവജനവർഷ സമാപനത്തിനു അതിരൂപത ഭാരവാഹികൾ പങ്കെടുത്തു പ്രസിഡന്റ് ജോമി ജോൺസൻ, സെക്രട്ടറി ജെസ്‌വിൻ സാജു, ജനറൽ കോർഡിനേറ്റർ ബിജിൽ സി ജോസഫ്, വൈസ് പ്രസിഡന്റ് ഡോംസൺ സൈമൺ, ഡിൽജോ തരകൻ, നോബി മേനാച്ചേരി തുടങ്ങിയവർ പങ്കെടുത്തു.

5. **കാരുണ്യ വാരാചരണം**

   ലൂർദ് മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ചു തൃശൂർ അതിരൂപത സി.എൽ.സി. നടത്തി വരുന്ന കാരുണ്യ വാരാചരണം ഈ വർഷം ഫെബ്രുവരി 10 നു നടത്താൻ തീരുമാനിച്ചു.

| **ജോമി ജോൺസൻ** | **ജെസ്‌വിൻ സാജു** | **ഫാ. ജിയോ തെക്കിനിയത്ത്** |
|---|---|---|
| പ്രസിഡണ്ട് | സെക്രട്ടറി | **പ്രമോട്ടർ** |

# കത്തോലിക്ക കോൺഗ്രസ്

1. **പുതിയ ഭാരവാഹികളായി**

   തൃശൂർ അതിരൂപത കത്തോലിക്കകോൺഗ്രസ്സിന് യൂണിറ്റ്, ഫൊറോന, രൂപത തലങ്ങളിൽ തിരഞ്ഞെടുപ്പിലൂടെ പുതിയ ഭാരവാഹികളെ കണ്ടെത്തി. 2018 ഡിസംബറിൽ അതിരൂപത വർക്കിങ്ങ് കമ്മിറ്റി അംഗങ്ങളെയും 2019 ജനുവരി 2–ാംതിയതി അതിരൂപത ഭാര

വാഹികളെയും തിരഞ്ഞെടുത്തു. മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ മോൺ. ജോർജ്ജ് കോമ്പാറ, ഡയറക്ടർ ഫാ. വർഗ്ഗീസ് കൂത്തൂർ, അസി. ഡയറക്ടേഴ്സായ ഫാ. ആന്റണി അമൂത്തൻ, ഫാ. ജെയ്സൺ വടക്കേത്തല എന്നിവർ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി. പ്രൊഫ. കെ. എം. ഫ്രാൻസിസ് സാറിന്റെ നേതൃത്വത്തിലുള്ള കഴിഞ്ഞ സമിതിക്ക് നന്ദി പറയുകയും പ്രതിജ്ഞ ചൊല്ലി കൊണ്ട് പുതിയ സമിതി നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു.

**2. പുതിയ ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | – അഡ്വ. ബിജു കുണ്ടുകുളം |
| വൈ. പ്രസിഡന്റ് | – ജോൺസൺ ജോർജ്ജ് |
| വൈ. പ്രസിഡന്റ് | – ജോയ്സി ആന്റണി |
| ജനറൽ സെക്രട്ടറി | – എൻ.പി. ജാക്സൺ മാസ്റ്റർ |
| ജോ. സെക്രട്ടറി | – സി.എൽ. ഇഗ്നേഷ്യസ് |
| ജോ. സെക്രട്ടറി | – റീത്ത ഡേവീസ് |
| ട്രഷറർ | – കെ.സി. ഡേവീസ് |

**3. വാർഷിക കർമ്മരേഖ**

ഫെബ്രുവരി 9, ഉച്ചതിരിഞ്ഞ് 4ന് ബിഷപ്പ് ഹൗസിൽ വെച്ച് അതിരൂപത കത്തോലിക്കകോൺഗ്രസ്സിന്റെ വാർഷിക കർമ്മരേഖ– 2019 പ്രകാശനം ചെയ്യുന്നതാണ്.

**എൻ.പി. ജാക്സൺ മാസ്റ്റർ**
ജനറൽ സെക്രട്ടറി

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ




## ചിൽഡ്രൻസ് മിനിസ്ട്രി

**1. അതിരൂപതാതല സെയിന്റ്സ് ക്വിസ്സ് 2018–2019**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതാതല സെയിന്റ്സ് ക്വിസ്സ് ഡി.ബി.സി.എൽ.സിയിൽ വച്ച് ജനുവരി 12 ന്

നടത്തി. 16 ഫൊറോനകളിൽ നിന്നുള്ള, പനമുക്ക്, പങ്ങാരപ്പിള്ളി, എരുമപ്പെട്ടി, കണ്ടശ്ശാംകടവ്, മുണ്ടൂർ, ചെമ്പൂക്കാവ്, മറ്റം, ഒല്ലൂർ, ബ്രഹ്മകുളം, എടക്കളത്തൂർ, കണ്ണാറ, പഴുവിൽ, വരാക്കര, മരോട്ടിച്ചാൽ, പഴയങ്ങാടി, തിരൂർ എന്നീ യൂണിറ്റുകൾ മൽസരത്തിൽ പങ്കെടുത്തു. ക്വിസ്സ് മാസ്റ്ററായ റവ. ഫാ. ഡൈജോ പൊറത്തൂർ എഴുത്ത് പരീക്ഷയോടുകൂടെ ഓഡിയോ വിഷ്വൽ ക്വിസ്സ് മൽസരം നടത്തി. അതിരൂപതാ മതബോധന ഡയറക്ടർ റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ ഏവരേയും അഭിസംബോധന ചെയ്യ്തു, എല്ലാ ടീമുകളേയും സമ്മാനങ്ങൾ നൽകി ആദരിച്ചു. ചിൽഡ്രൻസ് മിനിസ്ട്രി കോർഡിനേറ്റർ സി. റെജി എസ്.എസ്.പി.സി, ആനിമേറ്റേർമാർ സി. ലീന, ശ്രീമതി ബീന, ശ്രീമതി ജൂലി എന്നിവരുടേയും ഡി.ബി.സി.എൽ.സി യിലെ ബഹു. വൈദികരുടെയും സിസ്റ്റർമാരുടെയും സഹായസഹകരണത്തോടെ 2018-2019 അധ്യയനവർഷത്തെ സെയിന്റ്സ് ക്വിസ്സ് വിജയപ്രദമായി പര്യവസാനിച്ചു.

**സമ്മാനർഹരായ ടീമുകൾ**

| | |
|---|---|
| FIRST PRIZE | - St. Joseph's Church, Pangarappilly (Chelakkara) |
| SECOND PRIZE - | St. Mary's Forane Church, Kandassankadavu |
| THIRD PRIZE | - St Sebastian's Church, Marottichal (Puthur) |

**2. ആഘോഷമായ കുർബ്ബാനസ്വീകരണം:** ആഘോഷമായ കുർബ്ബാനസ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായി അർദ്ധദിന സെമിനാർ മാർച്ച് 9 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 വരെ ഡി.ബി.സി എൽ.സിയിൽ വച്ച് നടത്തുന്നു. താത്പര്യമുള്ളവർ ഫെബ്രുവരി 28 ന് മുൻപ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Childrens Ministry Archdiocese of Trichur: office time - 9.30 am to 4.30 pm. Ph. 0487-2325336, 9947582522

**3. പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** നിന്റെ ദൈവമായ കർത്താവ്, വിജയം നൽകുന്ന യോദ്ധാവ്, നിന്റെ മധ്യേ ഉണ്ട്. (സെഫാ 3, 17).

**സുകൃതജപം:** എന്റെ അമ്മേ എന്റെ ആശ്രയമേ!

**പ്രാർത്ഥനാ നിയോഗം:** തിരുസഭക്കുവേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തിക്കാൻ**: പരീക്ഷക്ക് നന്നായി പഠിച്ച് ഒരുങ്ങുക.

**പരിചയപ്പെടുന്ന വിശുദ്ധ:** വി. ജൂലിയാന്ന (ഫെബ്രുവരി 16).

**സി. റെജി എസ്.എസ്.പി.സി**
കോഡിനേറ്റർ

**ഫാ. റോയ്സൻ കൊള്ളന്നൂർ**
ഡയറക്ടർ



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സി.സി. വാർത്തകൾ

1. അടാട്ട് കോൺഫ്രൻസ് അംഗം ബ്ര.എ.എ. വറീതിന്റെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു.
2. **8** ഫെറോനയിലെ കോൺഫ്രൻസുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ബാക്കി സന്ദർശനങ്ങൾ ഫെബ്രുവരി **3** മുതൽ തുടങ്ങുന്നതാണ്.
3. സി.സി. യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ **07.07.2019** ഞായർ **10** മണിക്ക് വിൻസെൻഷ്യൻ കോംപ്ലക്സിൽ വെച്ച് തൃശൂർ **I.M.A** യുടെ സഹകരണത്തോടെ രക്തദാന ക്യാമ്പ് നടത്തുന്നു.
4. **09.02.2019** ശനിയാഴ്ച്ച **2** മണിക്ക് എ.സി. വനിതപ്രതിനിധികളുടെയും, സി.സി.യിലെ വനിത കോൺഫ്രൻസ് പ്രസിഡണ്ടുമാരുടെയും സംയുക്ത യോഗം വിൻസെൻഷ്യൽ കോംപ്ലക്സിൽ വച്ച് നടത്തുന്നതാണ്.
5. കാരുണ്യ സ്പർശം ഫണ്ടിൽ നിന്നും ചികിത്സാസഹായമായി **12,20,600**രൂപ **31.12.2018** വരെ വിതരണം ചെയ്തു.
6. അദിലാബാദ് (തെലുങ്കാന) രൂപത ബിഷപ്പ് മാർ പ്രിൻസ് പാണേങ്ങാടൻ പിതാവ് സി.സി. ഓഫീസ് സന്ദർശിച്ച് രൂപതയിലെ പാവപ്പെട്ട കുടുംബങ്ങളുടെ ദയനീയ സ്ഥിതി അറിയിച്ചതനുസരിച്ച് അവിടത്തെ കുടുംബങ്ങളെ ദത്തെടുത്ത് സഹായിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.
7. സി.സി. അംഗങ്ങളെയും, എ.സി. ഭാരവാഹികളെയും ഉൾകൊള്ളിച്ചുകൊണ്ട് **2019** മാർച്ച് **30,31** തിയ്യതികളിൽ ധ്യാനം നടത്തുന്നതിന് തീരുമാനിച്ചു.

| | | |
|---|---|---|
| **കെ.എ. ഷിബു** | **കെ.കെ. പോൾസൺ** | **ഫാ. റോയ് മൂക്കൻ** |
| പ്രസിഡണ്ട് | സെക്രട്ടറി | ആദ്ധ്യാത്മികോപദേഷ്ടാവ് |



# KCSL തൃശ്ശൂർ അതിരൂപത

1. **കെ.സി.എസ്.എൽ തൃശൂർ അതിരൂപതാ ശതാബ്ദി ആഘോഷം**
   തൃശൂർ അതിരൂപതാ കെ.സി.എസ്.എൽ. ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്യപ്പെട്ടു. 2019 – 2020 വർഷം ശതാബ്ദി വർഷമായി ആഘോഷിക്കുന്നു. ശതാബ്ദി ഏവരുടേയും മനസ്സിൽ തങ്ങി നിൽക്കുന്ന രീതിയിൽ ആഘോഷിക്കാൻ എല്ലാ യൂണിറ്റുകളും ശ്രദ്ധിക്കണം. ഓരോ യൂണിറ്റുകളും ശതാബ്ദിയുമായി ബന്ധപ്പെട്ട് ഒരു പരിപാടിയെങ്കിലും സംഘടിപ്പിക്കണം, അതിന്റെ വിശദാംശങ്ങൾ അതിരൂപതയെ അറിയിക്കണം. ശതാബ്ദിയുമായി ബന്ധപ്പെട്ട് അതിരൂപത സംഘടിപ്പിക്കേണ്ട പരിപാടികളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ മാർച്ച് 31 ന് മുൻപ് അതിരൂപതാ പ്രസിഡന്റിനെ അറിയിക്കണം. ശതാബ്ദി ആഘോഷ കമ്മറ്റികളിലേക്ക് ഉൾപ്പെടുത്തേണ്ടവരുടെ പേരുവിവരങ്ങളും മാർച്ച് 31ന് മുൻപ് ഓർഗ്ഗനൈസറെ അറിയിക്കണം.
2. **അതിരൂപതാ നേതൃത്വപരിശീലന ക്യാമ്പ്**
   അതിരൂപതാ കെ.സി.എസ്.എൽ. നേതൃത്വപരിശീലന ക്യാമ്പും അടുത്ത വർഷത്തേക്കുള്ള വിദ്യാർത്ഥി ഭാരവാഹികളുടെ തിരഞ്ഞെടുപ്പും മാർച്ച് ആദ്യവാരത്തിൽ. ക്യാമ്പ് ഡേറ്റും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.
3. **സംസ്ഥാന നേതൃത്വപരിശീലനക്യാമ്പ്**
   കെ.സി.എസ്.എൽ. സംസ്ഥാന നേതൃത്വ പരിശീലനക്യാമ്പ് 2019 ഏപ്രിൽ 23 മുതൽ 26വരെ ആലപ്പുഴയിൽ വച്ച്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അതിരൂപതാ നേതൃത്വപരിശീലനക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

# പ്രത്യേക അറിയിപ്പ്

ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം
എം.ജി. റോഡ്, തൃശ്ശൂർ

ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും ലഭിച്ചിട്ടുള്ള കർശന നിർദ്ദേശപ്രകാരം ഊട്ടുതിരുന്നാളോ മറ്റ് ഏതെങ്കിലും നേർച്ച ഭക്ഷണ വിതരണമോ നടത്തുകയോ സദ്യകൾക്കായി ഹാളുകൾ വിട്ടുകൊടുക്കുകയോ ചെയ്യുന്ന എല്ലാപള്ളികളും സ്ഥാപനങ്ങളും നിയമാനുസൃതമായ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. പള്ളികളിലും ഹാളുകളിലും പാകം ചെയ്തു നല്കുന്ന ഭക്ഷണവും മറ്റ് സ്ഥലങ്ങളിൽ പാകം ചെയ്ത് മേല്പറഞ്ഞ സ്ഥലങ്ങളിൽ വിതരണം ചെയ്യുന്ന ഭക്ഷണവും ഭക്ഷ്യസുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഉറപ്പുവരുത്തേണ്ടതിനായി നല്കപ്പെട്ടിട്ടുള്ള **Food, Safety & Standards (FSS) Act 2 006** പ്രകാരം മേല്പറഞ്ഞ രജിസ്ട്രേഷൻ അനിവാര്യമാണ്. അല്ലാത്തപക്ഷം സംഭവിക്കുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ബന്ധപ്പെട്ട സ്ഥാപനാധികാരികൾ ഉത്തരവാദികളാകുന്നതാണ്.

***Contact:***

**Food Safety Asst.Commissioner, Thrissur**
**Smt. Jaysree G. (Ph. 8943346188,**
**Email: acfsthrissur @gmail.com)**

# തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള നവവൈദികർ



**Rev. Fr. Moorkanattukaran Santo CMI** Pudukkad



**Rev. Fr. Nadakkalan Michael CMI** Paravattani



**Rev. Fr. Naduvilpeedika Senjo CMI** Velupadam



**Rev. Fr. Palokkaran Vineesh SDB** Olarikkara



**Rev. Fr. Perinchery Saneesh OSST** Aranattukara



**Rev. Fr. Poovathingal Paul OFM Cap.** Mukkattukara



**Rev. Fr. Poruthur Joby OFM Cap.** Puthur



**Rev. Fr. Poruthoor Shyson CMI** Eranellur



**Rev. Fr. Thalakkottoor Bitto OFM Cap.** Choondal



**Rev. Fr. Theningal Tinson VC** Pattikkad



**Rev. Fr. Vazhappilly Shinto CMI** Thiruvilwamala



**Rev. Fr. Velukkaran Dinu OFM.Cap.** Mundur

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.01.2019
February-2019

തൃശ്ശൂർ അതിരൂപതയിലെ

# നവവൈദികർ

**ആശംസകളോടെ
അതിരൂപത കുടുംബം**



**Rev. Fr. Chirayath Jeen**
*Olarikkara*



**Rev. Fr. Kannanaickal Sajil**
*Ponnore*



**Rev. Fr. Kizhakkekannanchira Frinto**, *Pazhayannur*



**Rev. Fr. Kolambrath Dixon**, *Eravu*



**Rev. Fr. Kuttikkatt Jiso**
*Thalakottukara*



**Rev. Fr. Muringathery Grijo**, *Kiraloor*



**Rev. Fr. Pettayil Noble**
*Pattikkad*



**Rev. Fr. Puthur Leo**
*Perinchery*



**Rev. Fr. Rayappan Anto**, *Kallur West*



**Rev. Fr. Thandassery Canadian**, *Cherpu*



**Rev. Fr. Thanikkal Anuwin**
*Karamuck*

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005